# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നന്ദിയോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.TVM/GP.10/775/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 03/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നന്ദിയോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.TVM/GP.10/775/2022 തീയ്യതി: 03/06/2022

## തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-03-2021 മുതൽ 25-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 48 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 23-03-2022 | 31-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-03-2022 | 31-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേഷ് ബാബു.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ശാലിനി വി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.തനുജ എം.എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.രേഖ സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ശൈലജ രാജീവൻ | പ്രസിഡന്റ് | 01-04-2020 | 31-03-2021 |
| ശ്രീ.എസ്.മനോജ് | സെക്രട്ടറി | 01-04-2020 | 03-02-2021 |
| ശ്രീമതി.സുചിത്ര.ഐ | സെക്രട്ടറി | 04-02-2021 | 11-02-2021 |

| | | | |
|---|---|---|---|
| ശ്രീ.റഫീക്ക്.ആർ | സെക്രട്ടറി | 12-02-2021 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ.ഹുസൈൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 07-08-2020 |
| ശ്രീമതി.സുചിത്ര എൽ മുരളി | അസിസ്റ്റന്റ് സെക്രട്ടറി | 08-08-2020 | 12-02-2021 |
| ശ്രീ.ബി.എസ്.പ്രമോദ് | അസിസ്റ്റന്റ് സെക്രട്ടറി | 13-02-2021 | 22-02-2021 |
| ശ്രീ.നജീം എൻ | അസിസ്റ്റന്റ് സെക്രട്ടറി | 23-02-2021 | 31-03-2021 |
| ശ്രീമതി.റീജ ആർ.എസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.സഞ്ജു പി നായർ | അസി.എഞ്ചിനീയർ | 01-04-2020 | 05-01-2021 |
| ശ്രീ.ഷിബു.ബി | അസി.എഞ്ചിനീയർ | 06-01-2021 | 16-02-2021 |
| ശ്രീമതി.ലേഖ കെ.ആർ | അസി.എഞ്ചിനീയർ | 16-02-2021 | 31-03-2021 |
| ശ്രീമതി.ജയശ്രീ എം.എൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.റാഫി.എ | വി.ഇ.ഒ-I | 01-04-2020 | 31-03-2021 |
| ശ്രീ.രാഹുൽ രാജ് സി.എം | വി.ഇ.ഒ-II | 01-04-2020 | 24-01-2021 |
| ശ്രീമതി.രഞ്ജിത ആർ | വി.ഇ.ഒ-II | 25-01-2021 | 31-03-2021 |
| ഡോ.സ്മിത എസ് പിള്ള | മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി, നന്ദിയോട് | 01-04-2020 | 31-03-2021 |
| ഡോ.സരിത എ.എൽ | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.ശ്രീജിത്ത് എൽ.കെ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2020 | 22-01-2021 |
| ഡോ.ജോർജ് മാത്യൂ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 23-01-2021 | 31-03-2021 |
| ശ്രീമതി.സിംന | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 26-02-2021 |
| ശ്രീ.ശ്രീകുമാർ എ.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 27-02-2021 | 31-03-2021 |
| ശ്രീമതി.സരിത വിജയൻ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.സ്വാമിനാഥൻ.കെ | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: THANUJA M.N. (Senior Grade Auditor, On 09-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-05-2022) | 1-1 |
| 2 | 2020-21 ബജറ്റ് -അപാകങ്ങൾ.<br>Written By: THANUJA M.N. (Senior Grade Auditor, On 09-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-05-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക.<br>Written By: THANUJA M.N. (Senior Grade Auditor, On 10-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-05-2022) | 1-2 |
| 4 | വാർഷിക ധനകാര്യപത്രിക- അപാകതകൾ.<br>Written By: THANUJA M.N. (Senior Grade Auditor, On 10-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-06-2022) | 1-2-1 |
| 5 | ഗ്രാന്റ് വിനിയോഗം.<br>Written By: THANUJA M.N. (Senior Grade Auditor, On 10-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-05-2022) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം -അപാകതകൾ<br>Written By: THANUJA M.N. (Senior Grade Auditor, On 10-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-3-1 |
| 7 | പദ്ധതി അവലോകനം<br>Written By: THANUJA M.N. (Senior Grade Auditor, On 10-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-05-2022) | 1-4 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shalini V K (Senior Grade Auditor, On 02-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-05-2022) | 1-5 |
| 9 | ക്ഷേമ പദ്ധതികൾ.<br>Written By: THANUJA M.N. (Senior Grade Auditor, On 10-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-6 |
| 10 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു. സർക്കാരിന് നഷ്ടം 3,39,640/-രൂപ.<br>Written By: THANUJA M.N. (Senior Grade Auditor, On 10-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-06-2022) | 1-6-1 |
| 11 | സാമൂഹ്യ സുരക്ഷാ പെൻഷൻ, സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല.<br>Written By: THANUJA M.N. (Senior Grade Auditor, On 10-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-6-2 |
| 12 | മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിച്ചിട്ടില്ല.<br>Written By: THANUJA M.N. (Senior Grade Auditor, On 10-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-6-3 |
| 13 | സാമൂഹ്യസുരക്ഷാ പെൻഷനുകൾ -സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി കൈപ്പറ്റിയത് തിരികെ ഈടാക്കണം.<br>Written By: THANUJA M.N. (Senior Grade Auditor, On 10-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-05-2022) | 1-6-4 |
| 14 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Shalini V K (Senior Grade Auditor, On 02-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-7 |
| 15 | ആഭ്യന്തരനിയന്ത്രണം<br>Written By: Suresh Babu B (Senior Grade Auditor, On 14-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-8 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ<br>Written By: Suresh Babu B (Senior Grade Auditor, On 02-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-9 |
| 17 | രസീത് പരിശോധനയിൽ കണ്ട അപാകതകൾ<br>Written By: THANUJA M.N. (Senior Grade Auditor, On 10-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-10 |

| | | |
|---|---|---|
| 18 | തൊഴിൽ നികുതി -അപാകതകൾ<br>Written By: THANUJA M.N. (Senior Grade Auditor, On 10-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-05-2022) | 1-11 |
| 19 | വസ്തു നികുതി - അപാകങ്ങൾ<br>Written By: THANUJA M.N. (Senior Grade Auditor, On 10-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-06-2022) | 1-12 |
| 20 | വാടകയിനത്തിൽ ഭീമമായ തുക ഈടാക്കാനുണ്ട്.<br>Written By: Rekha C S (Senior Grade Auditor, On 09-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-13 |
| 21 | പെർമിറ്റ്, നമ്പറിംഗ് എന്നിവ വ്യത്യസ്ത ഫയലുകളായിട്ടാണ് കൈകാര്യം ചെയ്തിട്ടുള്ളത്.<br>Written By: Rekha C S (Senior Grade Auditor, On 09-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-05-2022) | 1-14 |
| 22 | ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.<br>Written By: Rekha C S (Senior Grade Auditor, On 08-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-15 |
| 23 | ലൈസൻസ് ലഭിച്ച കാറികൾ സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്നില്ല.<br>Written By: Rekha C S (Senior Grade Auditor, On 08-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-16 |
| 24 | ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലല്ല ഈടാക്കിയിട്ടുള്ളത്.<br>Written By: Rekha C S (Senior Grade Auditor, On 08-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-17 |
| 25 | റേഷൻ കടകൾ ലൈസൻസ് എടുത്തിട്ടില്ല.<br>Written By: Rekha C S (Senior Grade Auditor, On 08-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-18 |
| 26 | ലൈസൻസ് ഫീസ് ഈടാക്കിയതിൽ തുകയുടെ കൃത്യത ഉറപ്പാക്കിയിട്ടില്ല.<br>Written By: Rekha C S (Senior Grade Auditor, On 08-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-19 |
| 27 | കുഴൽകിണർ നിർമ്മാണം പൂർത്തീകരിച്ചില്ല - 66,374/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Rekha C S (Senior Grade Auditor, On 09-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-20 |
| 28 | പ്രവ്യത്തി പൂർത്തീകരണ സാക്ഷ്യപത്രം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല - 344684/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Rekha C S (Senior Grade Auditor, On 09-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-21 |
| 29 | സെന്റേജ് ചാർജ് അധികം നല്കി, രേഖകൾ ലഭ്യാക്കിയില്ല - 268000/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Rekha C S (Senior Grade Auditor, On 09-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-05-2022) | 1-22 |
| 30 | ജല ജീവൻ മിഷന് വിഹിതം നൽകൽ - രേഖകൾ ലഭ്യമായില്ല – 473265/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Rekha C S (Senior Grade Auditor, On 09-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-23 |
| 31 | തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപ്പണി നടത്തൽ - അപാകതകൾ.<br>Written By: Rekha C S (Senior Grade Auditor, On 08-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-24 |
| 32 | എൽ.ഇ.ഡി ലൈറ്റ് വാങ്ങൽ - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Rekha C S (Senior Grade Auditor, On 08-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-06-2022) | 1-25 |
| 33 | കിടാരി വളർത്തൽ-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.<br>Written By: Shalini V K (Senior Grade Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-26 |
| 34 | വാറ്റിനത്തിലെ തുക കുറവ് ചെയ്യാതെ ഗുണഭോക്തൃസമിതിയ്ക്ക് തുക പൂർണ്ണമായും നൽകി.<br>Written By: Shalini V K (Senior Grade Auditor, On 02-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-06-2022) | 1-27 |

| | | |
|---|---|---|
| 35 | പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് റോഡ് നിർമ്മാണ പ്രവൃത്തിക്ക് വിനിയോഗിച്ചു.<br>Written By: Shalini V K (Senior Grade Auditor, On 02-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-28 |
| 36 | എസ്.സി കോളനി കുടിവെള്ള പദ്ധതി -അപാകതകൾ.<br>Written By: Shalini V K (Senior Grade Auditor, On 02-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-29 |
| 37 | ആസ്തി പരിപാലനം-സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.<br>Written By: Shalini V K (Senior Grade Auditor, On 02-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-30 |
| 38 | പ്രോജക്ടുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു.<br>Written By: Shalini V K (Senior Grade Auditor, On 02-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-31 |
| 39 | പ്രവൃത്തി പൂർത്തീകരിച്ച ശേഷം പ്രോജക്ട് റിവൈസ് ചെയ്തു.<br>Written By: Shalini V K (Senior Grade Auditor, On 02-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-32 |
| 40 | ടെണ്ടർ രജിസ്റ്റർ പരിപാലനം- പൊതുമരാമത്ത് ചട്ടങ്ങൾ പാലിക്കുന്നില്ല.<br>Written By: Shalini V K (Senior Grade Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-33 |
| 41 | സ്കൂളുകളിൽ തുമ്പൂർമൂഴി സ്ഥാപിക്കൽ -അപാകതകൾ.<br>Written By: Shalini V K (Senior Grade Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-34 |
| 42 | പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല.<br>Written By: Shalini V K (Senior Grade Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-35 |
| 43 | ഗുണമേന്മയുള്ള റോഡ് സർക്കാർ നിർദ്ദേശം പാലിച്ചില്ല.<br>Written By: Shalini V K (Senior Grade Auditor, On 02-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-06-2022) | 1-36 |
| 44 | സ്പിൽ ഓവർ പദ്ധതികൾ തൻവർഷവും നടപ്പിലാക്കിയില്ല.<br>Written By: Shalini V K (Senior Grade Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-05-2022) | 1-37 |
| 45 | റോഡ് കണക്ടിവിറ്റി പ്ലാൻ , മാപ്പ് എന്നിവ പൂർണ്ണമല്ല.<br>Written By: Shalini V K (Senior Grade Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-38 |
| 46 | ടാറിന്റെ വില -ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.<br>Written By: Shalini V K (Senior Grade Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-39 |
| 47 | ഭരണസമിതി തീരുമാനങ്ങളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.<br>Written By: Shalini V K (Senior Grade Auditor, On 03-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-40 |
| 48 | അംഗനവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടേണ്ടതുണ്ട്.<br>Written By: Suresh Babu B (Senior Grade Auditor, On 14-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-06-2022) | 1-41 |
| 49 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-ചെലവഴിച്ച മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമായില്ല. 8250/-രൂപ തടസ്സം ചെയ്യുന്നു.<br>Written By: Suresh Babu B (Senior Grade Auditor, On 14-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-05-2022) | 1-42 |
| 50 | ക്ഷീരസമൃദ്ധി പദ്ധതി -ചെലവ് രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു. 550551/-രൂപ.<br>Written By: Suresh Babu B (Senior Grade Auditor, On 14-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-43 |
| 51 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 14-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-44 |
| 52 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ.<br>Written By: Suresh Babu B (Senior Grade Auditor, On 14-04-2022) | 1-45 |

| | | |
|---|---|---|
| | Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | |
| 53 | പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ(മേശ,കസേര) വാങ്ങി നൽകൽ. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.<br>Written By: Suresh Babu B (Senior Grade Auditor, On 14-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-05-2022) | 1-46 |
| 54 | മെഡിക്കൽ ഓഫീസർമാർ നിർവഹണം നടത്തിയ മരുന്ന് വാങ്ങൽ പദ്ധതികൾ- മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 25-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-47 |
| 55 | അംഗനവാടി പോഷകാഹാരം പദ്ധതികൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ.<br>Written By: Suresh Babu B (Senior Grade Auditor, On 14-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-48 |
| 56 | പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രവർത്തനങ്ങൾ കാര്യക്ഷമമാകേണ്ടതുണ്ട്.<br>Written By: Suresh Babu B (Senior Grade Auditor, On 14-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-49 |
| 57 | രജിസ്റ്ററുകളുടെ പരിപാലനം മെച്ചപ്പെടേണ്ടതുണ്ട്.<br>Written By: Suresh Babu B (Senior Grade Auditor, On 14-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-05-2022) | 1-50 |
| 58 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ (മേശ,കസേര) വാങ്ങി നൽകൽ. പദ്ധതി നിർവഹണത്തിലെ അപാകതകൾ.<br>Written By: Suresh Babu B (Senior Grade Auditor, On 14-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-51 |
| 59 | സ്നേഹസ്പർശം-ഗുണഭോക്താക്കൾക്ക് ആനുകൂല്യം ഉറപ്പാക്കാൻ കഴിയുന്നില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 14-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-52 |
| 60 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി. സ്നേഹസ്പർശം പദ്ധതി-ഗുണഭോക്താക്കളെ സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമല്ല. 635050/-രൂപ തടസ്സം ചെയ്യുന്നു.<br>Written By: Suresh Babu B (Senior Grade Auditor, On 14-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 1-53 |
| 61 | ലൈഫ് ഭവന പദ്ധതി- ജനറൽ/എസ്.സി.പി/ടി.എസ്.പി പൂർണമായ ചെലവ് രേഖകൾ ഹാജരാക്കിയില്ല. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.<br>Written By: THANUJA M.N. (Senior Grade Auditor, On 15-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-05-2022) | 1-54 |
| 62 | അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ-ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു. 1338400/-.<br>Written By: THANUJA M.N. (Senior Grade Auditor, On 15-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-05-2022) | 1-55 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: THANUJA M.N. (Senior Grade Auditor, On 15-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയതുകയുടെ വിവരം<br>Written By: Rekha C S (Senior Grade Auditor, On 16-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: THANUJA M.N. (Senior Grade Auditor, On 15-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: THANUJA M.N. (Senior Grade Auditor, On 15-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 4-4 |

| | | |
|---|---|---|
| 5 | സ്ഥിര നിക്ഷേപം<br>Written By: THANUJA M.N. (Senior Grade Auditor, On 15-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: THANUJA M.N. (Senior Grade Auditor, On 15-04-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Suresh Babu B (Senior Grade Auditor, On 02-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-05-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം.<br>Written By: Suresh Babu B (Senior Grade Auditor, On 02-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-05-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Suresh Babu B (Senior Grade Auditor, On 02-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.<br>Written By: Suresh Babu B (Senior Grade Auditor, On 02-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-05-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

പഞ്ചായത്ത് ഭരണസമിതിയുടെ ജനറൽ കമ്മിറ്റി 23.03.2020ലെ തീരുമാനം 1(1) പ്രകാരം മുന്നിരിപ്പും വരവും ഉൾപ്പെടെ 416851787/-രൂപയും 410097300/- രൂപ ചെലവും 6754487/- രൂപ നീക്കിയിരിപ്പും ഉള്ള ബജറ്റ് അംഗീകരിച്ചു.

ബഡ്ജറ്റ് രൂപീകരണം സംബന്ധിച്ച്.

വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ മിനിട്ടിസ് പരിശോധിച്ചതിൽ ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ യോഗം ചേർന്നതിന്റെ രേഖകൾ ലഭ്യമായില്ല. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. നിയമം അനുശാസിക്കും വിധം സമയ പരിധിയോടെ ബഡ്ജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നതിനും, ബന്ധപ്പെട്ട ഫയൽ കൃത്യതയോടെ തയ്യാറാക്കി സൂക്ഷിക്കുന്നതിനും, മേൽ അപാകതകൾ പരിഹരിക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല :- 02.12.2016-ലെ ജി.ഒ(ആർ.റ്റി) നം. 3291/16 /എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

ബജറ്റുമായി ബന്ധപ്പെട്ട ഫയലിൽ പ്രസ്തുത രേഖകൾ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.19/30.03.22-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ബജറ്റ് അവലോകനം സംബന്ധിച്ച്.

പ്രതിമാസ അവലോകനം.

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം.3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസംതോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ്. [ബജറ്റ് മാന്വൽ ഖണ്ഡിക 4-4].

വാർഷിക അവലോകനം.

02.12.2016-ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. എന്നാൽ ഇത്തരത്തിൽ അവലോകനങ്ങൾ നടത്തിയിട്ടില്ല.

### 1-1-1 2020-21 ബജറ്റ് -അപാകങ്ങൾ.

2020-21 ബജറ്റ്, പുതുക്കിയ ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ.

I)ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും എ.എഫ്.എസ് പ്രകാരമുള്ള യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരമുണ്ട്. വരവിനങ്ങൾ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ബജറ്റിൽ കൂടുതൽ ആയി ഉൾപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | ഹെഡ് ഓഫ് | ഇനം | ബജറ്റ് | എ.എഫ്.എസ് |
|---|---|---|---|---|

| നം | അക്കൗണ്ട് | | പ്രകാരമുള്ള തുക | പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 1101001 | വസ്തു നികുതി | 3700000 | 2193761 |
| 2 | 1102001 | തൊഴിൽ നികുതി | 2500000 | 1883320 |
| 3 | 1301001 | സ്ഥലങ്ങളുടേയും കെട്ടിടങ്ങളുടേയും വാടക | 650000 | 544341 |
| 4 | 1303001 | ഓഡിറ്റോറിയം | 10000 | 0 |

Ii) ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ ചെലവ് ചെയ്തിട്ടില്ല. ഉദാഹരണം.

| ക്രമ നം | ഹെഡ് ഓഫ് അക്കൌണ്ട് | ഇനം | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1. | 2501013 | Agriculture And Related Sectors- Tuber Crops | 200000 | - |
| 2. | 2501032 | Animal Husbandry-Goat | 600000 | - |
| 3. | 2501045 | Dairy Development – Fodder Grass | 250000 | - |

Iii) ബജറ്റ്, 2020-21-ലെ ബജറ്റിനൊപ്പം പാസാക്കിയ 2019-20-ലെ റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് എന്നിവയിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും തുക ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഹെഡ് ഓഫ് അക്കൌണ്ട് | ബജറ്റ് പ്രകാരമുള്ള തുക | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|---|
| 1. | മൃഗസംരക്ഷണം-മുട്ടക്കോഴി, താറാവ് വളർത്തൽ | 2501035 | 200000 | 200000 | 324000/- |
| 2. | ചെറുകിട ജലസേചനം വ്യക്തിഗതം | 2502004 | 0 | 0 | 191753/- |
| 3. | പദ്ധതി രൂപീകരണം, മോണിറ്ററിംങ് | 2516005 | 500000 | 200000 | 301480 |

ഏതൊരു ബജറ്റ് വ്യതിയാനവും ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്. ചെലവിന്റെ കാര്യത്തിൽ പ്രത്യേകിച്ചും. ആവശ്യമായ ബജറ്റ് വകയിരുത്തൽ ഇല്ലാതെ യാതൊരു ചെലവും ചെയ്യാൻ പാടുള്ളതല്ലെന്ന് കേരളാ പഞ്ചായത്ത്‌രാജ്

നിയമത്തിലെ വകുപ്പ് 214(6), 214(8) എന്നിവയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 19/30.03.22-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ലിമെന്ററി ബജറ്റ് പാസ്സാക്കാത്തത് സംബന്ധിച്ച്.

പഞ്ചായത്ത്‌രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും തുക ചെലവഴിച്ചിട്ടുണ്ട്. പാസ്സാക്കിയ ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുന്നെങ്കിൽ അപ്രകാരം ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ലിമെന്ററി ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുകയും ഭരണസമിതി അംഗീകരിക്കുകയും വേണം(214(5)). എന്നാൽ അത്തരത്തിൽ സപ്ലിമെന്ററി ബജറ്റ് പാസ്സാക്കിയിട്ടില്ല. 2021-22-ലെ ബജറ്റിനൊപ്പം 2020-21-ലെ റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് മാത്രമാണ് പാസാക്കിയിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 19/30.03.22-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബജറ്റ് സംബന്ധമായ മേൽ അപാകങ്ങൾക്ക്, സാധൂകരിക്കുന്ന വ്യക്തമായ മറുപടി നൽകേണ്ടതും, തുടർ വർഷങ്ങളിൽ പ്രസ്തുത അപാകങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2021 | 22.7.2021 |

## 1-2-1 വാർഷിക ധനകാര്യപത്രിക- അപാകതകൾ.

1.2011 ലെ കേരള പഞ്ചായത്ത്‌രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൌണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2.കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

3. 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിലെ എ.എഫ്.എസ്-ലെ ബി4 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന ഇനങ്ങളിൽ ഒരേ തുകയാണ് നീക്കിയിരിപ്പായിട്ടുള്ളത്.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | 320200301 | Grants, Funds & Contributions For Specific Purposes-Other Than Development Fund &State Sponsored | 25000 |
| 2 | 320200305 | Grants, Funds & Contributions For Specific Purposes-Other Than Development Fund & State Sponsored | 10000 |
| 3 | 320700104 | Contributions For Joint Venture Projects-for Capital Expenditure From Block Panchayats | 112920 |
| 4 | 320700204 | Contributions For Joint Venture Projects-for Revenue Expenditure From Block Panchayats | 922410 |

| | | | |
|---|---|---|---|
| 5 | 320700405 | Contributions For Joint Venture Projects- For Revenue Expenditure From District Panchayats | 90250 |
| 6 | 320900399 | Other Awards & Honours | 900000 |

പ്രസ്തുത ഫണ്ടുകൾ ഏത് പദ്ധതിയുമായി ബന്ധപ്പെട്ടതാണെന്നും, അവ വർഷങ്ങളായി ചെലവഴിക്കാത്തതിനും ആയത് ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ തിരികെ അടവാക്കാത്തതിനും വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി 11/25.03.22-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

4.2020-21 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ ബി4 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന ഇനങ്ങളിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | 320100119 | Centrally Sponsored Scheme-Western Ghat Development Scheme | 6952 |
| 2 | 320100119 | Centrally Sponsored Scheme-ICDS | 1775507 |
| 3 | 320200322 | Grants From Suchitwa Mission | 2170835 |
| 4 | 320300199 | Grants, Funds &Contributions For Specific Purposes-Other Government Agencies- | 114628 |
| 5 | 320400199 | Grants, Funds &Contributions For Specific Purposes-Other Financial Institutions- | 694070 |

പ്രസ്തുത ഫണ്ടുകൾ ഏത് പദ്ധതിയുമായി ബന്ധപ്പെട്ട് ഏതൊക്കെ വർഷങ്ങളിലായി ലഭിച്ച തുകകളാണെന്നും പ്രസ്തുത തുകകൾ ചെലവഴിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറി 11/25.03.22-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

5. വായ്പയുമായി ബന്ധപ്പെട്ട് വാർഷിക ധനകാര്യപത്രിയിൽ നിന്നും ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

| വായ്പ | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കോ ഓപറേറ്റീവ് ബാങ്ക് | 1772554 | - | 1772554 | 1200000 | 572554 |
| KURDFC | 103673530 | 3520000 | 107193530 | 8185531 | 99007999 |

ലഭ്യമാക്കിയ ലോൺ രജിസ്റ്ററിൽ 2020-21 ലെ KURDFC വായ്പയുടെ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. കോ ഓപറേറ്റീവ് ബാങ്ക് ലോണിന്റെ ലോൺ രജിസ്റ്ററിലെ തുകകളും വാർഷിക ധനകാര്യ പത്രിയിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

6. B 5ഷെഡ്യൂളിലെ നീക്കിയിരിപ്പും (99580553) B16 ഷെഡ്യൂളിലെ നീക്കിയിരിപ്പും (98560553) പൊരുത്തപ്പെടുന്നില്ല. വ്യത്യാസമുള്ള 1020000/-രൂപ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. കുറവുള്ള തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കേണ്ടതാണ്.

7.2019-20 സാമ്പത്തിക വർഷത്തെ B-7, 2020-21 RP-34(വരവ്), RP-34(ചെലവ്), B-7 എന്നീ ഷെഡ്യൂളുകൾ പ്രകാരം വിവിധ ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| Contractors EMD | 187484 | 111985 | 66880 | 232589 |
| Suppliers EMD | 114016 | 94628 | 23618 | 185026 |
| Bidders EMD | 52884 | 108963 | 19907 | 140090* |
| Contractors Security Deposit | 224243 | 11045 | 0 | 235288 |

| | | | | |
|---|---|---|---|---|
| Suppliers Security Deposit | 86788 | 0 | 30233 | 56555 |
| Bidders Security Deposit | 400 | 0 | 0 | 400 |
| Contractors Retention | 19751 | 55133 | 0 | 74884 |
| Other Deposit | 295390 | 0 | 283686 | 11704 |
| Rent Deposit | 22850 | 0 | 0 | 22850 |
| Auction Deposit | 53350 | 20100 | 6600 | 66850 |
| Deposit Received For Halls & Auditoriums | 350 | 1000 | 0 | 1350 |
| Other Deposits Revenue | 30000 | 0 | 0 | 30000 |
| Election Deposit | 0 | 85000 | 30500 | 54500 |

* Bidders EMD-യുടെ AFS പ്രകാരമുള്ള വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ലഭ്യമായ ഡെപ്പോസിറ്റ് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ആയതിനാൽ മേൽ ഡെപ്പോസിറ്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞില്ല.

Bidders Security Deposit, Other Deposits Revenue, Rent Deposit ഇനങ്ങളിൽ നീക്കിയിരിപ്പുള്ള തുക 2019-20 മുതൽ നീക്കിയിരിപ്പുള്ള തുകയാണ്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം-I ആർട്ടിക്കിൾ 282(1) പ്രകാരം ജില്ലാ പഞ്ചായത്ത് സ്വീകരിക്കുന്ന സപ്ലയേഴ്സ് ഇ.എം.ഡി, സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോൺട്രാക്ടേഴ്സ് റിടെൻഷൻ മണി, വാടക ഡെപ്പോസിറ്റ്, ലേല ഡെപ്പോസിറ്റ്, കരാറുകാരിൽ നിന്നും ലഭിക്കുന്ന ഡെപ്പോസിറ്റ് എന്നിവ മൂന്ന് വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ച് വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

8.B 9 ഷെഡ്യൂളിലെ ചുവടെ ചേർക്കുന്ന തുകകൾ നീക്കിയിരിപ്പുണ്ട്.

| | |
|---|---|
| Flood Cess | 8067 |
| Liability For Programme/Schema Expenditure | 15120 |
| Other Liabilities | 53175 |

Liability For Programme/Schema Expenditure, Other Liabilities-ൽ നീക്കിയിരിപ്പായുള്ള തുക 2019-20 ലെ നീക്കിയിരിപ്പ് തന്നെയാണ്.

9.ബി 9 ഷഡ്യൂളിലെ Liability In Respect Of Stale Cheque ഇനത്തിലെ 5201/-രൂപ നീക്കിയിരിപ്പുണ്ട്. ആയത് വരുമാന ശീർഷകത്തിൽ മാറ്റുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

10. ഗ്രാമപഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് 20-21 വർഷത്തെ ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2021 മാർച്ച് മാസത്തെ ടെലഫോൺ ചാർജ്ജ്, വാഹന ഇന്ധനച്ചെലവ്, വൈദ്യുതി എന്നിവയ്ക്ക് 2021 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ചെലവുണ്ട്.

11. B 11 ഷെഡ്യൂളിലെ അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ അതുമായി ബന്ധപ്പെട്ട ആസ്തിയെ അധികരിച്ചിരിക്കുന്നു.

| ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | B11 പ്രകാരം നീക്കിയിരിപ്പ് | Accumulated Depreciation തുക |
|---|---|---|---|
| 410800101 | Other Fixed Assets | 36995 | (1631494) |

12.2019-20,20-21 B11 ഷെഡ്യൂളിലെ Movable Assets Vehicles-ന്റെ നീക്കിയിരിപ്പായി ഒരേ തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ ഇനത്തിൽ Depreciation പ്രതിഫലിച്ചിട്ടില്ല.

13. അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം Capital Work In Progress 6374377/- രൂപയാണ്. എന്നാൽ എ.എഫ്.എസ് B11(a) പ്രകാരം ആയത് 4042791/- രൂപയാണ് നീക്കിയിരിപ്പുള്ളത്.

14.സാമ്പത്തിക വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories)-ൽ ഉൾപ്പെടുത്തിയിട്ടില്ല.

15. I-18 Schedule പ്രകാരം Non-residential Building ഇനത്തിൽ 258680/- രൂപയും ഡിമാന്റിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഡിമാന്റിൽ നിന്ന് ഒഴിവാക്കിയതിന് നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

16.വാർഷിക ധനകാര്യ പത്രിക B18 ഷെഡ്യൂളിലെ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനായി ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ല. അഡ്വാൻസ് തുകകളുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞില്ല.

| ക്രമ | ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| നം | | (2019-20 B18) | | | (2020-21 B18) |
|---|---|---|---|---|---|
| 1 | Temporary Advance For Official Purposes | 2287250 | 0 | 1589290 | 2530394** |
| 2 | Advance To Implementing Officers - Deposit With KWA | 598000 | 0 | 268000 | 866000 |
| 3 | Advance To Implementing Officers - Deposit With KSEB | 255071 | 0 | 27932 | 283003 |
| 4 | Festival Advances | 6000 | 0 | 110000 | 3000**T |
| 5 | Advance To Implementing Officers | 0 | 745004 | 0 | 0**T |

**Temporary Advance For Official Purposes, Advance To Implementing Officers, Festival Advances എന്നീ ഇനങ്ങളിലെ വാർഷിക ധനകാര്യപത്രികയിലെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2019-20 വാർഷിക ധനകാര്യപത്രികയിലെ B18-ൽ ഉൾപ്പെട്ട നീക്കിയിരിപ്പായ മുൻകൂറുകൾ ഏതൊക്കെ പ്രവൃത്തികൾക്കാണോ നൽകിയിട്ടുള്ളത് പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തത് സംബന്ധിച്ചും പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല എങ്കിൽ അവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

17. താഴെ ചേർത്തിരിക്കുന്ന പദ്ധതിയ്ക്കായി KWA, ഗ്രൗണ്ട് വാട്ടർ ഡിപാർട്ട്മെന്റ്, KSEB എന്നിവയ്ക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ ആയത് B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

| പ്രോജക്ട് നം | പേര് | അടങ്കൽ തുക | ചെലവ് തുക | |
|---|---|---|---|---|
| 139/21 | ഓട്ടപാലം മുതൽ പച്ച വരെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 268000 | 268000 | KWA |
| 243/21 | ജലജീവൻ മിഷൻ പദ്ധതി പഞ്ചായത്ത് വിഹിതം നൽകൽ | 1398945 | 473265 | KWA |
| 247/21 | പേരയം ആയുർവേദ ഡിസ്പെൻസറിയിലെ കുഴൽകിണർ നിർമ്മാണം | 100000 | 66374 | ഗ്രൗണ്ട് വാട്ടർ ഡിപാർട്ട്മെന്റ് |
| 140/21 | ഇളവെട്ടം എൽ പി സ്കൂളിൽ കുഴൽ കിണർ നിർമ്മാണം | 160277 | 106714 | ഗ്രൗണ്ട് വാട്ടർ ഡിപാർട്ട്മെന്റ് |
| 153/21 | പൗവ്വത്തൂർ 48 നം. അംഗൻവാടി കുഴൽകിണർനിർമ്മാണം | 100000 | 63794 | ഗ്രൗണ്ട് വാട്ടർ ഡിപാർട്ട്മെന്റ് |

18. B 11, I 17(a) എന്നീ ഷെഡ്യൂളുകളുടെ പരിശോധനയ്ക്കായി ഡിപ്രിസിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല.

19.വാർഷിക ധനകാര്യപത്രികയിലെ Income &Expenditure ഷെഡ്യൂൾ പ്രകാരം വരവ് തുക 287077698/- രൂപയും, ചെലവ് തുക 288291800/- രൂപയുമാണ്. വരവിനേക്കാൾ ചെലവ് കൂടിയിരിക്കുന്നു.

20.വാർഷിക ധനകാര്യപത്രിക പ്രകാരം മെയിന്റനൻസ് ഫണ്ട് റോഡ് ഉപയോഗിച്ച് 710256/-രൂപയും, മെയിന്റനൻസ് ഫണ്ട് നോൺറോഡ് ഉപയോഗിച്ച് 563607/- രൂപയും ആസ്തി രൂപീകരണത്തിനായി ചെലവഴിച്ചതായി കാണുന്നു. പ്രസ്തുത ഫണ്ടുകൾ ഏതൊക്കെ പ്രവൃത്തികൾക്കായി ഉപയോഗിച്ചുവെന്ന വിവരം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | RP7 | I 6 | വ്യത്യാസം |
|---|---|---|---|
| മെയിന്റനൻസ് ഫണ്ട് റോഡ് | 8021022 | 7310766 | 710256 |
| മെയിന്റനൻസ് ഫണ്ട് നോൺറോഡ് | 5413110 | 4849503 | 563607 |

21. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള താഴെപ്പറയുന്ന ചെലവ് തുകകൾ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | AFS പ്രകാരമുള്ള ചെലവ് തുക | എ.സി.ആർ പ്രകാരമുള്ള തുക |
|---|---|---|
| ജനറൽ പർപ്പസ് ഫണ്ട് | 13834320 | 7396565 |

22. 2019-20 സാമ്പത്തിക വർഷത്തെ B4 ഷെഡ്യൂളിലെ Beneficiary Contribuion ഇനത്തിൽ 52846/-രൂപ നീക്കിയിരിപ്പുണ്ട്. 2020-21-ൽ കൃഷി ഓഫീസറുടെ പദ്ധതികൾക്കായി 110200/-രൂപ Beneficiary Contribuion ഇനത്തിൽ വരവ് ഉണ്ട്. ആയത് പൂർണ്ണമായും ചെലവ് ചെയ്തിട്ടുമുണ്ട്. 2020-21-ൽ ഏത് പദ്ധതിയുമായി ബന്ധപ്പെട്ടാണ് 2019-20-ലെ Beneficiary Contribuion-ലെ നീക്കിയിരിപ്പ് തുക ചെലവ് ചെയ്തത് എന്ന് വ്യക്തമാക്കേണ്ടതാണ്.

23. 2018-19 സാമ്പത്തിക വർഷത്തെ AFS പ്രകാരം സംയുക്ത പ്രോജക്റ്റുകൾ ലഭിച്ച തുക നീക്കിയിരിപ്പായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | 18-19 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 19-20 RP – 7, പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 19-20 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 90250 | 19007346 | 19097596 | 19007346 | 90250 | 90250 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1035330 | 3277675 | 4313005 | 3277675 | 1035330 | 1035330 |
| | | | | ആകെ | 1125580 | 1125580 |

B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ടിൽ നീക്കിയിരിപ്പായ തുക 1125580/- രൂപയാണ്. എന്നാൽ ട്രഷറി ടി.എസ്.ബി ജോയിന്റ് വെൻഞ്ചർ അക്കൗണ്ടിൽ നീക്കിയിരിപ്പായ തുക 1000000/- രൂപയാണ്. B4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ട്രഷറി ടി.എസ്.ബി ജോയിന്റ് വെൻഞ്ചർ അക്കൗണ്ടിലെ നീക്കിയിരിപ്പും വ്യത്യാസം വന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

24.ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക, ലൈസൻസ് ഫീ, തൊഴിൽ നികുതി, പാരാമെഡിക്കൽ രജിസ്ട്രേഷൻ, ട്യൂട്ടോറിയൽ രജിസ്ട്രേഷൻ എന്നിവയുടെ ഡി.സി.ബി പത്രിക തയ്യാറാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി ലഭ്യമാക്കിയിട്ടില്ല. എ.എഫ്.എസ് പ്രകാരമുള്ള പ്രസ്തുത വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസുകളുടെ ആധികാരികത ആയതിനാൽ ഉറപ്പാക്കാനായിട്ടില്ല.

25.വസ്തു നികുതി സഞ്ചയപ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളും എ.എഫ്.എസ് പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| സഞ്ചയ പ്രകാരം | 5415711 | 2909235 | 2475284 |
| എ.എഫ്.എസ് പ്രകാരം | 3487263 | 2880338 | 2368477 |

26.എം.എൻ.ആർ.ഇ.ജി.എസിന്റെ ക്യാഷ് ബുക്ക് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ.

| | ക്യാഷ് ബുക്ക് പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 595960 | 572400 |

| | | |
|---|---|---|
| വരവ് | 2160504 | 2160504 |
| ചെലവ് | 2665316 | 1825422 |
| നീക്കിയിരിപ്പ് | 911482 | 911482 |

വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള മുന്നിരിപ്പ്, ചെലവ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല..

27.2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 5(3) (4)പ്രകാരം ക്യാഷ്ബുക്ക് ദിനംപ്രതി ക്ളോസ് ചെയ്യേണ്ടതും, ഓരോ ദിനാന്ത്യത്തിലും സെക്രട്ടറി ക്യാഷ്ബുക്കിലെ രേഖപ്പെടുത്തലുകളും, നീക്കിയിരിപ്പും പരിശോധിക്കേണ്ടതും അത്തരം പരിശോധനയുടെ സൂചകമായി ക്യാഷ്ബുക്കിൽ ഒപ്പുവെയ്ക്കേണ്ടതുമാണ്. ക്യാഷ്യറുടെ കൈവശമുള്ള ക്യാഷ് ബാലൻസും, ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയ ബാലൻസും ഓരോ ദിനാന്ത്യത്തിലും പരിശോധിച്ച് സെക്രട്ടറിയോ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ക്യാഷ്ബുക്കിൽ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതാണ്. പരിശോധനയ്ക്കായി ലഭ്യമാക്കിയ ക്യാഷ്ബുക്കിൽ സാക്ഷ്യപ്പെടുത്തലുകൾ ഇല്ല.

28. സ്ഥാപനത്തിന്റെ ക്യാഷ് ബുക്കിൽ പ്രകാരം 19.05.20 മുതൽ 17.06.20 വരെയും, 23.06.20 മുതൽ 22.07.20 വരെയും, 12.08.20 മുതൽ 27.01.21 വരെയും, 30.01.21 മുതൽ 01.02.21 വരെയുള്ള തീയതികളിൽ തീയതികളിൽ നെഗറ്റീവ് ബാലൻസാണ് കാണിക്കുന്നത്.

29. ബാങ്ക് ഓഫ് ബറോഡ (450210102) നന്ദിയോട് സർവ്വീസ് സഹകരണ ബാങ്ക് (450230101) എന്നീ അക്കൗണ്ടുകളുടെ ബാങ്ക് ബുക്ക്, ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ മാത്രമാണ് പരിശോധനയ്ക്കായി ലഭ്യമാക്കിയത്. ആയതിനാൽ RP 40 (B), B17 ഷെഡ്യൂളുകളിലെ നീക്കിയിരിപ്പുകളുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

30.നന്ദിയോട് സർവ്വീസ് സഹകരണ ബാങ്കിന്റെ ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയിൽ നൽകി മൂന്ന മാസത്തിൽ കൂടുതലായിട്ടും (01.8.2019 മുതൽ 23.03.21 വരെയുള്ളത്) പണമാക്കാത്ത 1,20,946/-രൂപയുടെ ചെക്കുകളുണ്ട്. നൽകി മൂന്ന മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിൽ മാറ്റുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല,

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 11/25.03.22-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-3 ഗ്രാന്റ് വിനിയോഗം.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 12866355 | 12866355 | 21336705*a | -8470350 |
| വികസനഫണ്ട്(എസ്.സി.പി) | 0 | 6760752 | 6760752 | 6656899*b | 103853 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 4693862 | 4693862 | 4510104*c | 183758 |
| CFC(tied) | 0 | 8210000 | 8210000 | 1596395 | 6613605 |

| | | | | | |
|---|---|---|---|---|---|
| CFC(untied) | 0 | 13016563 | 13016563 | 9702886 | 3313677 |
| Maintenance Fund(nonroad) | 0 | 5814587 | 5814587 | 5413110 | 401477 |
| Maintenance Fund(road) | 0 | 9646000 | 9646000 | 8021022 | 1624978 |
| CSS*d | 0 | 0 | 0 | 2843844 | -2843844 |
| SSS | 0 | 0 | 0 | 0 | 0 |

*A ACR പ്രകാരമുള്ള ചെലവ് 12803685/- രൂപയാണ്.

*B ACR പ്രകാരമുള്ള ചെലവ് 6027526/- രൂപയാണ്.

*C ACR പ്രകാരമുള്ള ചെലവ് 4172966/- രൂപയാണ്.
വികസനഫണ്ട് -Ve നീക്കിയിരിപ്പ്/ലാപ്സ് ആയതിന്റെ കാരണം/വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

*D കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

## 1-3-1 ഗ്രാന്റ് വിനിയോഗം -അപാകതകൾ

1.സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.3 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് 30% എങ്കിലും ഉത്പാദന മേഖലയ്ക്ക് വകയിരുത്തണം. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വകയിരുത്തേണ്ട കുറഞ്ഞതുക 4501200/-രൂപയാണ്. എന്നാൽ ഉത്പാദന മേഖലയ്ക്ക് ബജറ്റ് അലോക്കേഷൻ പ്രകാരമുള്ള തുകയിൽ കൂടുതൽ തുക (5481396) വകയിരുത്തിയിരുന്നുവെങ്കിലും ആകെ ചെലവഴിച്ചിരിക്കുന്നത് 3964194/-രൂപ മാത്രമാണ്. വകയിരുത്തലിന്റെ ചെലവ് ശതമാനം 72% മാത്രമാണ്.

2. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.11 പ്രകാരം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ് എന്നിവരുടെ വികസനത്തിന് ഗ്രാമപഞ്ചായത്തുകൾ പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5% വകയിരുത്തണം. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 പ്രകാരം ഈ വിഭാഗത്തിൽ വകയിരുത്തേണ്ട കുറഞ്ഞ തുക 1330200/- ആണ്. എന്നാൽ 270508/- രൂപ മാത്രമാണ് വകയിരുത്തിയത്. ആയതിൽ നിന്നും 134568/-രൂപ മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. വകയിരുത്തലിന്റെ 50% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്.

3. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.8 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പട്ടികജാതി ഉപപദ്ധതി വിഹിതത്തിന്റ മൂപ്പത് ശതമാനത്തിൽ അധികം തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്തുവാൻ പാടില്ലായെന്നിരിക്കെ അധികം തുക പശ്ചാത്തലമേഖലയ്ക്ക് വകയിരുത്തിയിട്ടുണ്ട്. പദ്ധതി വിഹിതത്തിന്റെ മൂപ്പത് ശതമാനമായ 1970700/-രൂപ വരെ പരമാവധി വകയിരുത്തുവാൻ കഴിയുമായിരുന്നുള്ളുവെന്നിരിക്കെ 2363721/-രൂപ ഈയിനത്തിൽ വകയിരുത്തി. 17665252/-രൂപ മാത്രമാണ് വിനിയോഗിച്ചത്. വകയിരുത്തലിന്റെ 75% മാണ് വിനിയോഗിച്ചിട്ടുള്ളത്.

4. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.2.1 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ വകയിരുത്തലിനായി നിർദ്ദേശിച്ചിരിക്കുന്നതാണ് അഗതിരഹിത കേരളം (ആശ്രയ) പദ്ധതി. സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പരിശോധിച്ചതിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷ്യകിറ്റ് വിതരണം (145/21) പ്രോജക്ടിനായി 200000/-രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ഈ വിഭാഗത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. അനിവാര്യ വകയിരുത്തലിനായി പ്രോജക്ട് വെച്ചിട്ടുണ്ടെങ്കിലും അത് നടപ്പിലാക്കിയിട്ടില്ല.

5.വിവിധ പദ്ധതികൾക്കായി വിവിധ നിർവഹണോദ്യോഗസ്ഥർ വകയിരുത്തിയ എസ്.സി.പി, ടി.എസ്.പി ഫണ്ടുകൾ തൻവർഷം ചെലവഴിച്ചിട്ടില്ല. വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നം | പദ്ധതിയുടെ പേര് | അടങ്കൽ/ഫണ്ട് | പദ്ധതി ഏറ്റെടുത്ത നിർവഹണോദ്യോഗസ്ഥൻ. |
|---|---|---|---|
| 191/21 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം | 450000/- എസ്.സി.പി. | ഹെഡ് മാസ്റ്റർ. |
| 192/21 | പട്ടികവർഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം | 325000/- ടി.എസ്.പി. | ഹെഡ് മാസ്റ്റർ. |

| | | | |
|---|---|---|---|
| 183/21 | കടുവാചിറ പ്രമല റോഡ് കോൺക്രീറ്റിംഗ്. | 165734/- ടി.എസ്.പി. | അസി.എഞ്ചിനീയർ |
| 254/21 | റേഡിയോ പാർക്ക് എസ്.സി.കോളനി റോഡ് കോൺക്രീറ്റിംഗ്. | 195149/- എസ്.സി.പി. | അസി.എഞ്ചിനീയർ |
| 242/21 | പാഥേയം പദ്ധതി | 220480/- എസ്.സി.പി. | അസി.സെക്രട്ടറി |

സർക്കാർ ഉത്തരവ് (കൈ)നം11/2018.ത.സ്വ.ഭ.വ, തീയതി.29.01.2018 ഖണ്ഡിക 6.1.1 പ്രകാരം പട്ടികജാതി ഉപപദ്ധതി വിഹിതവും ഖണ്ഡിക 6.2.1 പ്രകാരം പട്ടികവർഗ ഉപപദ്ധതി വിഹിതവും ഫണ്ടുകൾ പാഴാക്കാൻ പാടില്ല. എന്നാൽ ഈ നിർദ്ദേശം ഇവിടെ പാലിച്ചിട്ടില്ല.

പഞ്ചായത്തിന്റെ നിരവധി വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ കഴിയുമായിരുന്ന തുക ഇപ്രകാരം ചെലവഴിക്കാതെ പാഴാക്കിയത് ന്യായീകരിക്കത്തക്കതല്ല. പാർശ്വവത്ക്കരിക്കപ്പെട്ടവരേയും പ്രത്യേക പരിഗണന അർഹിക്കുന്നവരേയും പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതു മുൻഗണനകളാണ്. ജനങ്ങളുടെ സാമ്പത്തിക വികസനത്തിനും സാമൂഹികനീതി ഉറപ്പു വരുത്തുന്നതിനും ആവശ്യമായ വികസന പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണഘടനാ ചുമതലയാണ്. ഇത്തരത്തിലുള്ള പദ്ധതികൾക്കായി തുക വകയിരുത്താതിരിക്കുന്നതും തുക വകയിരുത്തിയ ശേഷം ചെലവഴിക്കാതെ ഇരിക്കുന്നതും ഒരുപോലെ കുറ്റകരമാണ്. പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം ഗ്രാന്റുകൾ വകയിരുത്തുന്നതിനും വകയിരുത്തുന്ന ഗ്രാന്റുകൾ ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്നുറപ്പു വരുത്തുന്നതിനും, ഗ്രാന്റുകൾ പാഴാകാതിരിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

1)ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

2020-21 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി ആസൂത്രണ സമിതി പുനഃസംഘടിപ്പിച്ചിട്ടുണ്ടെങ്കിലും മേൽ പ്രവർത്തനങ്ങൾ നടന്നത് സംബന്ധിച്ച് മിനിട്സിൽ രേഖപ്പെടുത്തലുകൾ ഇല്ല.

2)വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ 05.12.19- ലാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നതായി കാണുന്നത്.

പ്രസ്തുത മീറ്റിംഗുകളിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. ഖണ്ഡിക3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്ക്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തരത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും വർക്കിംഗ് ഗ്രൂപ്പുകൾ പാലിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന ചുവടെ ചേർക്കുന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം (സ്വീകരിച്ച നടപടി - ഓഡിറ്റ് എൻക്വയറി നമ്പർ41 / 31.03.22-ന്റെ മറുപടി) |
|---|---|---|---|
| 1 | ദാരിദ്ര്യ ലഘൂകരണം | 05.12.19 | പാഥേയം പദ്ധതിയിൽ അർഹരായവരെ സർവ്വേ നടത്തി കണ്ടെത്തി പുതിയതായി ലിസ്റ്റിൽ ഉൾപ്പെടുത്തുക. (പാഥേയം പദ്ധതി നടപ്പിലാക്കി). |
| 2 | പട്ടികവർഗ വികസനം | 05.12.19 | ജില്ലാപഞ്ചായത്തിന്റെ മെറിറ്റോറിയസ് സ്കോളർഷിപ്പ് നടത്തണം (ലിസ്റ്റ് തയ്യാറാക്കി ജില്ലാ പഞ്ചായത്തിന് കൈമാറി ) |
| 3 | സാമൂഹ്യനീതി | 05.12.19 | പഞ്ചായത്ത് അടിസ്ഥാനത്തിൽ ബാലസഭകളും, ബാലപഞ്ചായത്തുകളും നടപ്പിലാക്കുക (കോവിഡ് കാരണം 2020-21 ൽ നടപ്പിലാക്കാൻ കഴിഞ്ഞില്ല) |
| 4 | ആരോഗ്യം | 05.12.19 | ലഹരിമുക്ത ക്ലാസ്സുകൾ സ്കൂളുകളിൽ നടത്തുക (കോവിഡ് കാരണം 2020-21 ൽ നടപ്പിലാക്കാൻ കഴിഞ്ഞില്ല). |
| 5 | ജൈവവൈവിധ്യം, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം | 05.12.19 | ജിയോളജി വകുപ്പിന്റെ അനുമതിയില്ലാതെയുള്ള മണ്ണ് നീക്കം ചെയ്യലിനെതിരെ നടപടി സ്വീകരിക്കുക (നിയമ നടപടി സ്വീകരിക്കുന്നതാണ്) |

ശുചിത്വം, കുടിവെള്ളം വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുണ്ടെങ്കിലും നിർദ്ദേശങ്ങളൊന്നും ഉണ്ടായിട്ടില്ല.

3)സ്റ്റാറ്റസ് റിപ്പോർട്ട്

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | പരിഹാര നടപടികൾ (ഓഡിറ്റ് എൻക്വയറി നമ്പർ 41/ 31.03.22-ന്റെ മറുപടി) |
|---|---|---|---|---|
| 1 | മൃഗസംരക്ഷണവും , ക്ഷീരവികസനവും | അതീവ ഗുരുതരം | പശുക്കളുടെ എണ്ണക്കുറവ് | പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവ് ചെയ്തിട്ടുണ്ട്. |
| 2 | പട്ടികവർഗ്ഗ വികസനം | ഗുരുതരം | മദ്യപാനം | കോവിഡ് കാരണം 2020-21 ൽ പൊതുപരിപാടികൾ നടപ്പിലാക്കാൻ കഴിഞ്ഞില്ല. |
| | | ഗുരുതരം | ബോധവൽക്കരണം | കോവിഡ് കാരണം 2020-21 ൽ പൊതുപരിപാടികൾ നടപ്പിലാക്കാൻ കഴിഞ്ഞില്ല |
| 3 | സാമൂഹ്യനീതി | ഗുരുതരം | പോഷണക്കുറവ് | അംഗൻവാടികൾ വഴി |

| | | | | |
|---|---|---|---|---|
| | | | | പോഷകാഹാര വിതരണപദ്ധതി നടപ്പിലാക്കി വരുന്നു. |
| | | അതീവ ഗുരുതരം | ലഹരിവസ്തുക്കളുടെ ഉപയോഗം, ആത്മഹത്യാപ്രവണത | - |
| 4 | ദാരിദ്ര്യ ലഘൂകരണം | അതീവ ഗുരുതരം | സമാനതൊഴിൽ മേഖലയിലില്ലാത്തവർ ഗ്രൂപ്പ് രൂപീകരണം | കോവിഡ് കാരണം ഗ്രൂപ്പ് രൂപീകരണം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. |
| 5 | പട്ടികജാതി വികസനം | ഗുരുതരം | കുടിവെള്ള | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| | | ഗുരുതരം | ശുചിത്വം | - |
| | | ഗുരുതരം | വിദ്യാഭ്യാസ പിന്നോക്കാവസ്ഥ | - |

4) സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ അടങ്കൽതുക 162645527/-രൂപയും ചെലവ് 89595064/-രൂപയുമാണ്. അതായത് ആകെ പദ്ധതിച്ചെലവിന്റെ 55% മാത്രമാണ് ചെലവ് വന്നിട്ടുള്ളത്.

മേഖല അടിസ്ഥാനത്തിലുള്ള ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| പൊതു വിഭാഗം | ഉല്പാദനം | 5481396 | 3964194 | 72% |
| | സേവനം | 22329212 | 17372511 | 78% |
| | പശ്ചാത്തലം | 192030 | 0 | 0 |
| പട്ടിക ജാതി വിഭാഗം | ഉല്പാദനം | 0 | 0 | 0 |
| | സേവനം | 6338713 | 4890647 | 77% |
| | പശ്ചാത്തലം | 2363721 | 1766252 | 75% |
| പട്ടികവർഗ്ഗ വിഭാഗം | ഉല്പാദനം | 708000 | 699753 | 99% |
| | സേവനം | 4460781 | 2641667 | 59% |
| | പശ്ചാത്തലം | 1359357 | 1168684 | 86% |

പദ്ധതി ഫണ്ടുകൾ ലാപ്സാകാതെ പൂർണമായും, ഫലപ്രദമായും നടപ്പാക്കുന്നതിന് വേണ്ടി ഭരണസമിതി പ്രത്യേകം ശ്രദ്ധയൂന്നേണ്ടതാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 572400 | 2164504 | 2736904 | 453045* | 911482 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 108825377 | 108825377 | 108825377 | 0 |
| ആകെ | 572400 | 110989881 | 111562281 | 110650799 | 911482 |

. RP-16 പ്രകാരമുള്ള ചെലവു തുകയാണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അത് യഥാർത്ഥ ചെലവു തുകയുമായി പൊരുത്തപ്പെടുന്നില്ല. അവ പൊരുത്തപ്പെടുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

തൊഴിലുറപ്പ് പദ്ധതി-അപാകതകൾ

1. എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2019-20 7.12.5 പ്രകാരം ഒരു പ്രവൃത്തിയുടെ ഓരോ മസ്റ്റർ കാലയളവിനും, മസ്റ്റർറോൾ ക്ലോസ് ചെയ്ത് 3 ദിവസത്തിനകം അളവെടുത്ത് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള ഭൂരിഭാഗം പ്രവൃത്തികളുടെയും എം ബുക്കുകളിൽ ഇപ്രകാരം അളവ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മസ്റ്റർറോൾ ക്ലോസ് ചെയ്യുന്ന മുറയ്ക്ക് അളവുകൾ മെഷർ ചെയ്തതു സംബന്ധിച്ച മറ്റു രേഖകളും സൂക്ഷിച്ചിട്ടില്ല. പ്രവൃത്തിയുടെ ആകെ അളവ് രേഖപ്പെടുത്തി ഫൈനൽ ബിൽ തയ്യാറാക്കുന്നതു മാത്രമാണ് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. M-ബുക്കിൽ പ്രവൃത്തി നടത്തിയ തീയതി രേഖപ്പെടുത്തിയിട്ടില്ലെന്ന് മാത്രമല്ല Detailed Estimate പ്രകാരമുള്ള Itemwise Description-ന് അനുസൃതമായി അളവ് രേഖപ്പെടുത്തിയിട്ടുമില്ല. M-ബുക്കിൽ ഫൈനൽ ബിൽ മാത്രമാണ് തയ്യാറാക്കിയിട്ടുള്ളത്. M-ബുക്കിൽ ഫൈനൽ ബിൽ തയ്യാറാക്കി സെക്രട്ടറിയ്ക്ക് സമർപ്പിച്ചിട്ടില്ല.

2. MNREGA ആക്ട് 2005 സെക്ഷൻ 17 പ്രകാരം MNREGA സ്കീം പ്രകാരം ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും ഗ്രാമസഭ നടത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2020-21 ൽ നടപ്പിലാക്കിയ പദ്ധതികൾ ഗ്രാമസഭ മോണിറ്റർ ചെയ്തതിന്റെയും സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2020-21 ഖ4.5 പ്രകാരം തൊഴിലാളികളുടെ രജിസ്ട്രേഷൻ കൃത്യമായും ആവശ്യാനുസരണവും നിർവ്വഹിക്കുന്നതിനും അവകാശങ്ങൾ ഫലപ്രദമയി അറിയിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും എല്ലാ മാസത്തിലും ഒരു ദിവസം ഗ്രാമപഞ്ചായത്ത് റോസ്ഗാർ ദിനം സംഘടിപ്പിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2020-21 ഖ4.5.1 പ്രകാരം റോസ്ഗാർ ദിനം സംഘടിപ്പിച്ചതിന്റെ മിനിട്ട്സ് സോഷ്യൽ ഓഡിറ്റിനും പൊതുജനങ്ങൾക്കും പരിശോധനയ്ക്കായി ലഭ്യമാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4.എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2020-21 ഖ7.12.5 പ്രകാരം വർക്ക് ഫയലിനോടൊപ്പം അവശ്യം സൂക്ഷിക്കേണ്ട രേഖകൾ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ പരാമർശിക്കുന്ന രേഖകളിൽ താഴെ പറയുന്നവ ഫയലിനോടൊപ്പം ലഭ്യമായിട്ടില്ല.

A. ഭൂരിഭാഗം പ്രവൃത്തികളുടെ ഫയലിലും സൈറ്റ് ഡയറി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സൈറ്റ് ഡയറി തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ളവയിൽ അവ പൂർണ്ണവുമല്ല.

B. ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ്സ് ഫയലിൽ ലഭ്യമല്ല.

C. ടെക്നിക്കൽ എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവയുടെ കോപ്പി ഫയലിൽ ലഭ്യമല്ല. കൂടാതെ ആകെ എസ്റ്റിമേറ്റ്, ലേബർ എസ്റ്റിമേറ്റ്, മെറ്റീരിയൽ എസ്റ്റിമേറ്റ് എന്നിവ ഉൾപ്പെട്ട കോസ്റ്റ് എസ്റ്റിമേറ്റിന്റെ അബ്സ്ട്രാക്റ്റ്, പ്രോജക്ട് റിപ്പോർട്ട്/ഫീസിബിലിറ്റി റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല.

D.പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ്, പ്രവൃത്തി നിർവ്വഹണ ഘട്ടത്തിൽ, പൂർത്തീകരണ ഘട്ടത്തിലെ ഫോട്ടോകളുടെ പ്രിന്റ് ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ആയത് ഫയലിൽ ലഭ്യമല്ല.

E. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ്, പ്രവൃത്തി നിർവ്വഹണ ഘട്ടത്തിൽ, പൂർത്തീകരണ ഘട്ടത്തിലെ ഫോട്ടോകളുടെ പ്രിന്റ് ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ആയത് ഫയലിൽ ലഭ്യമല്ല.

F. മെറ്റീരിയൽ വർക്കുകളിൽ മെറ്റീരിയൽ വൗച്ചേഴ്സ്, ബില്ലുകൾ എന്നിവ ഫയലിൽ ലഭ്യമല്ല.

G.നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ്. എന്നാൽ ഇവ മിക്ക ഫയലിലും ചേർത്തിട്ടില്ല.

H.പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

I. ഗ്രാമസഭ പദ്ധതി അംഗീകരിച്ചതിന്റെ കോപ്പി, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഫയലിനോടൊപ്പം ലഭ്യമല്ല.

5.മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായി നിർമ്മാണ സാമഗ്രികൾ സമാഹരിക്കുന്നതിലെ അപാകതകൾ

മിനിസ്ട്രി ഓഫ് റൂറൽ ഡവലപ്മെന്റ് 29.11.2010-ലെ നം. J-11060/3/2009-MGNREGA കത്തിലൂടെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായി സാധനസാമഗ്രികൾ സമാഹരിക്കേണ്ടതു സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ.ഉ.(കൈ)നം. 93/2012,തസ്വഭവ തീയതി 31.03.2012, സ.ഉ.(കൈ) നം.284/2012,തസ്വഭവ തീയതി 03.11.2012 ഉത്തരവുകളിലൂടെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായുള്ള സാധനസാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിനിയോഗം എന്നിവ സംബന്ധിച്ച് കേരള സർക്കാരും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. തുടർന്ന് സാധന സാമഗ്രികളുടെ സമാഹരണത്തിനായി 2013-ൽ സ്റ്റോർ പർച്ചേസ് മാന്വലും (സ.ഉ.(പി)നം.3/2013/എസ്.പി.ഡി. തീയതി 21.06.2013) സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ. (എം.എസ്)നം. 13/2015/ഐ.റ്റി.ഡി തീയതി 12.05.2015 ഉത്തരവിലൂടെ 5ലക്ഷം രൂപയിലധികമുള്ള എല്ലാ വാങ്ങലുകൾക്കും ഇ ടെണ്ടർ നടപടികൾ നിർബന്ധമാക്കിയും ഉത്തരവായിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വാങ്ങലുകൾക്ക് മേൽപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ലഭ്യമാക്കിയ രേഖകൾ പ്രകാരം 15 പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ഓരോ മാസത്തെയും പ്രവൃത്തികൾക്കാവശ്യമായ സാധന സാമഗ്രികളുടെ ഇനം, അളവ്, സ്പെസിഫിക്കേഷൻ എന്നിവ തരം തിരിച്ച് പട്ടികപ്പെടുത്തിയ ശേഷം, ഓരോ അർദ്ധ വർഷത്തേക്കും ആവശ്യമായ ആകെ സാധനസാമഗ്രികളുടെ വിവരം ക്രോഡീകരിച്ച്, ഓരോ അർദ്ധവർഷത്തേക്കുമാണ് വാങ്ങലുകൾ നടത്തേണ്ടത്. എന്നാൽ ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ ഓരോ

ടെണ്ടറിലെയും ആവശ്യമായ സാധനങ്ങൾ ഒരുമിച്ച് ടെണ്ടർ ചെയ്യാതെ സാധന ഇനങ്ങൾക്ക് കരാറുകാരനിൽ നിന്നും പ്രത്യേകം ടെണ്ടറുകൾ സ്വീകരിച്ച്, പ്രത്യേകം സെലക്ഷൻ നോട്ടീസ് നൽകി, ഓരോ ഇനം സാധനം സപ്ലൈ ചെയ്യുന്നതിനും പ്രത്യേകം കരാറുകൾ ചമച്ചാണ് വാങ്ങലുകൾ നടത്തിയിരിക്കുന്നത്. ഗുണനിലവാരമുള്ള സാധനങ്ങൾ കുറഞ്ഞ ചെലവിലും, സുതാര്യമായ രീതിയിലും ലഭ്യമാക്കുന്നതിനുള്ള എല്ലാ സാധ്യതകളും മേൽ നടപടികളിലൂടെ നഷ്ടമായി.

6.ദർഘാസ് പ്രമാണങ്ങളുടെ വിറ്റ് വരവ് ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ മറ്റു വരവുകളായി ഉൾപ്പെടുത്തി കണക്ക സൂക്ഷിക്കേണ്ടതാണെങ്കിലും, ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്കിൽ പ്രസ്തുത വരവ് ഉൾപ്പെട്ടിട്ടില്ല. 2020-21 സാമ്പത്തിക വർഷത്തിൽ ടെണ്ടർ ഫോറ വിറ്റ വരവിനത്തിൽ ഗ്രാമപഞ്ചായത്തിന് 331582/- രൂപ വരവുണ്ട്. പ്രസ്തുത തുക ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ടെണ്ടർ ഫാറവില കൂടി ഉൾപ്പെട്ടതാണ്.

7. 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പിൽ അടവാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തി | എം. ബുക്ക് നമ്പർ | കരാറുകാരൻ | കരാറുകാരന് നൽകിയ തുക |
|---|---|---|---|---|
| 1 | 18 ഏക്കർ മൺറോഡ് നിർമ്മാണവും റോഡ് കോൺക്രീറ്റും | 791/2020-21 | വിക്രമൻ. കെ.ആർ | 294756 |
| 2 | നാലുമുക്ക് ചിറവിള റോഡ് സൈഡ് വാൾ നിർമ്മാണവും കോൺക്രീറ്റും | എം. ബുക്ക് നം. രേഖപ്പെടുത്തിയിട്ടില്ല | വിക്രമൻ. കെ.ആർ | 297659.216 |
| 3 | പാലുവള്ളി മാടൻപാറ മൺറോഡ് നിർമ്മാണവും റോഡ് കോൺക്രീറ്റും | 793/2020-21 | ബിനുകുമാർ | 342307.178 |
| 4 | RS പുരം കുന്നിൽ മൺറോഡ് നിർമ്മാണവും റോഡ് കോൺക്രീറ്റും | 795/2020-21 | വിക്രമൻ | 240258.44 |
| 5 | ഇളവട്ടം പറണ്ടക്കാട് റോഡ് കോൺക്രീറ്റ് | 835/2020-21 | സുരേന്ദ്രൻനായർ.ജി | 370470.41 |
| 6 | പഴവിള വട്ടക്കരിയ്ക്കകം റോഡ് കോൺക്രീറ്റ് | ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. | | |
| 7 | തുമ്പാനൂർ കൊച്ചുവേൻകാട് മൺറോഡ് നിർമ്മാണവും റോഡ് കോൺക്രീറ്റും | 837/2020-21 | രവീന്ദ്രൻ നായർ | 350960 |
| 8 | ആലുംകുഴി അംഗൻവാടി തെക്കുംകരമൺറോഡ് നിർമ്മാണവും റോഡ് കോൺക്രീറ്റും | 850/20-21 | സുരേന്ദ്രൻനായർ | 375571.66 |

| | | | | |
|---|---|---|---|---|
| 9 | ആലുംമൂട് കുഴിവിള മൺറോഡ് നിർമ്മാണവും കോൺക്രീറ്റും | 716/2020-21 | ജി. ബേബി | 366704.9088 |
| 10 | കുഴിവിള എസ്.എൻ.ഡി.പി മണ്ണാറുകുന്ന് റോഡ് കോൺക്രീറ്റ് | 717/2020-21 | ജി. ബേബി | 384842.41 |
| 11 | മൈലാടി മൺറോഡ് നിർമ്മാണവും റോഡ് കോൺക്രീറ്റും | 847/2020-21 | അമൽ.എസ്.നായർ | 276192.627 |
| 12 | പാറമുകൾ കുറുന്താളി മൺറോഡ് നിർമ്മാണവും റോഡ് കോൺക്രീറ്റും | 794/21 | ബിനുകുമാർ | 372816 |
| 13 | ഇളവട്ടം കുന്നംപുറം മൺറോഡ് നിർമ്മാണവും റോഡ് കോൺക്രീറ്റും | 796/2020-21 | സുരേന്ദ്രൻ നായർ | 377102.5 |
| 14 | ഗുരുമന്ദിരം മഹാദേവക്ഷേത്രം മൺറോഡ് നിർമ്മാണവും റോഡ് കോൺക്രീറ്റും | 792/2020-21 | ബിനുകുമാർ | 354720.932 |
| 15 | പെരിങ്ങമ്മല ശ്രീനാരായണ മൺറോഡ് നിർമ്മാണവും റോഡ് കോൺക്രീറ്റും | 853/2020-21 | അമൽ.എസ് . നായർ | 289353.595 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 34 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-6 ക്ഷേമ പദ്ധതികൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 80160 | 113 |
| കർഷകതൊഴിലാളി പെൻഷൻ | 7334200 | 1025 |
| വിധവാ പെൻഷൻ | 24839200 | 3088 |
| വാർദ്ധക്യകാല പെൻഷൻ | 40101600 | 5038 |
| വികലാംഗ പെൻഷൻ | 4919200 | 621 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 150000 | 05 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 981100 | 131 |

**1-6-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു. സർക്കാരിന് നഷ്ടം 3,39,640/-രൂപ.**

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | നിലവിലെ സ്റ്റാറ്റസ് | മരണപ്പെട്ട തീയതി | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | അപ്പുക്കുട്ടൻ കെ | 102520100426 | കർഷക തൊഴിലാളി പെൻഷൻ) | ആക്ടീവ് | 17.02.20 | March,April-2020 | 2440 |
| 2 | വേലുക്കുട്ടി എൻ. | 102520200117 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 31.03.20 | ,April-2020 -October-2020 | 10500 |
| 3 | ഭാസ്കരൻനായർ ജെ | 102520201775 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 27.05.20 | ,June-2020 -February-2022 | 31600 |
| 4 | മുരളീധരൻനായർ ബി. | 102520202013 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 12.07.20 | ,August-2020 -February-2022 | 29000 |
| 5 | കുട്ടപ്പനാശാരി | 102520200558 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 02.07.20 | August-2020-Decenber-2020 | 9000 |
| 6 | അപ്പിഅമ്മാൾ | 102520201441 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 25.06.20 | July,August-2020 | 3000 |
| 7 | സുകുമാരി ആർ | 102520400043 | ഡിസബിലിറ്റി പെൻഷൻ സ്കീം | സസ്പെൻഡ് | 02.09.20 | October-2020 November-2020 | 2800 |
| 8 | സരോജിനി പി. | 102520200789 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 16.09.20 | October-2020-January-2021 | 6000 |
| 9 | തങ്കപ്പൻ നായർ പി | 102520202273 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 27.09.20 | October-2020-June-2021 | 13500 |
| 10 | ഭവാനിയമ്മ ബി | 102520201228 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 18.06.20 | July,August-2020 | 3000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 11 | നഹോമി | 102520201094 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 19.10.20 | November-2020 -February-2022 | 24900 |
| 12 | മുഹമ്മദ് ഇസ്മയിൽ | 102520202874 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 28.11.20 | Decenber-2020 -February-2022 | 9000 |
| 13 | ശശിധരൻ ആശാരി ബി | 102520203026 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 28.11.20 | Decenber-2020 -February-2022 | 23500 |
| 14 | രാധമ്മ.ജി | 102520601283 | വിധവ പെൻഷൻ | ആക്ടീവ് | 16.10.20 | November-2020 -February-2022 | 24900 |
| 15 | വത്സല | 102520601259 | വിധവ പെൻഷൻ | സസ്പെൻഡ് | 17.12.20 | January-2021 | 1500 |
| 16 | എസക്കിയേൽ ഇ | 102520202394 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 21.11.20 | Decenber-2020 -February-2022 | 23600 |
| 17 | ഏലിശൻ | 102520100349 | കർഷക തൊഴിലാളി പെൻഷൻ | ആക്ടീവ് | 29.11.19 | Dec-2019 -February-2022 | 39000 |
| 18 | സൗദാമിനി പി. കെ | 102520200721 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 18.12.20 | January-2021- February-2022 | 22100 |
| 19 | ത്രേസ്യ | 102520500009 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | ആക്ടീവ് | 17.01.21 | February-2021- February-2022 | 20600 |
| 20 | സുന്ദരേശൻ വൈ | 102520201810 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 25.01.21 | February-2021- February-2022 | 20600 |
| 21 | തങ്കമ്മ | 102520202958 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 28.02.21 | March-2021 -February-2022 | 19100 |
| | | | | | | ആകെ | 339640/- |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2020-21 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. നന്ദിയോട് ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 18/30.03.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ധനകാര്യവകുപ്പിന്റെ 05.11.20-ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ഈടാക്കുന്നതിന് നടപടിക്രമങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-6-2 സാമൂഹ്യ സുരക്ഷാ പെൻഷൻ, സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. (ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു). മസ്റ്ററിംഗ് പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| നം | പേര് | മരണപ്പെട്ട തീയതി | ആധാർ നമ്പർ | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | മീനാക്ഷി | 19.09.2018 | 712932924997 | ആക്ടീവ് |
| 2 | രത്നമ്മ | 24.11.20 | 102520200024 | ആക്ടീവ് |

ധനകാര്യവകുപ്പിന്റെ 26.7.18-ലെ സർക്കുലർ നമ്പർ 69/18-ൽ മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണസ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണം നം 18/30.03.2022-ന് മറുപടി ലഭ്യമാക്കിയില്ല. അനർഹരുടെ പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-6-3 മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിച്ചിട്ടില്ല.

പെൻഷൻ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ പേര് /പെൻഷണറുടെ പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | നിലവിലെ സ്റ്റാറ്റസ് | മരണപ്പെട്ട തീയതി | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | തൊളിക്കോട് ഗ്രാമപഞ്ചായത്ത് സജ്ന.എസ് - | 102610400247 | ഡിസബിലിറ്റി പെൻഷൻ സ്കീം -ശാരീരികം | ആക്ടീവ് | 09.06.20 | July-2020-February-2022 | 30300 |
| 2 | പാങ്ങോട് ഗ്രാമ പഞ്ചായത്ത് സത്യവ്രതൻ | 102510200399 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 13.08.20 | September-2020 | 1500 |
| 3 | പനവൂർ ഗ്രാമ പഞ്ചായത്ത് ഓമന എ. | 102650601138 | വിധവ പെൻഷൻ | ആക്ടീവ് | 04.11.20 | Decenber-2020 -February-2022 | 23500 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4. | നെടുമങ്ങാട് മുനിസിപ്പാലിറ്റി രാജമ്മ | 101740601768 | വിധവ പെൻഷൻ | ആക്ടീവ് | 07.12.20 | January-2021-April-2021 | 6100 |
| 5. | വെള്ളനാട് ഗ്രാമ പഞ്ചായത്ത്, ജോയിസ് എസ് | 102570600549 | വിധവ പെൻഷൻ | ആക്ടീവ് | 15.01,21 | February-2021 -February-2022 | 20600 |

### 1-6-4 സാമൂഹ്യസുരക്ഷാ പെൻഷനുകൾ -സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി കൈപ്പറ്റിയത് തിരികെ ഈടാക്കണം.

നന്ദിയോട് ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപെൻഷനുകൾ വാങ്ങുന്ന ഗുണഭോക്താക്കളിൽ സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുണ്ട്. (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 13.03.2021-ലെ എ ഡി പി -ടി വി എം711/2020PA 2 നം കത്ത്) അനർഹമായി തുക കൈപ്പറ്റിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേരും വിലാസവും | പെൻഷൻ ഐ ഡി | അനർഹമായി തുക വിതരണം ആരംഭിച്ച തീയതി |
|---|---|---|---|
| 1 | വിശ്വനാഥപിള്ള | 102520100437 | 01.01.2003 |
| 2 | ഓമന.സി. | 102520100834 | 06.10.2010 |
| 3 | വാസുദേവൻനായർ | 102520100836 | 01.10.2010 |
| 4 | ആർ.ഗോമതി | 102520100973 | 01.04.2013 |
| 5 | കമലം .എസ് | 102520201579 | 01.01.2014 |
| 6 | ഓമനകൃഷ്ണമ്മ | 102520201616 | 01.01.2014 |
| 7 | ഗ്രേസി.എം.ജി | 102520201701 | 01.01.2014 |
| 8 | ശാരദാഅമ്മ.ബി | 102520202175 | 01.10.2015 |
| 9 | സരോജിനി. | 102520202506 | 01.07.2016 |
| 10 | സരോജം.സി | 102520202772 | 01.09.2016 |
| 11 | സുമതി.കെ | 102520400016 | 01.04.2004 |
| 12 | വിജയകുമാരി | 102520400046 | 01.04.2004 |
| 13 | സെൽവി.ജെ | 102520400124 | 01.09.2005 |
| 14 | ഗിരീഷ്കുമാർ.വി | 102520400282 | 01.05.2013 |
| 15 | പുഷ്പമ്മ.സി | 102520600858 | 08.10.2010 |
| 16 | ദലീല ബീവി.എസ് | 102520601544 | 01.08.2015 |

| | | | |
|---|---|---|---|
| 17 | സി.സരോജിനി അമ്മ | 102520203559 | 27.02.2020 |

സർക്കാരിന്റെ 23.1.2020-ലെ 07/2020/ധന നം, 8.2.2021ലെ 14/21/ധന നം. സർക്കുലറുകൾ പ്രകാരം അനർഹമായി കൈപ്പറ്റിയ തുകകൾ വ്യക്തികൾ സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്. പെൻഷൻ വിതരണം ആരംഭിച്ച തീയതിയും സേവന സോഫ്ററ്‌വെയർ DBT പ്രകാരം പെൻഷൻ വിതരണം ആരംഭിച്ച തീയതിയും വ്യത്യാസപ്പെട്ടിരിക്കുന്നതിനാൽ സേവന സോഫ്ററ്‌വെയറിലെ വിതരണ വിവരങ്ങൾ പരിശോധിച്ച് അനർഹമായി കൈപ്പറ്റിയ ക്ഷേമപെൻഷനുകളുടെ ആകെ തുക കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണം നം.32/31.03.2022-ന് മറുപടിയിൽ ലഭ്യമാക്കിയില്ല. തുക തിരികെ ഈടാക്കിയിട്ടുണ്ടോ എന്ന വിവരം ട്രഷറിയുമായി ബന്ധപ്പെട്ട് ഉറപ്പുവരുത്തി അറിയിക്കേണ്ടതാണ്. പെൻഷൻ അപേക്ഷകളിന്മേൽ കൃത്യമായ അന്വേഷണം നടത്തി അർഹരായവർക്ക് മാത്രം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.02.2022 തീയ്യതിയിൽ 11.15 AM സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസിന്റെ പരിശോധനയിൽ 83676/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

(I)ഫ്രണ്ട്ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം.

ഓഫീസ് ക്രമീകരണത്തിന് വേണ്ടി ഓഫീസ് ഉത്തരവ് തയ്യാറാക്കി ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവർത്തനവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ യോഗം മാസത്തിലൊരു തവണയെങ്കിലും കൂടേണ്ടതും ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് പ്രസ്തുത യോഗത്തിൽ അവതരിപ്പിക്കേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പരിപാടി തയ്യാറാക്കി മിനിട്ട്സിൽ രേഖപ്പെടുത്തുകയും പ്രസ്തുത വിവരം ഭരണസമിതിയെ അറിയിക്കുകയും വേണം.

ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി, പദവിയിലും അവസരത്തിലുമുള്ള തുല്യത, ഓരോ വ്യക്തിയുടെയും സ്വാഭിമാനം എന്നിവ സേവനപ്രദാന സംവിധാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു. ഇതിലേയ്ക്കായി സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ(കൈ)123/09 ത.സ്വ.ഭ.വ തീ.02.07.2009).

ഗ്രാമപഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടുണ്ട്. തപാൽ നം, അപേക്ഷകന്റെ പേര്, സേവനത്തിന്റെ സ്വഭാവം, സേവനം ലഭ്യമാക്കേണ്ട സെക്ഷന്റെ വിശദാംശം, ബന്ധപ്പെട്ട സെക്ഷനിൽ നിന്നും അപേക്ഷ തിരികെ ലഭിച്ച തീയതി, സേവനം ലഭിച്ച തീയതി, കൈപ്പറ്റുന്ന ആളുടെ പേര്, ഒപ്പ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ടെന്നുറപ്പാക്കാൻ ഫ്രണ്ട് ഓഫീസ് ഡയറി കൃത്യമായി പരിപാലിക്കുന്നതിലൂടെ കഴിയുന്നുണ്ട്.

ഫ്രണ്ട് ഓഫീസിന്റെ ഫലപ്രദമായ പ്രവർത്തനം നിരീക്ഷിക്കുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഉണ്ടാകേണ്ടതാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്താൻ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

(Ii)പൗരാവകാശരേഖ പ്രസിദ്ധീകരിച്ച ിട്ടുണ്ട്.

1994-ലെ തദ്ദേശസ്വയംഭരണ സ്ഥാപന നിയമങ്ങളിലെ ഭേദഗതിയിലൂടെ പൗരാവകാശരേഖ സംബന്ധിച്ച വ്യവസ്ഥ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കിയിരുന്നു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അതിൻകീഴിൽ കൈമാറിക്കിട്ടിയ ഓഫീസുകളും ആ പ്രദേശത്തെ പൗരൻമാർക്ക് ലഭ്യമാകുന്ന വിവിധ സേവനങ്ങളും അവ ലഭ്യമാക്കുന്ന അവസരങ്ങൾ, സമയപരിധി, നടപടിക്രമം എന്നിവയടങ്ങിയ വിവരങ്ങൾ പ്രസിദ്ധീകരിക്കേണ്ട രേഖയാണത്. 1994-ലെ കേരള പഞ്ചായത്ത്‌രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് കമ്മിറ്റി, നിലവിലുള്ള പഞ്ചായത്ത് ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന് ആറ് മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതും പ്രധാന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് 2019 ലും 2021 ലും പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2020 ൽ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല.

(Iii) ഭരണ സംവിധാനം

പൊതുജനങ്ങൾക്കും, ജീവനക്കാർക്കും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, വിവര വ്യൂഹത്തിന്റെ പൂർണമാക്കൽ, പരിഷ്ക്കരണം എന്നിവ നിരീക്ഷിയ്ക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. അത് ഉറപ്പ് വരുത്താൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്. കേ.പ.രാ സെക്ഷൻ162a-b1(i) പ്രകാരം ഓഫീസ് പ്രവർത്തനം, രേഖകൾ സൂക്ഷിപ്പ്, അക്കൗണ്ട്സ്, ഓഡിറ്റ് എന്നിവയുടെ മേൽനോട്ടച്ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കാണ്. പ്രസ്തുത കടമ പൂർണമായി നിർവഹിച്ചിട്ടില്ല. ചെലവുകൾക്ക് വൗച്ചറുകളും സബ് വൗച്ചറുകളും സൂക്ഷിച്ചിട്ടുണ്ടെങ്കിലും, ധനകാര്യ ഇടപാടുകൾ രേഖപ്പെടുത്താൻ ക്യാഷ് വൗച്ചർ, ബാങ്ക് വൗച്ചർ, ജേർണൽ വൗച്ചർ, കോൺട്രാ വൗച്ചർ എന്നിവ പ്രത്യേകം നമ്പറിട്ട് സാക്ഷ്യപ്പെടുത്തിയും,

ബില്ലുകൾ/ഇൻവോയ്സുകൾ ക്യാൻസൽ ചെയ്യും സൂക്ഷിക്കണമെന്ന നിർദ്ദേശവും പാലിക്കേണ്ടതാണ്. ഓഫീസ് വാഹനത്തിന്റെ പരിപാലനവും, രജിസ്റ്ററുകൾ രേഖകൾ എന്നിവയുടെ സൂക്ഷിപ്പും മെച്ചപ്പെടേണ്ടതുണ്ട്. ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണത, നിയമസാധുത എന്നിവ ഉറപ്പാക്കാൻ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ഭരണ-ഉദ്യോഗസ്ഥതലത്തിലെ ഏകോപനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.

(Iv). വരവ്,ചെലവ്,പദ്ധതികൾ എന്നിവയുടെ വിവരം.

വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിറ്റർ ചെയ്യുന്നില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നവെന്ന് ഉറപ്പ് വരുത്തുന്നതിന് മതിയായ സംവിധാനം ഇല്ല. അക്കൗണ്ട് ട്രാൻസ്ഫർ മുഖേനയുള്ള ഇടപാടുകൾക്ക് കൈപ്പറ്റ് രസീത് വാങ്ങുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയിട്ടില്ല. വൗച്ചറുകൾ കൃത്യമായും തുടർച്ചയായ നമ്പറുകളിട്ട് സൂക്ഷിച്ചിട്ടുണ്ട്. ചെലവുമായി ബന്ധപ്പെട്ട അനുബന്ധ രേഖകൾ വൗച്ചറോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ എന്നിവരെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. പദ്ധതികളിൽ മോണിറ്ററിങ് കൃത്യമായി നടക്കുന്നില്ല. ഓഫീസിൽ ലഭിക്കുന്ന തപാലുകൾ യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട്. മാർഗ്ഗരേഖ അനുശാസിക്കും വിധം മോണിറ്ററിംഗ് നടത്തുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ മതിയായ രേഖപ്പെടുത്തലുകൾ ഇല്ല. പല പൊതുമരാമത്ത് പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ളതായി കാണുന്നു. റോഡ് കണക്റ്റിവിറ്റി ഭൂപടം തയ്യാറാക്കാതെയാണ് റോഡ് വർക്കുകൾ നിർവഹിച്ചിരിക്കുന്നത്.

നയങ്ങളുടെ പരിപാലനം, നടപടിക്രമങ്ങൾ, കടമകൾ എന്നിവ നിറവേറ്റുന്നതിൽ ഏറെക്കുറെ തൃപ്തികരമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. സുതാര്യമായ ധനകാര്യ മാനേജ്മെൻറ്, ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണത നിയമസാധുത എന്നിവ ഉറപ്പാക്കാൻ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം പഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09-03-2012 | 01.01.2021 മുതൽ 31.02.2021 വരെ | ലഭ്യമല്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.03.2022 | സ്പെഷ്യൽ ഓഡിറ്റ് | ലഭ്യമല്ല. |

## 1-10 രസീത് പരിശോധനയിൽ കണ്ട അപാകതകൾ

20.03.2021 മുതൽ 25.03.2022 വരെയുള്ള രസീതു ബുക്കുകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2. രസീതുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

| ക്രമ നമ്പർ | രസീതു ബുക്ക് നമ്പർ | അപാകത |
|---|---|---|
| 1 | 12313, 12314, 12315, 12316 | രസീതുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. |

രസീതുകളുടെ ഉപയോഗത്തിലെ അലംഭാവം അതീവ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളിലേക്ക് നയിക്കുമെന്നതിനാൽ അപാകതകൾ പരിഹരിക്കേണ്ടതും ഭാവിയിൽ അപാകതകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 49/31.03.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-11 തൊഴിൽ നികുതി -അപാകതകൾ

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത്രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. 2019-20 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരുവിവരങ്ങൾ അടങ്ങിയ അസ്സസ്മെന്റ് രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

2.റേഷൻ ചില്ലറ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

കേരള സംസ്ഥാന സിവിൽ സപ്ലൈസ് കമ്മീഷണറുടെ 21.01.2019-ലെ (CS)A9-764/19 നം. ഉത്തരവു പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും 2020-2021 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല.

3.ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

4.കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാ ക്കുന്നില്ല.

പഞ്ചായത്തിൽ 60 ദിവസത്തിൽ കൂടുതൽ പണിയെടുത്തിട്ടുള്ള കരാറുകാരുടെ വിവരം അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയിട്ടുണ്ട്. ആയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| പേര് | മേൽവിലാസം |
|---|---|
| ഷെഹിൻ.എസ്.ബാബു | ശ്രീലകം, പള്ളിവിളാകം, പാലുവള്ളി, പച്ച.പി.ഒ |
| സി.കുമാരൻ | അക്ഷയ് ഭവൻ, ആലംപാറ, നന്ദിയോട് |
| സുനിലാൽ .എസ് | പാറയംവിളാകത്ത് വീട്, പാലുവള്ളി, പച്ച.പി.ഒ |
| വിജയസേനൻനായർ | ജയവിലാസം, ചെല്ലഞ്ചി, നന്ദിയോട് |
| രെജി.റ്റി | അക്ഷയ് ഭവൻ, ആലംപാറ, നന്ദിയോട് |
| രവീന്ദ്രൻ നായർ | മേലതിൽ വീട്, കൊച്ചതാന്നിമൂട്, നന്ദിയോട് |
| അജിത്കുമാർ.അർ.എസ് | സോപാനം, ഇളവട്ടം, ഇളവട്ടം.പി.ഒ |
| ബിനുകുമാർ.വി.ഡി | ബി.എസ്.ഭവൻ, പൗവ്വത്തൂർ, പാലുവള്ളി.പി.ഒ |
| അംബു.എസ്.എസ് | കെ.എസ്.ഭവൻ, നന്ദിയോട്, പച്ച.പി.ഒ |
| പ്രവീൺ.ആർ | ശ്രീലതാ വിഹാർ, ആനാക്കുഴി, മീൻമുട്ടി |
| നസീംലാൽ | സലിം മൻസിൽ, കരുമൻകോട് |
| വിൻസെന്റ് | തെക്കേടത്ത് വീട്, മണലയം, കുറുപുഴ |

എന്നൽ പ്രസ്തുത കോൺട്രാക്ടർമാർ തൊഴിൽ നികുതി പഞ്ചായത്തിൽ അടവാക്കിയതിന്റെ രേഖകൾ ഇല്ല. എന്നാൽ പ്രസ്തുത കോൺട്രാക്ടർമാർ തൊഴിൽ നികുതി പഞ്ചായത്തിൽ അടവാക്കിയതിന്റെ രേഖകൾ ഇല്ല. കരാറുകാർ മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ല എങ്കിൽ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

5.D&O ലൈസൻസ് അപേക്ഷ പ്രകാരം താഴെ പറയുന്ന സ്ഥാപങ്ങളിൽ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്. എന്നാൽ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിടനം./ സർവ്വേ നം. | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1. | VI/163 | പെട്രോൾ പമ്പ് (ബ്രദേഴ്സ് ഫ്യൂവൽസ്) | 9 |
| 2 | V/3B | ആപ്റ്റാവാലി പാക്കേജ്ഡ് ഡ്രിംങ്കിംങ് വാട്ടർ | 9 |
| 3 | V/392D | വൈഷ്ണവ് സർവ്വീസ് സ്റ്റേഷൻ | 2 |
| 4 | NP5/790 | പെട്രോൾ പമ്പ്(പി വി ഏജൻസീസ്) | 6 |

| | | | |
|---|---|---|---|
| 5 | NP/V/449AB | സർവ്വീസ് സ്റ്റേഷൻ | 2 |
| 6 | NP/9/413 | അനന്തപുരി ഫാം | 6 |
| 7 | NPVI/158 | എ എസ് എം ഹോളോബ്രിക്സ് | 3 |
| 8 | NPVII/550 | പൊന്മുടി വുഡ് ക്രാഫ്റ്റ്സ് | 5 |
| 9 | VII/549(A) | വൃന്ദാവനം വുഡ് സീസണിംങ് പ്ളാന്റ് | 3 |
| 10 | XI/586ABCD | നന്ദിയോട് സർവ്വീസ് സഹകരണ ബാങ്ക് കോക്കനട്ട് കോംപ്ളക്സ് | 70 |
| 11 | VII/549 | വൃന്ദാവനം എന്റർപ്രൈസസ് | 2 |
| 12 | VII/548 | വൃന്ദാവനം സോ മിൽ & ഫർണിച്ചർ | 5 |
| 13 | NP/XVII/ 31,32 | മാവേലി സ്റ്റോർ | 3 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 43/31.03.22-ന് വരും വർഷങ്ങളിൽ മേൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട് .

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽനികുതി, സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി എന്നിവ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനിട്ട്സ് പരിശോധിച്ചതിൽ വിഭവസമാഹരണത്തിന്റെ ചോർച്ച ഒഴിവാക്കുന്നതിനുള്ള ഫലപ്രദമായ നിർദ്ദേശങ്ങളോ തീരുമാനങ്ങളോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിന്ന് ഉണ്ടായിട്ടില്ല. വിഭവസമാഹരണം ഫലപ്രദമായി നടക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് തൊഴിൽ നികുതി ചോർച്ച ഒഴിവാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി - അപാകങ്ങൾ

2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ നികുതി നിർണയത്തിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)GO No. 144/2015 പ്രകാരം 600 Sqft ന താഴെ തറവിസ്തീർണമുള്ള പാർപ്പിടാവശ്യത്തിനുള്ള എല്ലാ കെട്ടിടങ്ങളെയും നികുതിയിൽ നിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ GO No.358/2015 പ്രകാരം സത്യവാങ്മൂലം സമർപ്പിച്ചിട്ടുള്ള കെട്ടിടങ്ങളെ മാത്രമാണ് നികുതിയിൽ നിന്നും ഒഴിവാക്കേണ്ടത്. എന്നാൽ ചില കെട്ടിടങ്ങൾ സത്യവാങ്മൂലം നൽകാതെ തന്നെ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഇങ്ങനെ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നത് 270 കെട്ടിടങ്ങളാണ്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No | New Ward No | New Door No | New Sub No | Owner Details | Plinth Area |
|---|---|---|---|---|---|
| 1 | 12 | 542 | | ഭുവനേന്ദ്രൻ.എസ്(എസ്.എ ഹൌസ്, മണലയം) | 20 |
| 2 | 04 | 163 | | ഇന്ദിര,ഹർഷ കോട്ടേജ്,കള്ളിപ്പാറ | 50 |
| 3 | 10 | 541 | A | സുഭദ്ര, ഷിബുഭവൻ, നല്ലാങ്കോട്ടുകോണം, പച്ച, പാലുവള്ളി പി ഒ, | 60.51 |

| | | | | | |
|---|---|---|---|---|---|
| 4 | 01 | 308 | A | സിന്ധു.ബി, അക്ഷയഭവൻ, മുത്തിക്കാട്, കാഞ്ചിനട | 60.14 |
| 5 | 02 | 418 | A | രാജേന്ദ്രൻ നായർ, ചോനംവിള ലക്ഷംവീട്, ചോനൻവിള, മീൻമുട്ടി | 24 |

2)അറുപത് ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള താഴെപ്പറയുന്ന കെട്ടിടത്തെ ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 ഉത്തരവ് പ്രകാരം 2015 ഒന്നാം അർദ്ധവർഷം മുതൽ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| Ward No | Door No | Sub No | Owner Details | Plinth Area |
|---|---|---|---|---|
| 13 | 584 | B | തങ്കമണി പി, വെള്ളൂർകോണത്ത് റോഡരികത്ത് വീട്, പച്ചമല, ഇളവട്ടം | 78.57 |
| 10 | 541 | A | സുഭദ്ര, ഷിബുഭവൻ, നല്ലാങ്കോട്ടുകോണം, പച്ച, പാലുവള്ളി | 60.51 |
| 15 | 197 | A | രാജകൃഷ്ണൻ ആശാരി, ശാലു ഭവൻ, താളിക്കുന്ന്, പേരയം | 60.45 |

3)ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം |
|---|---|---|
| 1 | 07/95 | ബി.രാധാകൃഷ്ണൻ, കോവിലുകോണത്ത് വീട് |
| | 07/95A | |
| 2 | 12/321 A | ഭാസ്കരൻ, കളത്തിക്കാട് വീട് |
| | 12/321 | |
| 3 | 14/337 | ഭാസയ്യർ റഗ്ലസ്, മോഹനവിലാസം |
| | 14/435 | |
| 4 | 13/212A | ബിന്ദു, കിഴക്കുംകര, |
| | 13/212B | |
| 5 | 14/518D | ചന്ദ്രിക, വിനി സദനം |
| | 14/518A | |

4)കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് നടത്തിയില്ല.

സഞ്ചയ സോഫ്റ്റ്‌വെയറിൽ ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡ് മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്തിട്ടില്ല. (ഡിമാന്റ് തുക 0).

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 01/302 | പി.കുട്ടപ്പൻ കാണി | പാർപ്പിടം | 125ച മീ |
| 2 | 01/360 | റെജി നിറപറ | പാർപ്പിടം | 109ച മീ |
| 3 | 01/96 | അംബിക ബാബു | പാർപ്പിടം | 107ച മീ |
| 4 | 01/83 | ഗോപിനാഥൻ നായർ | പാർപ്പിടം | 77ച മീ |
| 5 | 01/108 | ശശിന്ദ്ര.എസ്( | പാർപ്പിടം | 74ച മീ |
| 6 | 01/86 | ഗിരിജ( | പാർപ്പിടം | 72ച മീ |
| 7 | 01/141 | ജി.എസ്.ബേബി കുമാരി | പാർപ്പിടം | 70ച മീ |
| 8 | 01/254 | വി.പ്രഭാകരൻ നായർ | പാർപ്പിടം | 70ച മീ |
| 9 | 01/318 | ഷിനോസ്.എസ് | പാർപ്പിടം | 70ച മീ |
| 10 | 01/342 | മധു | പാർപ്പിടം | 70ച മീ |
| 11 | 01/155 | മോഹനൻപിള്ള | പാർപ്പിടം | 65ച മീ |
| 12 | 01/249 | ഗോമതി അമ്മ | പാർപ്പിടം | 65ച മീ |
| 13 | 01/103 | വിജയകുമാരി | പാർപ്പിടം | 64ച മീ |
| 14 | 01/106 | രാധമ്മ | പാർപ്പിടം | 64ച മീ |
| 15 | 01/152 | ഗൌരി | പാർപ്പിടം | 63ച മീ |
| 16 | 01/291 | എൻ .ശിവപ്രസാദ് | പാർപ്പിടം | 91ച മീ |
| 17 | 01/145 | തങ്കപ്പന് | പാർപ്പിടം | 90ച മീ |
| 18 | 01/85 | പ്രശോഭനന് | പാർപ്പിടം | 85ച മീ |
| 19 | 01/356 | ജയചന്ദ്രൻ.ജെ | പാർപ്പിടം | 82ച മീ |
| 20 | 01/101 | സുകുമാരൻ | പാർപ്പിടം | 80ച മീ |
| 21 | 01/335 | സുവർണ്ണകുമാരി.ജി.എസ്( | പാർപ്പിടം | 80ച മീ |
| 22 | 01/352 | നാരായണ കുറുപ്പ് | പാർപ്പിടം | 80ച മീ |

5)മേഖലാ ഭൂപടം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് അനുവദിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

6)ടെലഫോൺ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

താഴെപ്പറയുന്ന ടെലഫോൺ ടവറുകളുടെ 2020-21 വർഷം വരെ ഒടുക്കുവാൻ ബാക്കിയുള്ള വസ്തു നികുതിയുടെ വിവരം ചുവടെ ചേർക്കുന്നു.

| Sl.No | Building ID | Door NO | Owner Name | Owner Address | Total Arrear |
|---|---|---|---|---|---|
| 1 | 50252010016843 | 13/205/A | Reliance | A&P Arcade | 11966 |
| 2 | 50252010004489 | 15/511/ | Manager | Indus Tower Limited 8 Th Floor | 11340 |

മേൽ ടവറുകളുടെ വസ്തു നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

7)2020-21 വർഷത്തെ പ്യൂരിഫിക്കേഷൻ രജിസ്റ്റർ, വിമുക്ത ഭടൻമാരുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക്

ലഭ്യമാക്കിയിട്ടില്ല.

8)സഞ്ചയ സോഫ്റ്റ്വെയർ പ്യൂരിഫിക്കേഷൻ - ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണ്ണയം നടത്തുന്നു

2011-ലെ കേരളപഞ്ചായത്ത്‌രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1), (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം -2 ൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്തു പോയി വിവരങ്ങളുടെ കൃത്യതയും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്വെയർ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് സ്ഥലസന്ദർശം നടത്തി ഫാറം 6 തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 2020-21 വർഷത്തെ പ്യൂരിഫിക്കേഷൻ രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത കാരണങ്ങളാൽ സഞ്ചയ സോഫ്റ്റ്വെയറിലെ വസ്തുനികുതി നിർണ്ണയത്തിന്റെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. വസ്തുനികുതി ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് വസ്തുനികുതി നിർണ്ണയം നടത്തേണ്ടതും ബന്ധപ്പെട്ട രേഖകളും രജിസ്റ്ററും കൃത്യമായും പരിപാലിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 31/31.03.22-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 വാടകയിനത്തിൽ ഭീമമായ തുക ഈടാക്കാനുണ്ട്.

2020-21-ലെ എ.എഫ്.എസ് ബാലൻസ് ഷീറ്റ് പ്രകാരം Rent Receivable From Building (Current) ഇനത്തിൽ 272227/-രൂപയും Rent Receivable From Building (Arrear) ഇനത്തൽ 190793/- രൂപയും കിട്ടാനുണ്ട്. കൂടാതെ Receivable From Market Receipt (Current) ഇനത്തിൽ 141000/-രൂപയും Rent Receivable From Market Receipt(arrear) ഇനത്തിൽ 45996/-രൂപയും കിട്ടാനുണ്ട്. 2020-21-ലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കടമുറികളിൽ നിന്നും മാർക്കറ്റ് സ്റ്റാളുകളിൽ നിന്നും വാടക ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | വാടകക്കാരൻ | ഈടാക്കേണ്ട തുക |
|---|---|---|---|
| 1 | II, ഷോപ്പിംഗ് കോംപ്ലക്സ്, നന്ദിയോട് | അസി.ഡിപ്പോ മാനേജർ, സപ്ലൈകോ | 9312 |
| 2 | III, ഷോപ്പിംഗ് കോംപ്ലക്സ്, നന്ദിയോട് | കെ.പ്രകാശ്, പ്രകാശ് ഭവൻ, പുലിയൂർ, പച്ച | 31296 |
| 3 | V,ഷോപ്പിംഗ് കോംപ്ലക്സ്, നന്ദിയോട് | പി.എസ്.ലാലികുമാരി, ഹിമം, പൗവ്വത്തൂർ | 15636 |
| 4 | VII,ഷോപ്പിംഗ് കോംപ്ലക്സ്, നന്ദിയോട് | ചന്ദ്രമോഹൻ, അഭിലാഷ്ഭവൻ, ആലുംകുഴി | 3177 |
| 5 | V,മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | സി.കുമാരൻ, അക്ഷയ് ഭവൻ, ആലംപാറ | 3096 |
| 6 | VI.മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | സി.കുമാരൻ, അക്ഷയ് ഭവൻ, ആലംപാറ | 3795 |
| 7 | XIV,മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | കെ.വിമൽരാജ്, പള്ളിവിളാകത്ത് വീട്, പച്ചമല | 14400 |
| 8 | XVIമാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | സത്യരാജൻ | 14244 |

| | | | |
|---|---|---|---|
| 9 | XVII,മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | സുനിൽകുമാർ, അയണിമൂട് വീട്, ആലുവിള | 2628 |
| 10 | MOS,IV | സുശീല, തടത്തരികത്ത് വീട് | 7326 |
| 11 | MOS,V | ബിജു, ബൻസി ഭവൻ, മരുതൂമൂട് | 9300 |
| 12 | MOS,II | ആരുണാചലം, സാംബവർ, വടകര, തിരുനെൽവേലി | 3745 |
| | ആകെ | | 117955/- |

പ്രസ്തുത രജിസ്റ്ററിൽ ഡി.സി.ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ യഥാർത്ഥ കുടിശ്ശിക എത്ര എന്ന് വ്യക്തമല്ല. കുടിശ്ശിക തുകയായ വാടക ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം - 35-ന് മറുപടി ലഭിച്ചില്ല. വാടകയിനത്തിൽ ലഭിക്കാനുള്ള മുഴുവൻ തുകയും ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് സെക്രട്ടറിയുടെ ബാദ്ധ്യതയായി തീരുന്നതാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 പെർമിറ്റ്, നമ്പറിംഗ് എന്നിവ വ്യത്യസ്ത ഫയലുകളായിട്ടാണ് കൈകാര്യം ചെയ്തിട്ടുള്ളത്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 2/12/15-ൽ പുറപ്പെടുവിച്ച സർക്കുലർ നം.12900/ആർ/2015/ത.സ്വ.ഭ.വ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമിററ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങളും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ കെട്ടിട നിർമ്മാണ പെർമിറ്റ്, നമ്പറിംഗ് എന്നിവ വ്യത്യസ്ത ഫയലുകളായിട്ടാണ് കൈകാര്യം ചെയ്തിട്ടുള്ളത്. ആയതിനാൽ അനുവദിച്ച പെർമിറ്റിൽ നിന്ന് വ്യതിയാനമോ കൂട്ടിച്ചേർക്കലോ നടത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിക്കില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം - 36 നുള്ള മറുപടിയിൽ പെർമിറ്റ്, നമ്പറിംഗ് എന്നിവ ഒറ്റ ഫയലായി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

## 1-15 ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

നന്ദിയോട് ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് വാർഡ് അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 282 വാണിജ്യ സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. 2019-20 ലെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരവും 282 വാണിജ്യ സ്ഥാപനങ്ങൾ മാത്രമാണ് പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നത്. എന്നാൽ 20-21-ലെ ഡി&ഒ ലൈസൻസ് & പെർമിഷൻ രജിസ്റ്റർ പ്രകാരം 264 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. പഞ്ചായത്തിൽ ലൈസൻസ് എടുക്കാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റികൺസൈൽ ചെയ്യേണ്ടതുമാണ്. മേൽ വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 ലൈസൻസ് ലഭിച്ച ക്വാറികൾ സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്നില്ല.

2020-21 ലൈസൻസ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ 3 ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. ലഭ്യമാക്കിയ പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് പ്രകാരം ലൈസൻസ് കാലയളവിൽ (ഉത്തരവ് തീയതി മുതൽ 3 വർഷം) സി.എസ്.ആർ (Corporate Social Responsibility) പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടത്തണമെന്നതായിരുന്നു പരിസ്ഥിതി ക്ലിയറൻസ് നൽകുന്നതിനുള്ള ഒരു നിബന്ധന. ഓരോ ടൺ പാറ ഖനനം ചെയ്യുമ്പോഴും 10/-രൂപ നിരക്കിൽ സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തണമെന്നാണ് പരിസ്ഥിതി ക്ലിയറൻസ് ഉത്തരവിലെ ഒരു നിർദ്ദേശം.

| ക്രമ നം | ലൈസൻസ് രജിസ്റ്റർ നം | സ്ഥാപനം/ഉടമ | പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് നം |
|---|---|---|---|
| 1 | 13 | എ.സത്യപാലൻ | K1/6171/18 Dt.19.07.2018 |
| 2 | 76 | റ്റി.എച്ച്.വിജയമോഹനൻ | P/461/18 Dt.24.03.2018 |
| 3 | 44 | പ്രമീള വിൻസന്റ് | K1/11756/18 Dt.22.11.2018 |

ഈ സ്ഥാപനങ്ങൾ സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ, മോണിറ്റർ

ചെയ്തതിന്റെ വിശദാംശങ്ങൾ, എന്നിവ പരിശോധനയ്ക്ക് ലഭ്യമായില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 33-ന് മറുപടി ലഭിച്ചില്ല. നിലവിൽ സി.എസ്.ആർ പരിധിയിൽ ഉൾപ്പെടുത്തേണ്ടതായ സ്ഥാപനങ്ങളുടെ വിവരം ശേഖരിച്ച് അവയെയും ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിന് നിർദ്ദേശിക്കാവുന്നതും, ആയത് നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-17 ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലല്ല ഈടാക്കിയിട്ടുള്ളത്.

2017-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത്രാജ് ആക്ട് വകുപ്പ് 232-ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017-ലെ സ.ഉ.(പി)നം. 80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത്രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാകണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും, പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 33 -ന് മറുപടി ലഭിച്ചില്ല. ചട്ടങ്ങൾക്ക് അനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് ഭരണസമിതിയുടെയും ധനകാര്യ സ്റ്റാൻറിംഗ് കമ്മറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 റേഷൻ കടകൾ ലൈസൻസ് എടുത്തിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2020-21 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ച് നൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 33-ന് മറുപടി ലഭിച്ചില്ല.

## 1-19 ലൈസൻസ് ഫീസ് ഈടാക്കിയതിൽ തുകയുടെ കൃത്യത ഉറപ്പാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ലൈസൻസിന്റെ 1 മുതൽ 60 വരെയുള്ള അപേക്ഷകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപേക്ഷകളിൽ ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരമോ ഒറ്റ ദിവസത്തെ വിറ്റുവരവോ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | കെട്ടിട നം. | ഈടാക്കിയതുക |
|---|---|---|---|
| 1 | ശിവഗംഗ ഫ്ളോർമിൽ11/20 | 11/20 | 300 |
| 2. | നാഗാ ഏജൻസീസ് & ഹാർഡ്വെയർ | 17/4 | 600 |
| 3. | പോൺമുടി വുഡ്ക്രാഫ്റ്റ് | 7/550 | 5000 |
| 4. | ജി.ആർ.എസ് ഹാർഡ് വെയർ | 15/330 | 500 |
| 5 | വൃന്ദാവൻ ടിംബേഴ്സ് & ഫർണിച്ചർ | 7/547 | 500 |
| 6 | ശ്രീഹരി ജ്യൂസ് പാർലർ | 3/144 | 500 |
| 7 | ഇഫ്രാ ടെക്സ്റ്റൈൽസ് | 6/55A | 500 |
| 8 | മീനു സ്റ്റിച്ചിംഗ് സെന്റർ | 16/306/B | 500 |

ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിനാണ് ലൈസൽസ് ഫീ കണക്കാക്കിയതെന്ന് വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 33-ന് മറുപടി ലഭിച്ചില്ല.

## 1-20 കുഴൽകിണർ നിർമ്മാണം പൂർത്തീകരിച്ചില്ല - 66,374/-രൂപ തടസ്സപ്പെടുത്തുന്നു.

പേരയം ആയുർവേദ ഡിസ്പെൻസറിയ്ക്ക് കുഴൽകിണർ നിർമ്മാണത്തിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. സ ഉ നം 11/2018 തസ്വഭവ , തി 29-1-18 ഖണ്ഡിക 11.2. ഡി 2 പ്രകാരം തുക ഏജൻസിക്ക് അനുവദിക്കുന്നതിന് മുൻപായി തദ്ദേശഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷമേ തുക മുൻകൂർ അനുവദിക്കാവൂ എന്ന് സ്പഷ്ടമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റുമായി കരാറിൽ ഏർപ്പെടാതെയാണ് തുക നൽകിയിരിക്കുന്നത്. പ്രവർത്തി പൂർത്തീകരണ വിവരം, നൽകിയ തുകയുടെ വിനിയോഗ വിവരം, നിർമ്മാണം പൂർത്തിയാക്കിയതിനു ശേഷം കൈമാറിയ വിവരം എന്നിവ പരിശോധനയ്ക്ക്

| ക്രമ നം | പ്രോജക്റ്റ് നം | പദ്ധതി വിവരം | ബിൽ നം / തീ, തുക | ഫണ്ടിനം |
|---|---|---|---|---|
| 1 | 247/21 | പേരയം ആയുർവേദ ഡിസ്പെൻസറിയ്ക്ക് കുഴൽകിണർ നിർമ്മാണം | 20/20-21 Dt.26.08.20 66374/- | ധനകാര്യ കമ്മിഷൻ ഗ്രാന്റ് |

20.01.2018-നെ സ.ഉ(കൈ)നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3(ഡി)(4) പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 66374/-രൂപ ഓഡിറ്റിൽ തടസ്സത്തിൽവെയ്ക്കുന്നു. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 1-21 പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല - 344684/-രൂപ തടസ്സപ്പെടുത്തുന്നു.

2020-21 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം, കൈപ്പറ്റ് രസീത് പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോ. നം | പേര് | ബിൽനം/തിയതി | തുക ₹ |
|---|---|---|---|---|
| 1 | 5/21 | സാമൂഹ്യ സുരക്ഷാ മിഷന് സംഭാവന നൽകൽ | 5/20-21 Dt.15.5.20 | 100000 (വി.ഫ.ജ) |
| 2 | 11/21 | IKM ന് വിഹിതം നൽകൽ | 4/20-21 Dt.15.5.20 | 144684 (വി.ഫ.ജ) |
| 3 | 48/21 | ബയോമെഡിക്കൽ വേസ്റ്റ് സംസ്കരണം | ബിൽ നം 23/ 22.09.20 | 100000/- |

ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17-നുള്ള മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് കത്ത് നൽകിയെങ്കിലും ആയത് നാളിതുവരെ ലഭ്യമായില്ലെന്ന് ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. മേൽ രേഖകളുടെ അഭാവത്തിൽ 344684/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 1-22 സെന്റേജ് ചാർജ് അധികം നല്കി, രേഖകൾ ലഭ്യാക്കിയില്ല - 268000/-രൂപ തടസ്സപ്പെടുത്തുന്നു.

സ.ഉ(സാധാ) നം. 1817/2020/ ത.സ്വ.ഭ.വ തീയതി 4.10.2020 നം. ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസികൾക്ക് തദ്ദേശഭരണസ്ഥാപനങ്ങളുമായി എഗ്രിമെന്റ് വച്ച് പുതുതായി ഏൽപിക്കുന്ന പ്രവൃത്തികൾക്ക് 5% മുതൽ 8% വരെ സെന്റേജ് ചാർജ്ജ് മാത്രമാണ് അനുവദനീയം. എന്നാൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന കുടിവെള്ള പദ്ധതികളിൽ 10% സെന്റേജ് ചാർജ്ജ് ഈടാക്കിയതായി കാണുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം-30) മറുപടി ലഭിച്ചില്ല.

| പ്രോജക്റ്റ് നം. | പേര് | അടങ്കൽ തുക | ചെലവ് തുക | സെന്റേജ് ചാർജ്ജിനത്തിൽ ഈടാക്കിയ തുക(10%) |
|---|---|---|---|---|
| 139/21 | ഓട്ടുപാലം മുതൽ പച്ച വരെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ധനകാര്യ കമ്മിഷൻ ഗ്രാന്റ് 268000/- | ബിൽ നം. 18/20-21 DT.27.08.20 268000/- | 21943.92 |

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് അക്രഡിറ്റഡ് ഏജൻസിയും തദ്ദേശഭരണ സ്ഥാപനവുമായി ഏർപ്പെട്ട കരാർ, നൽകിയ

തുക വിനിയോഗിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം പണി പൂർത്തീകരിച്ചതിന്റെയും രേഖകൾ എന്നിവ ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ലഭ്യമായില്ല.

സ.ഉ(സാധാ) നം. 1817/2020/ ത.സ്വ.ഭ.വ തീയതി 4.10.2020 നം. ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുമായി എഗ്രിമെന്റ് വച്ച് പുതുതായി ഏൽപിക്കുന്ന പ്രവൃത്തികൾക്ക് 5% മുതൽ 8% വരെ സെന്റേജ് ചാർജ്ജ് മാത്രമാണ് അനുവദനീയമെന്നും അക്രഡിറ്റഡ് ഏജൻസികൾ തദ്ദേശഭരണസ്ഥാപനങ്ങളുമായി എഗ്രിമെന്റ് വച്ച് നടപ്പിലാക്കികൊണ്ടിരിക്കുന്നതും പൂർത്തിയാക്കിയതുമായ പ്രവൃത്തികൾക്ക് നിലവിലുള്ള 2.5% സെന്റേജ് ചാർജ്ജ് തന്നെ നൽകേണ്ടതാണെന്നും പരാമർശിച്ചിട്ടുള്ളതിനാൽ ഉചിതമായ തുടർനടപടികൾ സ്വീകരിച്ച് സെന്റേജ് ചാർജ്ജിനത്തിൽ അധികമായി ഈടാക്കിയ തുക തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. തുക വിനിയോഗിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം പണിപൂർത്തീകരിച്ചതിന്റെയും പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭിക്കാത്തതിനാൽ ചെലവ് തുകയായ 268000/-രൂപ തടസ്സപ്പെടുത്തുന്നു. മേൽ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 ജല ജീവൻ മിഷന് വിഹിതം നൽകൽ - രേഖകൾ ലഭ്യമായില്ല – 473265/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | 243/21 |
| പ്രോജക്റ്റിന്റെ പേര് | ജലജീവൻ മിഷന് പഞ്ചായത്ത് വിഹിതം |
| അടങ്കൽ | 1398945/- |
| ചെലവ് | 473265/- |
| ബിൽ നം | 43/20-21 തീ. 21.03.21 |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

കേരള വാട്ടർ അതോറിറ്റിയുടെ 28.09.20 തീയതിയിലെ KWA/HWD/DB.1/JJM/2470/2020/1 നം കത്ത് പ്രകാരം ജലജീവൻ മിഷൻ പദ്ധതിയുടെ പഞ്ചായത്തിന്റെ വിഹിതമായി 15% തുകയായ 1398945/-രൂപ അടവാക്കാൻ ആവശ്യപ്പെട്ടതിൽ പദ്ധതി പ്രകാരം 473265/-രൂപ തൻ വർഷം നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല .

1.പഞ്ചായത്ത്തല കർമ്മ സമിതി രൂപീകരിച്ചതിന്റെ വിശദാംശങ്ങൾ, യോഗ മിനട്സ് ലഭ്യമായില്ല.

2.വാട്ടർ അതോറിറ്റിയുടെ കണക്ക് പ്രകാരം 300 പേർക്ക് പുതിയതായി കണക്ഷൻ നൽകുന്നതിനായി 47326.5/-രൂപ ഗുണഭോക്തൃ വിഹിതം ഈടാക്കി അടവാക്കേണ്ടതാണ്.എന്നാൽ ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3. ഇക്കാര്യത്തിനായി ഗ്രാമപഞ്ചായത്തിൽ ബാങ്ക് അക്കൗണ്ട് ആരംഭിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ബാങ്ക് അക്കൗണ്ട് ആരംഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

4. കൈമാറിയ തുകയുടെ വിനിയോഗ വിവരം, പദ്ധതി പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകൾ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം - 30) മറുപടി ലഭിച്ചില്ല.

പ്രസ്തുത രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 473265/-രൂപ തടസ്സപ്പെടുത്തുന്നു. പ്രസ്തുത രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപ്പണി നടത്തൽ - അപാകതകൾ.

| പ്രോജക്റ്റ് | അടങ്കൽ തുക | ചെലവ് തുക | ബിൽനം./തീ. |
|---|---|---|---|
| തെരുവ് വിളക്ക് വാർഷിക അറ്റകുറ്റ പണി നടത്തൽ (33/21) | 400000/-(307970/- (ധന.കമ്മിഷൻ ഗ്രാന്റ്), 92030(വി.ഫ.ജനറൽ)) | 200000/- (ധന.കമ്മിഷൻ ഗ്രാന്റ്) | 28/20-21 തീ.17.11.20 |
| തെരുവ് വിളക്ക് വാർഷിക അറ്റകുറ്റ പണി നടത്തൽ (233/21)(സ്പിൽ ഓവർ) | 156600/-(ധന.കമ്മിഷൻ ഗ്രാന്റ്) | 155925/- (ധന.കമ്മിഷൻ ഗ്രാന്റ്) | 16/20-21 തീ.16.07.20 |

മേൽ പദ്ധതികൾക്കായി കുറവ് നിരക്ക് രേഖപ്പെടുത്തിയ ശ്രീ.സുരേഷ്.റ്റി (A One Agencies) എന്നവർക്കാണ് ടെണ്ടർ അംഗീകരിച്ച നൽകിയത്. പദ്ധതി പ്രകാരം വാർഡു മെമ്പർമാർ സാക്ഷ്യപ്പെടുത്തി നൽകുന്ന കണക്കുകളുടെ അടിസ്ഥാനത്തിലും ടിയാൻ സമർപ്പിച്ച ഇൻവോയിസുകളുടെ അടിസ്ഥാനത്തിലുമാണ് തുക അനുവദിയ്ക്കുന്നത്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.വാർഡ് തിരിച്ച് ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പറും സ്ഥാപിച്ചിരിക്കുന്ന ലൈറ്റിന്റെ ഇനവും, ലൈറ്റുകൾ സ്ഥാപിച്ച തീയതി, റീപ്ലേസ്മെന്റ് വാറന്റി സമയപരിധി, സർവീസ് വാറന്റി കാലാവധി എന്നിവ രേഖപ്പെടുത്തിയ തെരുവ് വിളക്കുകളുടെ രജിസ്റ്റർ

പരിശോധനയ്ക്ക് ലഭ്യമായില്ല. തൻമൂലം കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ബില്ലുകൾ പ്രകാരമുള്ള ലൈറ്റുകളുടെ എണ്ണത്തിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. കൂടാതെ വാറന്റി കാലാവധി അവസാനിക്കാത്ത ലൈറ്റുകളും മാറ്റി സ്ഥാപിച്ച് അവക്ക് തുക നൽകിയോ എന്ന് പരിശോധിക്കുവാനും സാധിക്കുന്നില്ല.

2.തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തണമെന്നമാണ് തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3 /2011/തസ്വഭവ തീ.15.09.11-ൽ നിർദ്ദേശിച്ചിട്ടുള്ളത്. പരാതി രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമാക്കിയെങ്കിലും ആയതിൽ 2017 വർഷം വരെ മാത്രമേ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളൂ.

3.ഗ്രാമപഞ്ചായത്തുകളിൽ തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ പൊതുജനങ്ങളിൽ നിന്നും മറ്റും സ്വീകരിക്കുന്നതിനും തുടർനടപടികൾക്കുമായി നോഡൽ ഓഫീസറേയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതാണെന്ന് പഞ്ചായത്ത് ഡയറക്ടറുടെ 17.8.15-ലെ ജി2-44274/2015 നമ്പർ ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. തെരുവ് വിളക്ക് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ, പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തി, നോഡൽ ഓഫീസർ മെയിന്റനൻസ് ടീമിന് കൈമാറേണ്ടതും പരിഹരിച്ച പരാതികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഈ പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ലഭ്യമായില്ല.

4.സർക്കുലർ നമ്പർ 177/ ഡി.എ.3/ 2016/ ത.സ്വ.ഭ.വ. തീയതി 07.11.2017 പ്രകാരം എ.എം.സി-യിൽ പ്രവൃത്തി പൂർത്തീകരിച്ച തുകയ്ക്കുള്ള ബിൽ ഹാജരാക്കുന്ന മുറയ്ക്ക് 10% റിടെൻഷൻ കഴിഞ്ഞുള്ള തുകയാണ് അനുവദിക്കേണ്ടത്. ആയത് പാലിച്ചിട്ടില്ല.

5.സർക്കുലർ നം 3055/ഡിഎ/2011/ത.സ്വ.ഭ.വ പ്രകാരം വാങ്ങി ഫിറ്റ് ചെയ്ത സാധനങ്ങൾ ISI നിലവാരത്തിൽ ഉള്ളതാവണം എന്നും കെ.എസ്.ഇ.ബി യുടെ നിരക്കിനെക്കാൾ അധികരിക്കാത്തതാവണം എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചതിന്റെ രേഖകൾ പരിശോധനയ്ക്കായി ലഭ്യമായില്ല.

6.മെയിന്റനൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയെങ്കിലും ആയതിൽ 2017 വർഷം വരെ മാത്രമേ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളൂ.

7.പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവിൽ രജിസ്റ്റർ ഓഫ് അൺസർവീസബിൾ ഐറ്റംസ് തയ്യാറാക്കേണ്ടതും സാമ്പത്തിക വർഷാവസാനം സ്റ്റോക്ക് ഇൻ രജിസ്റ്ററും സ്റ്റോക്ക് ഔട്ട് രജിസ്റ്ററും റീകൺസിൽ ചെയ്യേണ്ടതുമാണ്. ആയതു സംബന്ധിച്ച രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റെ പൊതുവായ സ്റ്റോക്ക് രജിസ്റ്ററാണ് പരിശോധനയ്ക്കായി നൽകിയത്. വാങ്ങിയ സാധനങ്ങളുടെ ഗുണനിലവാര സർട്ടിഫിക്കറ്റും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

8.പ്രവൃത്തി ഏറ്റെടുത്ത ശ്രീ.സുരേഷ്.റ്റി എന്ന കരാറുകാരന് നിയമാനുസൃത കിഴിവുകൾ നടത്താതെയാണ് പ്രവൃത്തികൾക്ക് തുക നൽകിയിരിക്കുന്നത്. ആദായ നികുതി നിയമം സെക്ഷൻ 194 സി പ്രകാരം കരാറുകാരിൽ നിന്നും 2% (വ്യക്തികൾ 1%, സ്ഥാപനങ്ങൾ 2%) ആദായ നികുതി ഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആദായ നികുതി ഈടാക്കാതെയാണ് രണ്ട് പ്രവൃത്തികൾക്കും തുക നൽകിയിട്ടുള്ളത്.

മേൾ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 23-ന് മറുപടി ലഭ്യമായെങ്കിലും ആയത് മേൽ അപാകതകളെ സാധൂകരിക്കാൻ കഴിയുന്നതല്ല. തെരുവ് വിളക്ക് സ്ഥാപിക്കുന്നതിലെ സുതാര്യത ഉറപ്പുവരുത്തി പദ്ധതി നിർവ്വഹണം കൃത്യമാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെട്ട തെരുവ് വിളക്കുകളുടെ പരിപാലനം എന്നത് നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് നടപ്പിലാക്കുവാൻ ശ്രദ്ധപുലർത്തേണ്ടതും സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-25 എൽ.ഇ.ഡി ലൈറ്റ് വാങ്ങൽ - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

20-21 ൽ തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് നം | പേര് | ഫണ്ടിനം /അടങ്കൽ | ചെലവ്, ബിൽ നം/തീയതി | സ്ഥാപനം/ എണ്ണം |
|---|---|---|---|---|---|
| 1. | 41/21 | എൽ.ഇ.ഡി ലൈറ്റ് വാങ്ങൽ | 519360/--വികസനഫണ്ട്(CFC), 1588/--തനത് ഫണ്ട് | 519360/--വികസനഫണ്ട്(CFC) 25/17.11.20 | സിഡ്കോ 212എണ്ണം |
| 2 | 236/21 | എൽ.ഇ.ഡി ലൈറ്റ് വാങ്ങൽ(സ്പീൽ ഓവർ) | 405150-വികസനഫണ്ട്(CFC), 2187/--തനത് ഫണ്ട് | 405150/---വികസനഫണ്ട്(CFC) 26/17.11.20 | KREWS 147എണ്ണം |

തെരുവു വിളക്ക പരിപാലനത്തിനായി വാങ്ങിയ എൽ.ഇ.ഡി ലൈറ്റുകൾ പഞ്ചായത്തിന്റെ സ്റ്റോക്കിലെടുക്കുകയും വിതരണം ചെയ്ത സ്ഥാപനം തന്നെ തെരുവ് വിളക്കുകൾ പഞ്ചായത്ത് നൽകിയ പോസ്റ്റ് നമ്പറുകളുടെ ലിസ്റ്റ് പ്രകാരം ഇൻസ്റ്റാൾ ചെയ്യുകയും ആയത് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്.

1. മെയിന്റനൻസിന് മുമ്പ് ഓരോ വാർഡിലും കേടായ തെരുവു വിളക്കുകളുടെ വിവരം (ഇലക്ട്രിക് പോസ്റ്റ് നമ്പർ, കേടായ

വിളക്കുകളുടെ വിവരം) കെ.എസ്.ഇ.ബി യിലെ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും വാങ്ങിയത് ഫയലിൽ ലഭ്യമല്ല. തെരുവു വിളക്കുകളുടെ ആവശ്യകത നിർണ്ണയിക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

2. മെയിന്റൻസിന് ശേഷം വിവിധ വാർഡുകളിൽ കേടായ തെരുവ് വിളക്കുകൾ നന്നാക്കിയതിന്റെ വിശദമായ റിപ്പോർട്ട് കെ.എസ്.ഇ.ബി-യിലെ അസ്സി.എഞ്ചിനീയറിൽ നിന്നും വാങ്ങിയത് ഫയലിൽ ലഭ്യമല്ല. കരാറുകാരൻ കൈപ്പറ്റിയ തെരുവ് വിളക്കുകൾ, സ്ഥാപിച്ചതായി വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രമാണ് ഫയലിൽ ഉള്ളത്.

3. മാർഗ്ഗരേഖകളിൽ ഉപകരണങ്ങൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണമെന്നും കേടായ സാധനങ്ങൾ അതാത് ദിവസം തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഈ രജിസ്റ്ററുകൾ റിക്കൺസിൽ ചെയ്യുന്നവെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിന്റെ പൊതുവായ സ്റ്റോക്ക് രജിസ്റ്ററിലാണ് വാങ്ങിയ ഉപകരണങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. വിതരണം ചെയ്തതിന്റെ വിവരമൊന്നും രേഖപ്പെടുത്തിയിട്ടില്ല. തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുമ്പോൾ പെർഫോമൻസ് ഗ്യാരന്റി ആവശ്യപ്പെടണമെന്നും ടി വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയതും പാലിച്ചിട്ടില്ല.

4. തെരുവു വിളക്ക് സംബന്ധിച്ച ഒരു കംപ്ലയിന്റ് രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺസർവീസബിൾ ഐറ്റംസ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടത് പ്രകാരം കംപ്ലയിന്റ് രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ എന്നിവ ഹാജരാക്കിയെങ്കിലും ആയതിൽ 2017 വർഷം വരെയുള്ള രേഖപ്പെടുത്തലുകൾ മാത്രമേ ഉള്ളൂ.

5. വാങ്ങിയ തെരുവു വിളക്ക് ഉപകരണങ്ങളുടെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 24-നുള്ള മറുപടിയിൽ എൽ.ഇ.ഡി ലൈറ്റുകൾ പഞ്ചായത്തിന്റെ സ്റ്റോക്കിലെടുക്കുകയും ആയത് വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുണ്ടെന്ന വാർഡ് മെമ്പർമാരുടെ സാക്ഷ്യപ്പെടുത്തലിന്റെയും പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ് തുക നൽകിയതെന്നും സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്ന് വാങ്ങിയതിനാൽ ഗുണമേന്മ പരിശോധന നടത്തിയിട്ടില്ലെന്നും അറിയിച്ചിരിക്കുന്നു.

മേൽ മാർഗനിർദ്ദേശങ്ങൾ പാലിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതും പരാമർശങ്ങളിൽ ഉചിതമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-26 കിടാരി വളർത്തൽ-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | SO28/21 |
| പേര് | കിടാരി വളർത്തൽ (പട്ടിക വർഗ്ഗം) |
| അടങ്കൽ | വികസനഫണ്ട് (ടി.എസ്.പി) 208000 |
| ചെലവ് | ബിൽ നം. 6/13.10.2020-32000<br>7/13.10.2020-48000<br>8/2.11.2020-64000<br>9/12.11.2020- 16000<br>10/12.11.2020- 48000<br>ആകെ - 208000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

പഞ്ചായത്ത് പ്രദേശത്ത് പാലുല്പാദനം വർദ്ധിപ്പിക്കുക, പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, കർഷകരുടെ വരുമാനം മെച്ചപ്പെടുത്തുക, കർഷകരുടെ ജീവിതനിലവാരം ഉയർത്തുക എന്നീ ലക്ഷ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് 13 പട്ടികവർഗ്ഗ വനിതാ ഗുണഭോക്താക്കൾക്ക് ഓരോ കിടാരിയെ വാങ്ങുന്നതിന് 100% സബ്സിഡി തുകയായ 16000/-രൂപ സബ്സിഡി നൽകുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയാണിത്. പദ്ധതിയിൽ മൂന്ന് വർഷത്തേക്ക് കിടാരിയെ വിൽക്കുകയില്ലായെന്ന് കരാർ വയ്ക്കണമെന്നതായിരുന്നു നിബന്ധന. പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. *ഒരു വ്യക്തി തന്നെ ഒരേ സമയം പശുവിനെ വാങ്ങുകയും വിൽക്കുകയും ചെയ്തിരിക്കുന്നു.* പദ്ധതിയിലെ ഗുണഭോക്താവായ ശ്രീമതി

ബിന്ദു. ബി, കുഴിയം, മേക്കുംകരവീട്, പനയമുട്ടം (ആധാർ നം. 769200819509) ശ്രീമതി പുഷ്പലതയിൽ നിന്ന് 16000/- രൂപയ്ക്ക് കിടാരിയെ വാങ്ങിയതായും ശ്രീമതി ഭാരതി, കൊച്ചു പൊൻപാറ, തടത്തരികത്തു വീട്, പനയമുട്ടം എന്ന ഗുണഭോക്താവിന് കിടാരിയെ വിറ്റതായും കാണുന്നു. ഗുണഭോക്തൃലിസ്റ്റിൽ മതിയായ ഗുണഭോക്താക്കൾ ഉണ്ടായിരിക്കെ ഇപ്രകാരം ഒരേ ഗുണഭോക്താവ് തന്നെ കിടാരിയെ വിൽക്കുകയും വാങ്ങുകയും ചെയ്തത് ന്യായീകരിക്കത്തക്കതല്ല.

2.പഞ്ചായത്ത് പ്രദേശത്ത് പാലുല്പാദനം വർദ്ധിപ്പിക്കുക, പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്നിവ പദ്ധതിയുടെ ലക്ഷ്യങ്ങളായിരിക്കെ പഞ്ചായത്ത് പ്രദേശത്ത് തന്നെയുള്ള കിടാരികളെ വിൽക്കുകയും വാങ്ങുകയും ചെയ്യുക വഴി പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. പ്രോജക്ട് നം. 10, 9 എന്നിവയിലും ഇതേ അപാകത നിലനിൽക്കുന്നു.

ഉദാഹരണം( പ്രോജക്ട് നം. S028/21 പ്രകാരം)

| വിറ്റ ആൾ | വാങ്ങിയ ആൾ | റിമാർക്സ് |
|---|---|---|
| ഉഷ, അശ്വതി, മരുതുംമൂട്, പച്ചമല | രാധാമണി , പരുത്തിവിള വീട്, പച്ചമല | |
| പിങ്കി, തിരുവാതിര, പച്ചമല | പ്രഭ.സി, പടിഞ്ഞാറ്റിൻകര വീട്, പച്ചമല | |
| സിന്ധു. എസ്. എസ്, കൃഷ്ണഭവൻ, ഇളവട് | സുശീല. വി, സിന്ധുഭവൻ, നീർപ്പാറ, ഇളവട്ടം | The Scheduled Tribes And Other Tradtionalnal Forest Dwellers (Recognition Of Forest Certificate) Rules 2007 ന്റെ സർട്ടിഫിക്കറ്റ് പ്രകാരം ശ്രീമതി. വി സുശീലയുടെ മകളാണ് ശ്രീമതി. എസ്. സിന്ധു. |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.10 ന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള കിടാരിയെ ലഭ്യമല്ലാതിരുന്ന സാഹചര്യത്തിൽ ശ്രീമതി.ബിന്ദു വളർത്തിയിരുന്ന രണ്ട് കിടാരികളിൽ ഒന്നിനെയാണ് ശ്രീമതി.ഭാരതിയ്ക്ക് നൽകിയതെന്നും കോവിഡ് 19 പ്രതിസന്ധി രൂക്ഷമായ സാഹചര്യത്തിൽ പുറമെ നിന്ന് മൃഗങ്ങളെ കൊണ്ടു വരുന്നതിന് നിയന്ത്രണങ്ങൾ ഉണ്ടായിരുന്നതിനാൽ നല്ല ഗുണമേന്മയുള്ള കിടാരികളുടെ ലഭ്യതക്കുറവ് അനുഭവപ്പെട്ട സാഹചര്യത്തിലാണ് ഇങ്ങനെയൊരു നടപടിയുണ്ടായതെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. പഞ്ചായത്ത് പ്രദേശത്ത് പാലുല്പാദനം വർദ്ധിപ്പിക്കുക, പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്നിവ പദ്ധതിയുടെ ലക്ഷ്യങ്ങളായിരിക്കെ ഇത്തരം നടപടികൾ വഴി പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിച്ചില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 വാറ്റിനത്തിലെ തുക കുറവ് ചെയ്യാതെ ഗുണഭോക്തൃസമിതിയ്ക്ക് തുക പൂർണ്ണമായും നൽകി.

സർക്കാർ ഉത്തരവ് (പി) നം30/2016, ധന.തീയതി 29/02/2016 പ്രകാരം ഗുണഭോക്തൃസമിതി നിർവഹിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ 7.5% ഓവർഹെഡ് ചാർജ് അനുവദിക്കാമെന്നും എന്നാൽ വർക്ക് ബില്ലുകളിൽ നിന്നും ഈടാക്കുന്ന അനുവദനീയമായ നികുതികൾ ഗുണഭോക്തൃസമിതി തന്നെ വഹിക്കണമെന്നും വ്യക്തമാക്കുന്നുണ്ട്.

മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ 7.5% ഓവർഹെഡ് ചാർജ് കൂടെ ഉൾപ്പെട്ട നിരക്കാണ് PRICE Software-ൽ വിഭാവനം ചെയ്തിരിക്കുന്നത്. ഈ സമയത്ത് 5% VAT ആണ് നിലവിലുണ്ടായിരുന്നത്. 01.01.2017-മുതൽ VAT പകരം GST വന്നതിനാൽ 5% VAT ഒടുക്കേണ്ടതില്ല. ആയതിനാൽ VAT നിലവിലില്ലാത്ത സാഹചര്യത്തിലും കൺവീനർമാർ ജി.എസ്.റ്റി.ഒടുക്കു വരുത്താത്ത സാഹചര്യത്തിലും 5% തുക കുറവ് ചെയ്ത് ബില്ല് നൽകിയാൽ മതിയാവുന്നതാണെന്നും ഉത്തരവ് നം ഡിബി 9058/17സി.ഇ/ത.സ്വ.ഭ.വ. തീയതി 16.03.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് നിർവഹിച്ച ചുവടെ പറയുന്ന പ്രവൃത്തികളിൽ മേൽ നിർദ്ദേശം പാലിച്ചിട്ടില്ല.

1.പദ്ധതി -പച്ചമല അംഗൻവാടി മെയിന്റനൻസ്

പദ്ധതി നം - 175/2021

അടങ്കൽ - മെയിന്റനൻസ് ഫണ്ട്(റോഡിതരം) 495000

ചെലവ് -ബിൽ നം. 54/20.01.2021- 494264/-

നിർവഹണം - അസി.എഞ്ചിനീയർ

കൺവീനർ - അജിത്കുമാർ. പി.എസ്

എം ബുക്ക് നം -14/20-21, 482/2019-20

ആകെ പ്രവൃത്തി മൂല്യം- 441308/-

ഈ പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% തുകയായ 22065.4/-രൂപ കുറവ് ചെയ്യിട്ടായിരുന്ന കൺവിനർക്ക് നൽകേണ്ടിയിരുന്നത്. എന്നാൽ ടി തുക ഈടാക്കാത്തതിനാൽ ഈയിനത്തിൽ കൺവീനർക്ക് 22065.4/- രൂപ അധികം നൽകേണ്ടതായി വന്നു. പ്രസ്തുത പ്രവൃത്തിയിൽ കൺവീനർക്ക് ജി.എസ്.ടി കോംപൻസേഷൻ ഇനത്തിൽ 12% തുകയായ 52956/- രൂപ കൂടി കരാറുകാരന് നൽകിയിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ 16.03.2018ലെ DB3-9058/17/CE/lsgd പ്രകാരം കൺവീനർമാർ ജി.എസ്.ടി അടയ്ക്കേണ്ട സാഹചര്യം ഇല്ലാത്തതിനാൽ GST Compensationനൽകേണ്ടതില്ലായെന്നും ഏതെങ്കിലും സാഹചര്യത്തിൽ കൺവീനർമാർ ജി.എസ്.ടി അടവാക്കിയിട്ടുണ്ടെങ്കിൽ കോംപൻസേഷൻ ആ സമയത്ത് പരിഗണിക്കാവുന്നതാണെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിയിൽ കൺവീനർ ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ള വ്യക്തിയാണോയെന്ന് ഉറപ്പു വരുത്താനായിട്ടില്ല. കൺവീനർക്ക് ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ള പക്ഷം പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2.പദ്ധതി -പച്ച എൽ.പി.എസ് റൂഫ് നിർമ്മാണം

പദ്ധതി നം - 137/2021

അടങ്കൽ -450000/-

ചെലവ് -401743/-

നിർവഹണം - അസി.എഞ്ചിനീയർ

കൺവീനർ - -ശ്രീമതി. ഷൈജ എച്ച്.എം

ബിൽ നം 15/30.5.2021- 401743

എം ബുക്ക് നം 490/2019-20

പ്രവൃത്തി മൂല്യം- 401743

ഈ പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% തുകയായ 20087.15/-രൂപ കുറവ് ചെയ്യിട്ടായിരുന്ന കൺവിനർക്ക് നൽകേണ്ടിയിരുന്നത്. എന്നാൽ ടി തുക ഈടാക്കാത്തതിനാൽ ഈയിനത്തിൽ കൺവീനർക്ക് 20087.15/- രൂപ അധികം നൽകേണ്ടതായി വന്നു.

3.പദ്ധതി -ആലുംമൂട് അംഗൻവാടി മെയിന്റനൻസ്

പദ്ധതി നം - 128/2021

അടങ്കൽ -200000/-

ചെലവ് -178570/-

നിർവഹണം - അസി.എഞ്ചിനീയർ

കൺവീനർ - -ശ്രീമതി.ശോഭ

ബിൽ നം -16/20-21 തീ. 30/05/20

എം ബുക്ക് നം-496/2019-20

പ്രവൃത്തി മൂല്യം- 178570

ഈ പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% തുകയായ 8928.5/-രൂപ കുറവ് ചെയ്യിട്ടായിരുന്ന കൺവിനർക്ക് നൽകേണ്ടിയിരുന്നത്. എന്നാൽ ടി തുക ഈടാക്കാത്തതിനാൽ ഈയിനത്തിൽ കൺവീനർക്ക് 8928.5/-രൂപ അധികം നൽകേണ്ടതായി വന്നു.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.27-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശത്തിന് മറുപടി ലഭ്യമാക്കേണ്ടതും തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-28 പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് റോഡ് നിർമ്മാണ പ്രവൃത്തിക്ക് വിനിയോഗിച്ചു.

പട്ടികവർഗ്ഗ ഉപപദ്ധതി (ടി.എസ്.പി.) ഫണ്ട് റോഡ് നിർമ്മാണ പ്രവൃത്തിക്ക് ഉപയോഗിക്കുവാൻ പാടില്ല. 29-01-2018-ലെ ജി.ഒ.എം.എസ്. നം. 11/2018/തസ്വഭവ ഖണ്ഡിക 06.02(10) പദ്ധതി മാർഗരേഖ പ്രകാരം ടി.എസ്.പി. ഫണ്ട് റോഡ് നിർമ്മാണ പ്രവൃത്തിക്ക് വകയിരുത്താൻ പാടില്ല എന്ന് നിർദ്ദേശിക്കുന്നു. കൂടാതെ മേൽ ഉത്തരവ് ഖണ്ഡിക നം. 6.2(1) പ്രകാരം പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ല. എന്നാൽ ചുവടെപ്പറയുന്ന പ്രവൃത്തിയിൽ പ്രസ്തുത നിർദ്ദേശം പാലിച്ച് കാണുന്നില്ല.

| പദ്ധതി നം. | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 188/21 | കടുവാച്ചിറ പ്രമലറോഡ് കോൺക്രീറ്റിംഗ് | 165734 | 0 |

പ്രസ്തുത പദ്ധതിയിൽ റോഡ് നിർമ്മാണ പ്രവൃത്തിയ്ക്ക് ടി.എസ്.പി ഫണ്ട് വകയിരുത്തുകയും എന്നാൽ പദ്ധതി നടപ്പിലാക്കാതെ പാഴാക്കി കളയുകയും ചെയ്തിരിക്കുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.12-ന് മേൽ പദ്ധതി ഏറ്റെടുത്തിരുന്നുവെങ്കിലും

സെറ്റിൽമെന്റിലേക്കുള്ള നടപ്പാത നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്ന ഭാഗത്ത് ബ്ലോക്ക് പഞ്ചായത്ത് റോഡ് കോൺക്രീറ്റിംഗ് നടത്തിയതിനാൽ ടി പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ലായെന്ന് മറുപടി ലഭ്യാക്കിയിട്ടുണ്ട്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും ടി.എസ്.പി ഫണ്ട് പാഴായി പോകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-29 എസ്.സി കോളനി കുടിവെള്ള പദ്ധതി -അപാകതകൾ.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0115/21 |
| പേര് | എസ്.സി കോളനി കുടിവെള്ള പദ്ധതി പുനരുദ്ധാരണം |
| അടങ്കൽ | വികസനഫണ്ട് (എസ്.എസ്.പി)300000 |
| ചെലവ് | ബിൽ നം. 5/22.4.2020- 297821 |
| എം.ബുക്ക് നം. | 466/9.9.2019<br>495/9.9.2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. PWD Mannual 2012-ലെ സെക്ഷൻ 2306.1 പ്രകാരം ഗവ.കെട്ടിടങ്ങളുടെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ചെയ്യുന്നതിനു ഇലക്ട്രിക്ക് ലൈസൻസുള്ള കരാറുകാർക്ക് നൽകണമെന്നു നിഷ്ക്കർക്കുന്നു. മുകളിൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തിയിൽ ഇലക്ട്രിക്കൽ വർക്ക് കൂടി ഉൾപ്പെട്ടിട്ടുണ്ട്.

എന്നാൽ മേൽ പ്രവൃത്തിയുടെ കരാറുകാരനായ അജയഘോഷിന് (രജി. നം. 84/EE/BLDGS/17-18) സിവിൽ വർക്ക് ചെയ്യുന്നതിന് ലൈസൻസ് മാത്രമാണ് ഉള്ളത്.

2. ഈ പ്രവൃത്തിയുടെ അന്തിമ ബിൽ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനും സൂപ്പർ വിഷൻ ചാർജ്ജ് ഇനത്തിലും ജില്ലാപഞ്ചായത്ത് അക്രഡിറ്റഡ് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നല്കേണ്ട 3% തുക( 1153.70/-) ചെക്ക് മെഷറിംഗ് ചാർജ്ജിനത്തിൽ കെ.എസ്.ഇ.ബി. അസി.എഞ്ചിനീയർക്ക് നൽകേണ്ട 1% (384.57/-) എന്നിവ കൂടെ കരാറുകാരന് നൽകിയതായി ബോധ്യപ്പെട്ടു. ജില്ലാപഞ്ചായത്ത് അക്രഡിറ്റഡ് അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. അസി.എഞ്ചിനീയർ എന്നിവരുടെ കൈപ്പറ്റ് രസീതാണ് ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടുള്ളത്. മേൽ തുകകൾ നേരിട്ട് ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകാതെ കരാറുകാരന് നേരിട്ട് നൽകിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 44-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും പൊതുമരാമത്ത് ചട്ടങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്.

## 1-30 ആസ്തി പരിപാലനം-സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

പദ്ധതി മാർഗരേഖ [സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 2 ന് പദ്ധതി രൂപീകരണത്തിനായി അന്തിമ പദ്ധതികളുടെ ലിസ്റ്റ് ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് നൽകിയതിൻ പ്രകാരമാണ് ഓരോ പദ്ധതിയും ഏറ്റെടുത്തിട്ടുള്ളതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡേറ്റാബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012-ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ

ഓഡിറ്റ് എൻക്വയറി നം.2 ന് ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് ആസ്തി സംരക്ഷണ പദ്ധതികൾ സ്വീകരിക്കേണ്ടതും ആസ്തി രജിസ്റ്റർ കാലികമാക്കി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-31 പ്രോജക്ടുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു.

പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് സർക്കുലർ നമ്പർ ഇ20/6699/2018/സി.ഇ/തസ്വഭവ തീയതി 21.06.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കും മുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്. പ്രോജക്ട് രൂപീകരണത്തിൽ സ്ഥല പരിശോധനയുടെ അഭാവത്താൽ 2020-21 സാമ്പത്തിക വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ നിരവധി എണ്ണത്തിന്റെ എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | മാറ്റം വരുത്തുന്നതിന് രേഖപ്പെടുത്തിയിരിക്കുന്ന കാരണം |
|---|---|---|---|
| 1 | 172 | വഞ്ചുവം നടപ്പാലം | ആനുപാതികമായി കരിങ്കൽ സൈഡ് വാൾ കൂടുതലായി ചെയ്യേണ്ടി വന്നതിനാൽ |
| 2 | 198 | സ്കൂളുകളിൽ ഉമ്പൂർ മൂഴി സ്ഥാപിക്കൽ | ഇളവട്ടം എൽ.പി.എസ്, എസ്.കെ.വി എച്ച്.എസ് നന്ദിയോട് എന്നിവ ഉമ്പൂർ മൂഴി സ്ഥാപിക്കുന്നതിന് അസൌകര്യം അറിയിച്ചതിനാൽ |
| 3 | 115 | എസ്.സി കോളനി കുടിവെള്ള പദ്ധതി പുനരുദ്ധാരണം | ഇലക്ട്രിഫിക്കേഷൻ വർക്ക് കൂടി ഉൾപ്പെടുത്തുന്നതിന് |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 45 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-32 പ്രവൃത്തി പൂർത്തീകരിച്ച ശേഷം പ്രോജക്ട് റിവൈസ് ചെയ്തു.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 (Go(p)13/2012/pwd/dtd 01.02.2012 സെക്ഷൻ 1601-1-6പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ മരാമത്ത് പ്രവൃത്തിയുടെ പൂർത്തീകരണം വരെ കാത്തിരിക്കേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ജി.ഒ.(എം.എസ്)72/2017 ത,സ്വ.ഭ.വ തീയതി 29-03-2017 പ്രകാരം പ്രവൃത്തി പൂർത്തിയായതിനു ശേഷമോ നിർവഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനു ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകുവാൻ പാടില്ലാ എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ചുവടെ പറയുന്ന പ്രവൃത്തി പൂർത്തീകരിച്ച ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതായി കാണുന്നു.

| | പദ്ധതിയുടെ പേര്, നം. | പദ്ധതി പൂർത്തീകരിച്ച തീയതി | പദ്ധതി റിവൈസ് ചെയ്യാനുള്ള ഭരണ സമിതി തീരുമാനം |
|---|---|---|---|
| 1. | 172, വഞ്ചുവം നടപ്പാലം | 31.12.2021 | തീരുമാനം നം 2(6). 20.01.2021 |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 13-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പി.ഡബ്ല്യൂ.ഡി മാന്വലിന് വിരുദ്ധമായി പ്രോജക്ട് റിവൈസ് ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-33 ടെണ്ടർ രജിസ്റ്റർ പരിപാലനം- പൊതുമരാമത്ത് ചട്ടങ്ങൾ പാലിക്കുന്നില്ല.

കേരള പൊതുമരാമത്ത് ചട്ടങ്ങൾ ചട്ടം 10-7 പ്രകാരം ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ സ്വന്തം കൈപ്പടയിൽ ടെണ്ടറിൽ കരാറുകാരൻ രേഖപ്പെടുത്തിയ ടെണ്ടർ നിരക്കിന്റെ ശതമാനം അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തി ചുരുക്കൊപ്പ്

വയ്ക്കേണ്ടതാണ്. പൊതുമരാമത്ത് ചട്ടം പ്രകാരം സ്വീകാര്യമായ ടെണ്ടറുകളുടെ താരതമ്യ പട്ടിക തയ്യാറാക്കണം എന്നാൽ ടെണ്ടർ രജിസ്റ്റർ പരിശോധിച്ചതിൽ മേൽ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല. എല്ലാ പദ്ധതികളുടേയും ടെണ്ടർ വിവരങ്ങൾ ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ) പ്രോജക്ട് നം. 269, മാടൻപാറ ഏറേ മൺപുറം റോഡ് കോൺക്രീറ്റിംഗ്.

ബി) പ്രോജക്ട് നം. 270, ആല്ലുംകുഴി മണ്ണയത്ത് വിള തോട്ടുംപുറം റോഡ് മെയിന്റനൻസ്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.46-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പൊതുമരാമത്ത് ചട്ടങ്ങൾ പാലിച്ച് ടെണ്ടർ രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. ആയത് ടെണ്ടറുകളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിന് അനിവാര്യമാണ്.

## 1-34 സ്കൂളുകളിൽ തുമ്പൂർമൂഴി സ്ഥാപിക്കൽ -അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0198/21 |
| പേര് | സ്കൂളുകളിൽ തുമ്പൂർ മൂഴി സ്ഥാപിക്കൽ |
| അടങ്കൽ | കേന്ദ്രാവിഷ്കൃത ഫണ്ട് 680000 |
| ചെലവ് | ചെക്ക് നം. 2150343/18.11.2020- 130000<br>2150363/23.3.2020- 300000 |
| എം.ബുക്ക് നം. | 33 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. 6 സ്കൂളുകളിൽ തുമ്പൂർമൂഴി സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ സർക്കാർ അംഗീകൃത ഏജൻസിയായ സോഷ്യോ ഇക്കണോമിക് ഫൌണ്ടേഷനുമായി 27.2.2020-ൽ കരാർ വച്ചിട്ടുണ്ട്. എന്നാൽ ഇളവട്ടം എൽ.പി.എസ്, എസ്.കെ.വി എച്ച്.എസ്.എസ്, നന്ദിയോട് എന്നിവ അസൗകര്യം അറിയിച്ചതിനാൽ 28.6.2021-ൽ പ്രോജക്ട് റിവൈസ് ചെയ്തിട്ടുണ്ട്. ആവശ്യകതാ നിർണ്ണയം നടത്തിയ ശേഷമല്ല പദ്ധതി ആവിഷ്കരിച്ചതെന്ന് വിലയിരുത്തുന്നു.

2. എം.ബുക്ക് പ്രകാരം പദ്ധതിയുടെ അന്തിമ മൂല്യനിർണ്ണയം 868418/- രൂപയാണ്. 2021-22-ൽ സ്പിൽ ഓവർ ആയ പ്രോജക്റ്റിൽ ചെക്ക് നം. 695012013/23.3.2022-18418/- രൂപയും ചെക്ക് നം. 69501213/23.3.2022 – 250000/-രൂപയും അക്രഡിറ്റഡ് ഏജൻസിയ്ക്ക് നൽകിയിട്ടുണ്ട്. 2019-20ൽ ചെക്ക് നം. 0054931/30.3.2020 പ്രകാരം 170000/- രൂപയും നൽകിയിട്ടുണ്ട്. എന്നാൽ മേൽ പരാമർശിച്ചിട്ടുള്ള ഒരു ബില്ലിലും കുറവ് ചെയ്യേണ്ട ഇൻകംടാക്സ്, നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം, ജി.എസ്.ടി എന്നിവ കുറവ് ചെയ്തതായി കാണുന്നില്ല.

3. 31.3.2022-ൽ അസിസ്റ്റന്റ് എഞ്ചിനീയറുമായി ഗവ.എൽ.പി.എസ് നന്ദിയോടിൽ നടത്തിയ സ്ഥലപരിശോധനയിൽ എയറോബിക് കംപോസ്റ്റിംഗ് പ്ലാന്റിൽ പ്ലാസ്റ്റിക് മാലിന്യമുൾപ്പെടെ നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 47 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-35 പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018-ലെ എ.സി.2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും രണ്ട് ശതമാനം നിരക്കിലും ഈടാക്കേണ്ടതാണ്. താഴെപ്പറയുന്ന പ്രവൃത്തികളിലൊന്നും തന്നെ കരാർ കാലാവധി നീട്ടിക്കിട്ടാൻ കരാറുകാരൻ അപേക്ഷ നൽകിയത് ഫയലിൽ സൂക്ഷിച്ചിട്ടില്ല. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിശദാംശം | ഈടാക്കേണ്ട തുക |
|---|---|

| | |
|---|---|
| പ്രോജക്റ്റ് നം. 201<br>പേര്- പ്ലാവറ പൊന്നാംകോണം റോഡ് പുനരുദ്ധാരണം<br>അടങ്കൽ- ധനകാര്യകമ്മീഷൻ ഗ്രാന്റ് 593807<br>കരാറുകാരൻ-സി. കുമാരൻ<br>എം.ബുക്ക് നം.- 248/5.8.2020<br>ചെലവ് തുക- ബിൽ നം. 52/29.12.2021-32553<br>ബിൽ നം. 75/18.3.2021- 267323<br>കരാർ തുക- 530184/-<br>പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ്- 6മാസം<br>എഗ്രിമെന്റ് വച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്തത്-18.11.2019<br>പ്രവൃത്തി പൂർത്തീകരിച്ചത്- 10.11.2020 | കാലതാമസം- 177 ദിവസം<br>അനുവദനീയമായ ഗ്രേസ് ടൈം (എഗ്രിമെന്റ് പ്രകാരം) 20%=180X20%=36<br>ഗ്രേസ് പീരിയഡ് കഴിഞ്ഞശേഷമുള്ള കാലയളവ്-141 ദിവസം<br>ആദ്യത്തെ 3 മാസത്തേയ്ക്ക് ഈടാക്കേണ്ട പിഴ=530184X1%=5302/-<br>അടുത്ത 52 ദിവസത്തേക്ക് ഈടാക്കേണ്ട പിഴ- 530184X2%X52/90=6127 |
| പ്രോജക്റ്റ് നം. 196<br>പേര്- പാങ്കോട്ടുകോണം കുന്നംപുറം പാലം നിർമ്മാണം<br>അടങ്കൽ- ധനകാര്യകമ്മീഷൻ ഗ്രാന്റ് 100000<br>കരാറുകാരൻ-അജയഘോഷ്<br>എം.ബുക്ക് നം.- 477/9.9.2019<br>ചെലവ് തുക- ബിൽ നം.26/27.9.2019-98420<br>കരാർ തുക-99500/-<br>പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ്- 6മാസം<br>എഗ്രിമെന്റ് വച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്തത്-17.1.2019<br>പ്രവൃത്തി പൂർത്തീകരിച്ചത്- 9.7. 2020 | കാലതാമസം- 387 ദിവസം<br>അനുവദനീയമായ ഗ്രേസ് ടൈം(എഗ്രിമെന്റ് പ്രകാരം)20%=180X20%=36<br>ഗ്രേസ് പീരിയഡ് കഴിഞ്ഞശേഷമുള്ള കാലയളവ്-351 ദിവസം<br>ആദ്യത്തെ 3 മാസത്തേയ്ക്ക് ഈടാക്കേണ്ട പിഴ=99500X1%=995/-<br>അടുത്ത 3 മാസത്തേക്ക് ഈടാക്കേണ്ട പിഴ- 99500X2%= 1990/-<br>അടുത്ത മൂന്ന് മാസത്തേയ്ക്ക് ഈയാക്കേണ്ട പിഴ= 99500x2%=1990/-<br>അടുത്ത 81ദിവസത്തേക്ക് ഈടാക്കേണ്ട പിഴ- 99500X2%X81/90=1791 |
| പേര്- എസ്. സി കോളനി കുടിവെള്ള പദ്ധതി പുനരുദ്ധാരണം<br>അടങ്കൽ- വികസനഫണ്ട് (എസ്.സിപി) 300000<br>കരാറുകാരൻ-അജയഘോഷ്<br>എം.ബുക്ക് നം.- 466/9.92019<br>495/9.9.2019<br>ചെലവ് തുക- ബിൽ നം.5/22.4.2020-297821<br>കരാർ തുക-298700/-<br>പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ്- 6മാസം<br>എഗ്രിമെന്റ് വച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്തത്-17.6.2019<br>പ്രവൃത്തി പൂർത്തീകരിച്ചത്-18.3. 2020 | കാലതാമസം- 89 ദിവസം<br>അനുവദനീയമായ ഗ്രേസ് ടൈം(എഗ്രിമെന്റ് പ്രകാരം)20%=180X20%=36<br>ഗ്രേസ് പീരിയഡ് കഴിഞ്ഞശേഷമുള്ള കാലയളവ്-53 ദിവസം<br>ആദ്യത്തെ 53 മാസത്തേയ്ക്ക് ഈടാക്കേണ്ട പിഴ=297800X1%X53/90=1754/- |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 48 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-36 ഗുണമേന്മയുള്ള റോഡ് സർക്കാർ നിർദ്ദേശം പാലിച്ചില്ല.

സർക്കാർ ഉത്തരവ് (കൈ)നം11/2018 ത.സ്വ.ഭ.വ തീയതി 29.01.2018 ഖണ്ഡിക 7.13 പ്രകാരം ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശഭരണ സ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടു കൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ്ഥാപനം ഇത്തരത്തിൽ റോഡ് ഏറ്റെടുത്തിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 28 ന് ഇത്തരത്തിലുള്ള പദ്ധതി ഏറ്റെടുത്തിട്ടില്ലായെന്ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-37 സ്പിൽ ഓവർ പദ്ധതികൾ തൻവർഷവും നടപ്പിലാക്കിയില്ല.

ജി.ഓ.(എം.എസ്) നം72/2017ത.സ്വ.ഭ.വ.തിരുവനന്തപുരം 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. ചെലവ് പത്രിക പ്രകാരം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ ചെയ്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണം നടത്തുന്നതിനായി ഏറ്റെടുത്ത പ്രോജക്ട് നം. 199, 209, 206, 203, 213 എന്നിവ തൻവർഷം സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം നടപ്പിലാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 4 ന് പ്രസ്തുത പദ്ധതികൾ പ്രാദേശികമായ എതിർപ്പും പ്രായോഗിക ബുദ്ധിമുട്ടും മൂലം ഒഴിവാക്കിയവയാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖ പ്രകാരം മാർച്ച് 31-ന് നിർവ്വഹണം പൂർത്തിയാകാത്ത പ്രോജക്ടുകളുടെ നിലവിലുള്ള അവസ്ഥ പരിശോധിച്ച് ഏതൊക്കെ പ്രോജക്ടുകൾ തുടർന്ന് നടപ്പാക്കേണ്ടതുണ്ടെന്ന് തീരുമാനിക്കേണ്ടതുണ്ട്. 2019-20-ൽ ആവിഷ്കരിച്ച പദ്ധതികൾ എൻക്വയറി നം. 4-നുള്ള മറുപടിയിൽ പരാമർശിച്ച സാഹചര്യം നിലനിൽക്കുന്ന പക്ഷം 2020-21ൽ പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം പരിശോധിച്ച് തുടർന്ന് നടപ്പിലാക്കേണ്ടതുണ്ടോയെന്ന് തീരുമാനിച്ചിട്ടുണ്ടോയെന്ന് മറുപടിയിൽ വ്യക്തമല്ല. ഇപ്രകാരം 2020-21-ൽ പദ്ധതികൾ സ്പിൽ ഓവർ ആക്കുകയും എന്നാൽ നടപ്പിലാക്കുകയും ചെയ്യുക വഴി പഞ്ചായത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് ഉപയുക്തമാക്കാമായിരുന്ന ഫണ്ട് ലാപ്സാകുന്നതിന് കാരണമായി.

## 1-38 റോഡ് കണക്ടിവിറ്റി പ്ലാൻ , മാപ്പ് എന്നിവ പൂർണ്ണമല്ല.

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.13 പ്രകാരം ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011-ലെ സ.ഉ(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1 ന് R-Track സംവിധാനം ഉപയോഗിച്ച് ഒന്നാംഘട്ടമായി റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടുണ്ടെന്നും ഇതിന്റെ തുടർച്ചയായി രണ്ടാംഘട്ട പ്രവർത്തനങ്ങൾ 2021-22 സാമ്പത്തികവർഷം തുടർന്ന് വരുന്നതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-39 ടാറിന്റെ വില -ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സർക്കാർ ഉത്തരവ് (സാ.ധാ) 3049/2016, തസ്വഭവ തീയതി.08/11/2016 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കരാറുകാരിലൂടെ നിർവഹിക്കപ്പെടുന്ന ടാറിംഗ് പ്രവൃത്തികളിൽ കരാറുകാർ നിർബന്ധമായും ടാർ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ സ്ഥാപനം കരാറുകാരിലൂടെ നിർവഹിച്ച ചുവടെ പറയുന്ന പ്രവൃത്തിയിൽ

മേൽ നിർദ്ദേശം പാലിച്ചിട്ടില്ല.

| പദ്ധതി നം. | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 131/21 | IOB വടക്കേ വിള കുറുന്താളി റോഡ് റീ ടാറിംഗ് | മെയിന്റനൻസ് ഫണ്ട് 595243 | ബിൽ നം. 2/22.4.2020- 495000 5/22.4.2020-100227 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-40 ഭരണസമിതി തീരുമാനങ്ങളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

താഴെപ്പറയുന്ന ഭരണസമിതി തീരുമാനങ്ങളിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ഓഡിറ്റ് എൻക്വയറി നം.5 മുഖേന ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | തീയതി | തീരുമാനം നം | തീരുമാനം |
|---|---|---|---|
| 1 | 27.04.2020 | 8(2) | തിരുവനന്തപുരം ജില്ലാ ശുചിത്വമിഷൻ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 11.02.2020ലെ 67/D/18/SM(TVM) നം. ഉത്തരവായി അനുവദിച്ച 180000/- രൂപയും പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റായി 28.02.2020-ലെ നമ്പർ ഉത്തരവായി അനുവദിച്ച 789602/- രൂപയും കോവിഡ് 19-ന്റെ ലോക്ഡൌൺ നിമിത്തവും അടിയന്തിരകോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ മൂലവും 31.03.2020-നുള്ളിൽ ചെലവഴിക്കാൻ സാധിക്കാത്തതിനാൽ രണ്ട് തുകയും റീ-അലോട്ട്മെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് തിരുവനന്തപുരം ജില്ലാ ശുചിത്വമിഷൻ അധികൃതരോട് അഭ്യർത്ഥിക്കാൻ തിരുമാനിച്ചു. |
| 2 | 15.05.2020 | 13(1) | ശ്രീ. ഷറഫുദ്ദീൻ.ജെ, മൻസിൽ അൽമുനവ്വറ, കരിമൺകോട് എന്നയാളുടെ ഉടമസ്ഥതയിൽ പാലോട് വില്ലേജിൽ പാണ്ഡ്യൻപാറ വാർഡിൽപെട്ട ഒരു ഏക്കർ 87 സെന്റ് ഭൂമിയിൽ കഴിഞ്ഞ കുറച്ച് വർഷമായി കൃഷി ചെയ്യാൻ സാധിക്കാത്ത വിധം വെള്ളം കയറി കിടക്കുകയാണെന്നും വൃന്ദാവനം കൺവൻഷൻ സെന്ററിന്റെ ഭാഗമായി സമീപത്തുണ്ടായിരുന്ന തോടിന്റെ വീതിയും ആഴവും കുറഞ്ഞതു മൂലം പുരയിടത്തിൽ വെള്ളം കെട്ടിക്കിടക്കുകയാണെന്നും പരാതിപ്പെട്ടിരുന്നു. അടിയന്തിരമായി വൃന്ദാവനം കൺവൻഷൻ സെന്ററിനു സമീപത്തുള്ള തോടിന്റെ ഭാഗങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള എല്ലാ മാലിന്യങ്ങളും നീക്കം ചെയ്യാനും ടി തോടിന്റെ ഉൾവശം കോൺക്രീറ്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയത് നീക്കം ചെയ്യാൻ വൃന്ദാവനം കൺവെൻഷൻ സെന്റർ അധികൃതരോട് നിർദ്ദേശം നൽകാനും ടി തോട് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണ പ്രവർത്തനം നടത്താനും തീരുമാനിച്ചു. |
| 3 | 01.06.2020 | 35(1) | വട്ടപ്പൻകാട് സ്ഥിതിചെയ്യുന്ന പഞ്ചായത്ത് വക കമ്മ്യൂണിറ്റി ഹാൾ ചുറ്റമതിൽ കെട്ടിടം നവീകരിക്കുന്നതിനായി വാമനപുരം ബ്ലോക്ക് പഞ്ചായത്ത് 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 1500000/-രൂപ വകയിരുത്തി പ്രോജക്ട് വച്ചിട്ടുണ്ട്. ടി പദ്ധതിയുടെ നിർവ്വഹണത്തിനായി വസ്തു അളന്ന് തിട്ടപ്പെടുത്തിയപ്പോൾ 4 3/4സെന്റ് സ്ഥലം മാത്രമുള്ളതായി ബോധ്യപ്പെടുകയും ടി പ്രവൃത്തി നിർത്തി വയ്ക്കുകയുമുണ്ടായി. ഏകദേശം 30 വർഷങ്ങൾക്കു മുൻപ് ഏഴ് സെന്റ് ഭൂമി സ്വകാര്യ വ്യക്തി ദാനമായി തന്ന സ്ഥലത്താണ് ടി കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. കാലപ്പഴക്കം കൊണ്ട് ടി കെട്ടിടം ജീർണ്ണാവസ്ഥയിലാണ്. അംഗൻവാടി കെട്ടിടം അടക്കം പ്രവർത്തിക്കുന്ന ടി കെട്ടിടം അടിയന്തിരമായി മെയിന്റനൻസ് ചെയ്യാതിരുന്നാൽ കെട്ടിടം നിലം |

| | | | |
|---|---|---|---|
| | | | പതിക്കാൻ സാധ്യതയുണ്ട്. സമീപവാസികൾ പഞ്ചായത്ത് വക ഭൂമി കൈയേറിയിട്ടുണ്ട്. ആയതിനാൽ അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തി ടി കെട്ടിടം സംരക്ഷിക്കുന്നതിനും ടി കെട്ടിടം സ്ഥിതി ചെയ്യുന്ന ഏഴ് സെന്റ് ഭൂമി അളന്ന് കല്ലിട്ടു നൽകണമെന്ന് റവന്യൂ അധികാരികളോടും ഫോറസ്റ്റ് അധികാരികളോടും അഭ്യർത്ഥിക്കാൻ യോഗം ഐകകണ്ഠേന തീരുമാനിച്ചു. |
| 4 | 15.06.2020 | 30(1) | പാലോട് മലയോരഹൈവേ നിർമ്മാണം നടന്നുവരവെ നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ നെയിം ബോർഡ് സ്ഥാപിച്ച ആർച്ച് 19.03.2020-ന് റോഡുപണി കരാർ ഏറ്റെടുത്തവർ ജെ.സി.ബി ഉപയോഗിച്ച് പൂർണ്ണമായും നശിപ്പിച്ചിരുന്നു. 2025-16ൽ പ്രോജക്ട് നം. 237/15-16പ്രകാരം 70885/- രൂപ ചെലവഴിച്ചാണ് ടി ആർച്ച് നിർമ്മാണം നടത്തിയിട്ടുള്ളതെന്നും ടി ആർച്ച് നിലവിൽ ഇരുമ്പെടുത്ത് പൂർണ്ണമായും നശിച്ച് പുല്ലുമൂടി കിടക്കുകയാണെന്നും അതിനാൽ ആർച്ച് അടിയന്തിരമായി പൂർവ്വസ്ഥിതിയിൽ പുനസ്ഥാപിച്ച് നൽകാൻ കരാർ ഏറ്റെടുത്ത സ്ഥാപനത്തിന് നിർദ്ദേശം നൽകാനും അതുവരെ ടി പ്രവൃത്തിയുടെ ബിൽമാറി നൽകരുതെന്നും പി.ഡബ്ല്യു.ഡി അധികൃതരോട് അഭ്യർത്ഥിച്ചു തിരുമാനിച്ചു. |
| 5 | 24.8.2020 | 9(1), 9(2) | തൊഴിലുറപ്പ് പദ്ധതി പ്രകാരം 2017-ൽ നിർമ്മിച്ച കല്ലുസിന്റെ തുക ഇതുവരെയും പലർക്കും ലഭിച്ചിട്ടില്ലായെന്ന പരാതി നിലനിൽക്കുന്നു. ഇതു സംബന്ധിച്ച ശരിയായ മറുപടി തൊഴിലുറപ്പ് പദ്ധതി ആപ്പീസിൽ നിന്ന് ലഭിച്ചിട്ടില്ല. ആയതിനാൽ ഇതിൻമേൽ ഒരു അന്വേഷണ കമ്മീഷനെ രൂപീകരിച്ച് നിജസ്ഥിതി അറിയിക്കുന്നതിന് ആവശ്യപ്പെട്ടിരിക്കുന്നു. സെക്രട്ടറി, അസി. സെക്രട്ടറി, തൊഴിലുറപ്പ് വിഭാഗം അക്രഡിറ്റഡ് എഞ്ചിനീയർ എന്നിവരടങ്ങിയ അന്വേഷണ കമ്മീഷൻ മുൻപാകെ നൽകാനും അന്വേഷണ കമ്മീഷൻ സമയബന്ധിതമായി റിപ്പോർട്ട് നൽകാനും തിരുമാനിച്ചു. |
| 6 | 19.2.2021 | 3(1) | ബഹു ജില്ലാകളക്ടറുടെ നിർദ്ദേശപ്രകാരം 1134223/-രൂപ ചെലവഴിച്ച് ഗ്രീൻ ഓഡിറ്റോറിയത്തിൽ സജ്ജമാക്കിയ കോവിഡ്-19 സി.എഫ്.എൽ.ടി.സി എന്ന സംവിധാനം അനധികൃതമായും പൊളിച്ചുമാറ്റിയത് ക്രമപ്രകാരമല്ലെന്ന് കമ്മിറ്റി വിലയിരുത്തി. മേൽപ്പടി പൊളിച്ചുമാറ്റൽ ക്രമവത്ക്കരിക്കുന്നതിനും നന്ദിയോട് ഗ്രാമപഞ്ചായത്തിൽ സി.എഫ്.എൽ.ടി.സിയ്ക്കുവേണ്ടി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 1134223/- രൂപ തിരികെ നൽകുന്നതിനും സി.എഫ്.എൽ.ടി.സിയുടെ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുന്നതിനും ജില്ലാകളക്ടറോടും നെടുമങ്ങാട് തഹസിൽദാറോട് അഭ്യർത്ഥിച്ചു തീരുമാനിച്ചു. |

മേൽ ഭരണസമിതി തീരുമാനങ്ങളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-41 അംഗനവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തിലെ അംഗനവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഭൗതിക സാഹചര്യം | എണ്ണം |
|---|---|---|
| 1 | ആകെ അങ്കണവാടികളുടെ എണ്ണം | 30 |
| 2 | സ്വന്തം കെട്ടിടമുള്ളവ | 29 |
| 3 | കോൺക്രീറ്റ് കെട്ടിടം | 29 |
| 4 | ഓടിട്ടത് | 1 |
| 5 | കുടിവെള്ള കണക്ഷൻ ഇല്ലാത്തവ | 1 |
| 6 | ബേബി ഫ്രന്റ്ലി ടോയ് ലെറ്റ് ഇല്ലാത്തവ | 29 |

വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 അനുസരിച്ച് ഐ.സി.ഡി.എസ്സിനു കീഴിലുള്ള പദ്ധതികൾക്കായുള്ള കേന്ദ്ര വിഹിതം 2421410/- രൂപ ചെലവഴിക്കാൻ ബാക്കിയുണ്ട്. സർക്കുലർ നമ്പർ 39033/ഡി.സി.2/2010/ത.സ്വ.ഭ.വ തിയതി 3-9-2010ൽ പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശമുണ്ട്. സ്വന്തമായി കെട്ടിടമില്ലാത്ത ഒരു അംഗനവാടിയും കുടിവെള്ള കണക്ഷൻ ഇല്ലാത്ത ഒരു അംഗനവാടിയും ഗ്രാമപഞ്ചായത്തിലുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.6/2022) മറുപടിയായി അറിയിച്ചിട്ടുണ്ട്. അംഗനവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ട പദ്ധതികൾ ഏറ്റെടുക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്.

## 1-42 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-ചെലവഴിച്ച മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമായില്ല. 8250/-രൂപ തടസ്സം ചെയ്യുന്നു.

പദ്ധതി -കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ (112/2021)

അടങ്കൽ -22000(വികസന ഫണ്ട്-ജനറൽ)

-128000(മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം)

ചെലവ് -22000(വികസന ഫണ്ട്-ജനറൽ)

-128000(മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം)

ബിൽ നം -1/24.04.20 തുക-118000/-

-5/29.09.20 തുക-22000/-

-6/29.09.20 തുക-10000/-

നിർവഹണം -മെഡിക്കൽ ഓഫീസർ-പി.എച്ച്.സി.

ട്രഷറി ബിൽ നം 1/27.04.20 പ്രകാരം 118000/-രൂപ മരുന്ന് വാങ്ങുന്നതിനായി മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 109750/-രൂപയ്ക്കുള്ള മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. 8250/-രൂപയുടെ മരുന്ന് ലഭ്യമാകാൻ ഉണ്ട്. മരുന്ന് ലഭ്യമായിട്ടുണ്ടോ/ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16തീയതി: 26.03.2022.) മരുന്ന് ലഭ്യമായി എന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ആയത് സംബന്ധിച്ച രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ 8250/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സം ചെയ്യുന്നു. ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-43 ക്ഷീരസമൃദ്ധി പദ്ധതി -ചെലവ് രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു. 550551/-രൂപ.

| പദ്ധതി നം | 141/2021 | |
|---|---|---|
| അടങ്കൽ-210000 | വികസന ഫണ്ട് ജനറൽ | 700000 |
| | ബ്ലോക്ക് വിഹിതം | 700000 |
| | ജില്ലാ വിഹിതം | 700000 |
| ചെലവ് | വികസന ഫണ്ട് ജനറൽ | 487638 |
| | ബ്ലോക്ക് വിഹിതം | 410493 |
| | ജില്ലാ വിഹിതം | 62913 |
| ബിൽ നം/ചെക്ക് നം | ലഭ്യമാക്കിയില്ല. | |
| നിർവഹണം | ഡയറിഫാം ഇൻസ്പക്ടർ. | |

ഈ പദ്ധതിയ്ക്കായി വികസനഫണ്ട് ജനറൽ, ജില്ലാ പഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിവ യഥാക്രമം 700000/-രൂപ വീതം ആകെ വകയിരുത്തിയാണ് പദ്ധതി ഏറ്റെടുത്തിരിക്കുന്നത്. എന്നാൽ ബ്ലോക്ക് വിഹിതമിനത്തിൽ ചെലവായ 410493/-രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിരിക്കുന്നത്. വികസന ഫണ്ട് ഇനത്തിൽ ചെലവായ 487638/- രൂപയുടെയും ജില്ലാ വിഹിതമിനത്തിൽ ചെലവായ 62913/- രൂപയുടെയും ചെലവ് രേഖകൾ, TR 59(E), ഗുണഭോക്താക്കളുടെ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കുവാൻ താല്പര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവ് ചെയ്ത 550551/-രൂപ തടസ്സം ചെയ്യുന്നു. ചെലവ് രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-44 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല.

2003-ലെ കേരള പഞ്ചായത്ത്‌രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമപഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500/- രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15) മറുപടി ലഭ്യമാക്കിയില്ല.

## 1-45 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ.

പദ്ധതി നം -119/21

അടങ്കൽ -540000 (എസ്.സി.പി)

ചെലവ് -526585

നിർവഹണം -ഹെഡ് മാസ്റ്റർ.

ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

*ഈ പദ്ധതി പ്രകാരം 23 ഗുണഭോക്തോക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

*പട്ടികജാതി വകുപ്പിൽ നിന്നും ഗുണഭോക്താക്കൾക്ക് ആർക്കും ഈ ആനുകൂല്യം മുമ്പ് ലഭ്യമായിട്ടില്ലായെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നൽകിയിട്ടില്ല.

*ലാപ്ടോപ്പുകൾ സ്റ്റോക്കിൽ ചേർത്ത് വിതരണം ചെയ്തതായി രേഖയില്ല.

*ഗുണഭോക്താക്കളിൽ 7 പേർക്ക് പുതിയ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. പിന്നീട് ഈ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് സാധൂകരണം തേടുമെന്ന് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. (കമ്മിറ്റി തീരുമാനം 1/5തീയതി.25.03.22) എന്നാൽ ഈ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് സാധൂകരണം ലഭ്യമായത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല.

*ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമായ അഖിൽ.എസ്.സി, ആതിര.ബി, നവീൻ.കെ.എസ്. എന്നിവരുടെ പേരുകൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടുകാണുന്നില്ല.

നിർവഹണത്തിലെ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.37തീയതി: 31.03.2022.) മറുപടി ലഭ്യമാക്കിയില്ല. സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്.

## 1-46 പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ(മേശ,കസേര) വാങ്ങി നൽകൽ. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| പദ്ധതിയുടെ പേര് | പട്ടികവർഗ വിദ്യാർത്ഥികൾക്ക് മേശ കസേര | പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകൽ. |
|---|---|---|
| പദ്ധതി നം | 237/2021- | 277/2021 |
| അടങ്കൽ | 320000(ടി.എസ്.പി.) | 230000/- |

| | | |
|---|---|---|
| ചെലവ് | 316720/- | 228960/- |
| നിർവഹണം | ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ |

മേൽ സൂചിപ്പിച്ച പദ്ധതികളുടെ നിർവഹണത്തിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

ഗ്രേസ് ഇൻഡസ്ട്രീസ് വെള്ളായണി, നേമം എന്ന സ്ഥാപനത്തിൽ നിന്നും പദ്ധതി നം 237/21-നായി മേശ, കസേര എന്നിവ 74 എണ്ണം വീതവും പദ്ധതി നം 277/21 നായി മേശ, കസേര എന്നിവ 53 എണ്ണം വീതവും വാങ്ങിയിട്ടുണ്ട്. ഇവ സ്റ്റോക്കിൽ ചേർത്ത് സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണമെന്നാണ് പദ്ധതി മാർഗരേഖ സർക്കാർ ഉത്തരവ് (കൈ)നം.22/2018 /ത.സ്വ.ഭ.വ.തീയതി.14.02.2018, ഖണ്ഡിക7.2.7 പ്രകാരം വ്യക്തമാക്കിയിരിക്കുന്നത്. എന്നാൽ ഈ നിബന്ധന ഇവിടെ പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കൂടാതെ പദ്ധതിയുടെ ഗുണഭോക്താക്കൾ എസ്.ടി സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് (കൈ)നം11/2018.ത.സ്വ.ഭ.വ.തീയതി.29.01.2018 ഖണ്ഡിക 6.2.1പ്രകാരം പട്ടികവർഗ ഉപപദ്ധതി വിഹിതം വകമാറ്റി ചെലവഴിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കുന്നു. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്.

## 1-47 മെഡിക്കൽ ഓഫീസർമാർ നിർവഹണം നടത്തിയ മരുന്ന് വാങ്ങൽ പദ്ധതികൾ-മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നില്ല.

മെഡിക്കൽ ഓഫീസർ സി.എച്ച്.സി, മെഡിക്കൽ ഓഫീസർ ഹോമിയോ എന്നീ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ വിവിധ മരുന്ന് വാങ്ങൽ പദ്ധതികളിൽ മരുന്ന് വാങ്ങുന്നതിനായി തുക മുൻകൂർ അനുവദിച്ചിട്ടും സാമ്പത്തിക വർഷത്തിന് ശേഷമാണ് മരുന്നുകൾ പൂർണമായും ലഭ്യമാകുന്നത്. ഓരോ മെഡിക്കൽ ഓഫീസർമാർക്കും ഡിപ്പാർട്ട്മെന്റ് സപ്ലൈക്ക് കാലതാമസം നേരിടുന്നതിനാലാണ് നോൺ-അവയബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മരുന്നുകൾ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നത്. എന്നാൽ ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ളവ ലഭ്യമാകാനുള്ള കാലതാമസം ഒരു പ്രവണതയായി തുടരുന്നു. വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ പേര് | മരുന്ന് വാങ്ങാൻ നൽകിയ തുകയുടെ വിവരം/ തുക കൈപ്പറ്റിയ സ്ഥാപനത്തിന്റെ വിവരം. | കാലതാമസം വന്ന് ലഭ്യമായ മരുന്നിന്റെ വിവരം | |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | പദ്ധതി നം 20/21 പാലിയേറ്റീവ് കെയർ. | ഇൻ ഡ്രഗ് ഹൗസ് ഇൻ എന്ന സ്ഥാപനത്തിൽ 400000/-രൂപ നൽകി. (ബിൽ നം.2.തീയതി.12.08.2020) | ഇൻവോയ്സ്.നം.തീയതി | ലഭ്യമായ മരുന്ന്.തുക |
| | | | C.2550/08.05.21 | 908/- |
| | | | C29420/14.03.22 | 10376/- |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | പദ്ധതി നം 21/21 ജീവിതശൈലീ രോഗങ്ങൾക്ക് മരുന്ന് വിതരണം. | എൻ.സി.ഡി.ഡ്രഗ്സ് & ഇൻസ്ട്രുമെൻസിന് 400000/-രൂപ നൽകി. (ബിൽ നം 3.തീയതി.12.08.2020) | ഇൻവോയ്സ്.നം.തീയതി | ലഭ്യമായ മരുന്ന്.തുക |
| | | | C.6247/30.06.21 | 7704/- |
| | | | C.2526/08.05.21 | 20440/- |
| | | | C.2525/08.05.21 | 64816/- |
| മെഡിക്കൽ ഓഫീസർ ഹോമിയോ | പദ്ധതി നം 42/21 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ.. | ഹോംകോ, പാതിരപ്പള്ളി, ആലപ്പുഴ എന്ന സ്ഥാപനത്തിന് 500000/- രൂപ നൽകി. (ബിൽ നം 1.തീയതി.05.06.2020) | ഇൻവോയ്സ്.നം.തീയതി | ലഭ്യമായ മരുന്ന്.തുക |
| | | | LF.124/06.05.21 | 65916 |
| | | | LF.1472/13.10.21 | 217084 |

ഈ വിഷയത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു. ഈ വിഷയം ഓഡിറ്റ് എൻക്വയറി നം.16, തീയതി: 26.03.2022-ലൂടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## 1-48 അംഗനവാടി പോഷകാഹാരം പദ്ധതികൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ.

ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കേണ്ട അനിവാര്യപദ്ധതിയായ അംഗനവാടി പോഷകാഹാരം പദ്ധതിയിനത്തിൽ തൻവർഷം മൂന്ന് പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | അംഗനവാടി പോഷകാഹാരം-ജനറൽ | അംഗനവാടി പോഷകാഹാരം-എസ്.സി.പി. | അംഗനവാടി പോഷകാഹാരം-ടി.എസ്.പി |
|---|---|---|---|
| പദ്ധതി നം | 62/2021 | 65/2021 | 67/2021 |
| അടങ്കൽ | 800000 | 500000 | 400000 |
| ചെലവ് | 799671 | 480380 | 388015 |
| നിർവഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

മേൽ സൂചിപ്പിച്ച പദ്ധതികൾക്കായി ആവശ്യമുള്ള ഭക്ഷണ വസ്തുക്കൾ നീതി സ്റ്റോർ (സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നന്ദിയോട് ) നിന്നും THRS കൈരളി ന്യൂട്രിമിക്സ് മംഗലക്കൽ, യുവശക്തി യുവശ്രീ ന്യൂട്രിമിക്സ് കാഞ്ചിക്കോട് കളമച്ചൽ എന്നീ സ്ഥാപനങ്ങളിൽ നിന്നുമാണ് വാങ്ങിയിരിക്കുന്നത്. ഈ സാധനങ്ങൾ എത്തിച്ചതിന്റെ ട്രാൻസ്പോർട്ടേഷൻ ചാർജ് ഇതേ സ്ഥാപനങ്ങളുടെ ബില്ലിന് ഒപ്പം നൽകിയിരിക്കുന്നു. സാധനങ്ങൾ എത്തിക്കുന്നതിന് ഡ്രൈവർമാരിൽ നിന്നും ലഭ്യമായ ക്വട്ടേഷൻ, കരാർ എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി.നം.08, തീയതി: 25.03.2022.) കൈരളി ന്യൂട്രിമിക്സിൽ നിന്നും സാധനങ്ങൾ ഇറക്കുന്നതിന് ലഭ്യമായ ക്വട്ടേഷനും ആയതിന് നൽകിയ ഭരണാനുമതിയും ലഭ്യമാക്കി. എന്നാൽ നീതി സ്റ്റോർ (സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നന്ദിയോട് ), യുവശക്തി യുവശ്രീ ന്യൂട്രിമിക്സ് കാഞ്ചിക്കോട് കളമച്ചൽ എന്നീ സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ ഇറക്കുന്നതുമായി ബന്ധപ്പെട്ട ക്വട്ടേഷൻ വിവരങ്ങൾ ലഭ്യമല്ല. ഇതേ സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ എത്തിച്ചതിന്റെ ട്രാൻസ്പോർട്ടേഷൻ ചാർജ് ഇതേ സ്ഥാപനങ്ങളുടെ ബില്ലിന് ഒപ്പം തന്നെയാണ് നൽകിയിരിക്കുന്നത്.

കൂടാതെ സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.12.2010-ലെ ഐ.സി.ഡി.എസ്-ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ ലാബ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ പ്രകാരം ഭക്ഷ്യമിശ്രിതം പരിശോധന നടത്തിയതിന്റെ ലാബ് റിപ്പോർട്ട് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല.

## 1-49 പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രവർത്തനങ്ങൾ കാര്യക്ഷമമാകേണ്ടതുണ്ട്.

സർക്കാർ ഉത്തരവ് (പി) 259 / 2010 / ത.സ്വ.ഭ.വ. 8.11.2010 പ്രകാരമാണ് തദ്ദേശ സ്ഥാപനങ്ങളിലെ എല്ലാ സാധനങ്ങളുടെയും, സേവനങ്ങളുടെയും വാങ്ങൽ നടപടികൾ സ്വീകരിക്കേണ്ടത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിവിധ തരത്തിലുള്ള വാങ്ങലുകൾ ഓരോ വർഷവും നടത്തേണ്ടതായി വരും. അവ പദ്ധതി തയ്യാറാക്കുമ്പോൾ തന്നെ തയ്യാറാക്കുകയും, ആയതിനനുസരിച്ച് പ്രൊക്യൂർമെന്റ് പദ്ധതി തയ്യാറാക്കുകയും വേണം. ഫലപ്രദമായ ബജറ്റ് നടപ്പാക്കലിനും, കാര്യക്ഷമമായ ധനവിനിയോഗം ഉറപ്പാക്കുന്നതിനും പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കേണ്ടത് അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

പ്രൊക്യൂർമെൻറ് കമ്മിറ്റിയുടെ മീറ്റിംഗ് 2020-21 ൽ 3 തവണ ചേർന്നിട്ടുണ്ട് (24-04-2020,04-06-2020,08-06-20). തൻവർഷത്തെ വിവിധ വാങ്ങലുകൾക്കായി തീരുമാനങ്ങൾ എടുത്തിട്ടുണ്ടെങ്കിലും കമ്മിറ്റിയിൽ ചർച്ചയോ തീരുമാനമോ ആകാത്ത വാങ്ങൽ നടപടികളും തൻവർഷം ഉണ്ടായിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 31/21 | മൃഗാശുപത്രിക്ക് അവശ്യ ഉപകരണങ്ങളും സാമഗ്രികളും വാങ്ങൽ | 10000 | 10000 |
| 41/21 | എൽ.ഇ.ഡി ലൈറ്റ് വാങ്ങൽ | 520948. | 519360. |
| 285/21 | പേരയം ആയുർവേദാശുപത്രിയിലേക്ക് ഫർണീച്ചർ വാങ്ങൽ. | 100000 | 30830. |

| | | | |
|---|---|---|---|
| | | | |
| 277/21 | പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകൽ. | 230000 | 228960 |
| 278/21 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകൽ. | 250000 | 246240 |

പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാകേണ്ടതായുണ്ട്.

## 1-50 രജിസ്റ്ററുകളുടെ പരിപാലനം മെച്ചപ്പെടേണ്ടതുണ്ട്.

1.ആസ്തി രജിസ്റ്റർ

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. റോഡ് ആസ്തികൾ, റോഡിതര ആസ്തികൾ എന്നിവ സംബന്ധിക്കുന്ന വിവരങ്ങൾ ഒരോ വർഷവും കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. അസറ്റ് രജിസ്റ്ററിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് 255/2013.ത.സ്വ.ഭ.വ, തീയതി.18.07.2013 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

2. തൊഴിൽ നികുതി രജിസ്റ്റർ.

ഡി.സി.ബി തയ്യാറാക്കിയിട്ടില്ല. ജീവനക്കാരുടെ തൊഴിൽ നികുതി യിനത്തിൽ 1642790/- രൂപയും സ്ഥാപനങ്ങളിലെ തൊഴിൽ നികുതിയിനത്തിൽ 289580/- രൂപയും തൻവർഷം ഡിമാന്റ് ചെയ്തിട്ടുണ്ട്. തൊഴിൽ നികുതി ഒടുക്കവരുത്തുവാൻ ബാധ്യസ്ഥമായ എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ കൃത്യമായി സൂക്ഷിക്കേണ്ടതും രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്

3.ഡി & ഒ ലൈസൻസ്.

അസഹ്യവും ആപത്കരവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ രജിസ്റ്റർ പരിപാലിക്കുന്നതിലും അപാകതയുണ്ട്. തൻവർഷം 210267/- രൂപ ഡിമാന്റ് ചെയ്യുകയും 199567/- രൂപ വരവായി ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഇനത്തിന്റെ ഡി സി ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഇത് വരവ് നഷ്ടത്തിന് ഇടയാക്കിയേക്കാം.

4. വാടക രജിസ്റ്റർ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ, കടമുറികൾ എന്നിവയെ സംബന്ധിക്കുന്ന ഒരു രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതും അത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങളുടെ വാടകയിനത്തിൽ തൻവർഷം 676596/- രൂപാ ഡിമാന്റും 404369/- രൂപാ വരവുമുണ്ട്. എന്നാൽ ഡി.സി.ബി തയ്യാറാക്കിയിട്ടില്ല.

5. മുൻകൂർ രജിസ്റ്റർ

ഫെസ്റ്റിവൽ അസ്വാൻസ് ഇനത്തിൽ തൻവർഷം 110000/- രൂപായും ഒഫിഷ്യൽ പർപ്പസിനായി താല്ക്കാലിക അസ്വാൻസ് ഇനത്തിൽ തൻവർഷം 1589290/- രൂപയും നൽകിയിട്ടുണ്ട്.കൂടാതെ 745004/- രൂപാ തൻവർഷം അസ്വാൻസ് ഇനത്തിൽ ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ ഇതു സംബന്ധിച്ച കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ല. ഈ ഇനങ്ങളിലൊന്നിനം അബ്സ്ട്രാക്ട് തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. G.O (P)നം 419/2011/Fin 4-10-11 പ്രകാരം, മുൻകൂറുകൾ അവ കൈപ്പറ്റി മൂന്ന മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. അതിനാൽ തൻവർഷം അനുവദിച്ച എല്ലാ മുൻകൂറിന്റെയും ക്രമീകരണ വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തി, സാക്ഷ്യപ്പെടുത്തി സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്.

6 റൈറ്റ് ഓഫ് രജിസ്റ്റർ

വസ്തു നികുതി താമസ ഇതരം 258680/- രൂപാ തൻവർഷം റൈറ്റ് ഓഫ് ചെയ്തിട്ടുണ്ട്. ഇത് സംബന്ധിക്കുന്ന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. കൂടാതെ ഇത്രയും തുക ഡിമാന്റിൽ നിന്നും ഒഴിവാക്കിയതിന് ഭരണസമിതി തീരുമാനവും ലഭ്യമാക്കിയില്ല.

7.ഡെപ്പോസിറ്റ് രജിസ്റ്റർ.

ഡെപ്പോസിറ്റ് ഇനങ്ങളിലൊന്നിനം അബ്സ്ട്രാക്ട് തയ്യാറാക്കിയിട്ടില്ല. വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിൽ തൻവർഷം 487854/-രൂപ വരവും 461424/-രൂപയുടെ ക്രമീകരണവും നടന്നിട്ടുണ്ട്. എന്നാൽ ഇവയുടെ ആധികാരികത വ്യക്തമല്ല. ഇവ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8.ക്യാഷ് ബുക്ക്.

കേരള ട്രഷറി കോഡ് വാല്യം I ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിന് വേണ്ടി പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും, TR-7A ഫോറത്തിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. ക്യാഷ് ബുക്കിന്റെ ആദ്യ പേജിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതും എല്ലാ പണമിടപാടുകളും ക്യാഷ് ബുക്കിൽ ചേർക്കേണ്ടതും കൃത്യമായി ക്ലോസ്

ചെയ്യേണ്ടതുമാണ്. ജി.ഒ(പി)നം. 177/2006/ഫിൻ തീയ്യതി.12.04.2006 ലെ ഖണ്ഡിക നമ്പർ 18.3 പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ ടി.ആർ 7എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് – ചെലവ് വിവരം രേഖപ്പെടുത്തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിനായി ഒരു സബ്സിഡിയറി രജിസ്റ്ററും സൂക്ഷിക്കുകയും വേണം. എന്നാൽ ഐ.സി.ഡി.എസ്.സൂപ്പർവൈസർ, കൃഷി ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനീയർ, എന്നീ നിർവഹണോദ്യോഗസ്ഥർ ടി.ആർ 7എ ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം ചാപ്റ്റർII ആർട്ടിക്കിൾ 8ൽ എല്ലാ സാമ്പത്തിക ഇടപാടുകൾക്കും കൃത്യമായ അക്കൌണ്ട് സൂക്ഷിക്കേണ്ടതു സംബന്ധിച്ചും, ആർട്ടിക്കിൾ 102ൽ ആയതിനു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടത് സംബന്ധിച്ചും, കേരള ട്രഷറി കോഡ് വാല്യംI ചട്ടം 92(a) (I)മുതൽ(vi) വരെ ക്യാഷ് ബുക്ക് പരിപാലിക്കേണ്ട രീതി സംബന്ധിച്ചും വ്യക്തമായ നിർദ്ദേശം നല്കിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിലെ നിർവഹണോദ്യോഗസ്ഥരായ ഹെഡ്മാസ്റ്റർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല. സ്ഥാപനത്തിന്റെ വരവ്-ചെലവ് വിവരങ്ങൾ രേഖപ്പെടുത്തി പരിപാലിക്കേണ്ട അടിസ്ഥാന രേഖയായ ക്യാഷ് ബുക്ക് പരിപാലിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്.

## 1-51 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ (മേശ,കസേര) വാങ്ങി നൽകൽ. പദ്ധതി നിർവഹണത്തിലെ അപാകതകൾ.

| പദ്ധതിയുടെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ കസേര | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകൽ. |
|---|---|---|
| പദ്ധതി നം | 238/21 | 278/21 |
| അടങ്കൽ | 200000(എസ്.സി.പി.) | 250000(എസ്.സി.പി.) |
| ചെലവ് | 171200 | 246240 |
| നിർവഹണം | ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ |

മേൽ സൂചിപ്പിച്ച പദ്ധതികളുടെ നിർവഹണത്തിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

ഗ്രേസ് ഇൻഡസ്ട്രീസ് വെള്ളായണി, നേമം എന്ന സ്ഥാപനത്തിൽ നിന്നും പദ്ധതി നം 238/21 നായി മേശ, കസേര എന്നിവ 36 എണ്ണം വീതവും പദ്ധതി നം 278/21 നായി മേശ, കസേര എന്നിവ 57എണ്ണം വീതവും വാങ്ങിയിട്ടുണ്ട്. ഇവ സ്റ്റോക്കിൽ ചേർത്ത് സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണമെന്നാണ് പദ്ധതി മാർഗരേഖ സർക്കാർ ഉത്തരവ് (കൈ)നം.22/2018 /ത.സ്വ.ഭ.വ.തീയതി.14.02.2018ഖണ്ഡിക7.2.7 പ്രകാരം വ്യക്തമാക്കിയിരിക്കുന്നത്. എന്നാൽ ഈ നിബന്ധന ഇവിടെ പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കൂടാതെ പദ്ധതിയുടെ ഗുണഭോക്താക്കൾ എസ്.സി വിഭാഗത്തിൽ ഉൾപ്പെടുന്നു എന്നതിന്റെ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് (കൈ)നം11/2018. ത.സ്വ.ഭ.വ., തീയതി.29.01.2018 ഖണ്ഡിക 6.1.1 പ്രകാരം പട്ടികജാതി ഉപപദ്ധതി വിഹിതം വകമാറ്റി ചെലവഴിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കുന്നു. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്.

## 1-52 സ്നേഹസ്പർശം-ഗുണഭോക്താക്കൾക്ക് ആനുകൂല്യം ഉറപ്പാക്കാൻ കഴിയുന്നില്ല.

| പദ്ധതി നം | | 70/2021 | |
|---|---|---|---|
| അടങ്കൽ- | | ചെലവ്- | |
| വി.ഫ.ജനറൽ | 541500 | വി.ഫ.ജനറൽ | 0 |
| ജില്ലാ വിഹിതം | 270750 | ജില്ലാ വിഹിതം | 270750 |
| ബ്ലോക്ക് വിഹിതം | 270750 | ബ്ലോക്ക് വിഹിതം | 270750 |
| നിർവഹണം | | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | |

ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

*വികസന ഫണ്ട് 541500/- രൂപയും ജില്ലാ, ബ്ലോക്ക് വിഹിതങ്ങൾ യഥാക്രമം 270750/- രൂപാ വീതവും ഉൾപ്പെടെ ആകെ 1083000/- രൂപാ വകയിരുത്തി ഏറ്റെടുത്ത ഈ പദ്ധതിയുടെ വികസന ഫണ്ട് വിഹിതം ചെലവഴിച്ചിട്ടില്ല.

*ആനുകൂല്യം ലഭിച്ച ഗുണഭോക്താതാക്കളുടെ അപേക്ഷകൾ ലഭ്യമാക്കിയില്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് എന്നത് വ്യക്തമല്ല.

*38 ഗുണഭോക്താക്കൾക്കായി ആവിഷ്കരിച്ച ഈ പദ്ധതിയിൽ 40 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ആയതിനാൽ

ആനുകൂല്യത്തിൽ ആനുപാതികമായ കുറവ് വന്നിട്ടുണ്ട്.

* ഒരു കുട്ടിക്ക് ഒരു സാമ്പത്തിക വർഷം ലഭ്യമാകേണ്ട ആനുകൂല്യം 28500/- രൂപയാണ്. ഇത് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

*29.01.2018ലെ ജി.ഒ. (എം.എസ്) 11/2018/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 5.2.1 (4) പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകുന്ന സ്കോളർഷിപ്പിനും ബത്തയ്ക്കുമുള്ള തുക നിർബന്ധമായും വകയിരുത്തേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. സബ്സിഡി മാർഗ്ഗരേഖ (14.02.2018ലെ സ.ഉ.(എം.എസ്) നം.22/2018/ത.സ്വ.ഭ.വ ഖണ്ഡിക നമ്പർ 7.1.6 പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പ് തുകയുടെ നിരക്കുകൾ നൽകുകയും നിശ്ചിത നിരക്കുകൾ പ്രകാരം സ്കോളർഷിപ്പ് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

*കൂടാതെ സർക്കുലർ നം.ഡി.എ.1/19/2019/ത.സ്വ.ഭ.വ.തീയതി.25.01.2019.പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും എല്ലാമാസവും കൃത്യമായി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം ഇവിടെ പാലിച്ചില്ല. ഈ അപാകതകൾ ഓഡിറ്റ് എൻക്വയറിയിലൂടെ (ഓഡിറ്റ് എൻക്വയറി.നം.09തീയതി: 25.03.2022.) നിർവഹണ ഉദ്യോഗസ്ഥയെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്.

## 1-53 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി. സ്നേഹസ്പർശം പദ്ധതി-ഗുണഭോക്താക്കളെ സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമല്ല. 635050/-രൂപ തടസ്സം ചെയ്യുന്നു.

| പദ്ധതിയുടെ പേര് | മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് |
|---|---|---|
| പദ്ധതി നം | 224/2021 | 223/2021 |
| അടങ്കൽ | 522750 | 165600 |
| ചെലവ് | 522750 | 112300 |
| ബിൽനം | 12/26.08.2020 | 13/26.08.2020 |
| നിർവഹണം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

പദ്ധതി നം 224/21 പ്രകാരം 37 ഗുണഭോക്താക്കൾക്കും പദ്ധതി നം 223/21 പ്രകാരം 13 ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ അപേക്ഷ, ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത മാനദണ്ഡം വ്യക്തമല്ല. അർഹരായ ഗുണഭോക്താക്കൾക്ക് തന്നെയാണോ ആനുകൂല്യം നൽകിയത് എന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 07 തീയതി: 25.03.2022 ന് മറുപടി ലഭ്യമായില്ല. ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കും വരെ ചെലവ് തുക 635050/-രൂപ തടസ്സം ചെയ്യുന്നു.

## 1-54 ലൈഫ് ഭവന പദ്ധതി- ജനറൽ/എസ്.സി.പി/ടി.എസ്.പി പൂർണമായ ചെലവ് രേഖകൾ ഹാജരാക്കിയില്ല. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

I.ജനറൽ പദ്ധതി

| പദ്ധതി നം | 29/2021 | | 194/2021 | |
|---|---|---|---|---|
| അടങ്കൽ | വികസന ഫണ്ട്-ജനറൽ | 5364904 | ബ്ലോക്ക് വിഹിതം | 8811 |
| ചെലവ് | വികസന ഫണ്ട്-ജനറൽ | 2100000 | ബ്ലോക്ക് വിഹിതം | 0 |
| അടങ്കൽ | ബ്ലോക്ക് വിഹിതം | 5000000 | ജില്ലാ വിഹിതം | 11579661 |
| ചെലവ് | ബ്ലോക്ക് വിഹിതം | 0 | ജില്ലാ വിഹിതം | 8480630 |
| അടങ്കൽ | ജില്ലാ വിഹിതം | 10000000 | | |
| ചെലവ് | ജില്ലാ വിഹിതം | 2160000 | | |

| | | |
|---|---|---|
| ബിൽ നം<br>ജില്ലാ വിഹിതം | 28/16.10.20-920000/-<br>33/30.03.20-1240000/- | വിവിധ ബില്ലുകൾ |
| ബിൽ നം<br>വികസന ഫണ്ട്-ജനറൽ | 19/15.07.20-1360000/-<br>20/15.07.20-740000/- | 0 |

Ii.എസ്.സി.പി.

| പദ്ധതി നം | 193/2021 | | 286/2021 | |
|---|---|---|---|---|
| അടങ്കൽ | എസ്.സി.പി. | 267504 | എസ്.സി.പി. | 817456 |
| ചെലവ് | എസ്.സി.പി. | 220000 | എസ്.സി.പി. | 340000 |
| അടങ്കൽ | ബ്ലോക്ക് വിഹിതം | 397266 | ബ്ലോക്ക് വിഹിതം | 5000000 |
| ചെലവ് | ബ്ലോക്ക് വിഹിതം | 0 | ബ്ലോക്ക് വിഹിതം | 0 |
| അടങ്കൽ | ജില്ലാ വിഹിതം | 1391267 | ജില്ലാ വിഹിതം | 5000000 |
| ചെലവ് | ജില്ലാ വിഹിതം | 0 | ജില്ലാ വിഹിതം | 0 |
| ബിൽ നം | 21/03.08.20-180000/-<br>22/06.10.20-40000/- | | 31/12.02.21-220000/-<br>26/20.10.20-120000/- | |

Iii.ടി.എസ്.പി.

| പദ്ധതി നം | 239/2021 | | 287/2021 | |
|---|---|---|---|---|
| അടങ്കൽ | ടി.എസ്.പി. | 1637901 | ടി.എസ്.പി. | 406002 |
| ചെലവ് | ടി.എസ്.പി. | 540000 | ടി.എസ്.പി. | 60000 |
| അടങ്കൽ | ബ്ലോക്ക് വിഹിതം | 555556 | ബ്ലോക്ക് വിഹിതം | 5000000 |
| ചെലവ് | ബ്ലോക്ക് വിഹിതം | 0 | ബ്ലോക്ക് വിഹിതം | 0 |
| അടങ്കൽ | ജില്ലാ വിഹിതം | 39419 | ജില്ലാ വിഹിതം | 5000000 |
| ചെലവ് | ജില്ലാ വിഹിതം | 0 | ജില്ലാ വിഹിതം | 160000 |
| ബിൽ നം | 24/06.10.20-300000/-<br>25/20.10.20-80000/-<br>27/09.11.20-160000/- | | 32/29.03.21-160000/-<br>30/12.02.21-60000/- | |

സെക്രട്ടറി നിർവഹണം നടത്തിയ മേൽ സൂചിപ്പിക്കുന്ന ലൈഫ് ഭവന പദ്ധതിയുടെ മുഴവൻ രേഖകളും ഓഡിറ്റിന് പരിശോധിച്ച് കൃത്യത ബോധ്യപ്പെടത്തക്ക വിധത്തിൽ ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റിനായി ലഭ്യമാക്കപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

*ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ പൂർണമായ അപേക്ഷകൾ ലഭ്യമാക്കിയിട്ടില്ല.

*അംഗീകരിക്കപ്പെട്ട ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല.

*തുക പിൻവലിച്ച് ചെലവഴിച്ചതിന്റെ TR.59(e).മാത്രമാണ് ലഭ്യമാക്കിയിരിക്കുന്നത്.

*ഗഡുക്കളായി തുക കൈപ്പറ്റിയത് രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ ലഭ്യമാക്കാത്തതിനാൽ ഓരോ ഗുണഭോക്താക്കളും എത്ര തുക വീതം കൈപ്പറ്റിയെന്നും എത്രപേർ ഭവന നിർമ്മാണം പൂർത്തിയാക്കിയെന്നും വ്യക്തമല്ല.

*ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തുമായി ചമച്ച കരാർ ലഭ്യമല്ല.

ആയതിനാൽ ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം തൻവർഷം ചെലവ് ചെയ്ത മുഴവൻ പദ്ധതികളുടെയും ചെലവ് രേഖകൾ, പൂർണമായ അപേക്ഷകൾ, കരാറുകൾ, രജിസ്റ്ററുകൾ, പൂർത്തീകരണ സ്റ്റേജ് സർട്ടിഫിക്കറ്റുകൾ, മോണിറ്ററിംഗ് റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ച് കൃത്യത ബോധ്യപ്പെടത്തക്ക വിധത്തിൽ ഹാജരാക്കേണ്ടതാണ്.

മേൽ പരാമർശിച്ച മുഴവൻ അപാകതകളും ഓഡിറ്റ് എൻക്വയറി നം 38, 40 എന്നിവയിലൂടെ നിർവഹണ ഉദ്യോഗസ്ഥനെ അറിയിച്ചിട്ടുണ്ട്. എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. അപാകതകൾ പരിഹരിച്ച് ഫയലുകൾ ലഭ്യമാക്കുന്നതിൽ വീഴ്ചവരുത്തുന്ന പക്ഷം മുഴവൻ ചെലവും നിർവഹണോദ്യോഗസ്ഥരുടെ ബാധ്യതയായി നിർണയിച്ച് ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്.

## 1-55 അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ-ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു. 1338400/-.

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ ചുവടെ പറയുന്ന പദ്ധതികളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| പദ്ധതി വിവരം | അടങ്കൽ | ചെലവ്/ബിൽ നം/ചെക്ക് നം. | ലഭ്യമാക്കേണ്ട രേഖകൾ. |
|---|---|---|---|
| നം-146/2021<br>പേര്-പാഥേയം ജനറൽ | 554800/-<br>വികസനഫണ്ട്-ജനറൽ | 554800/-<br>ബിൽ നം-117-തീയതി05/08/2020(എ.സി.ആർ.ബിൽ)<br>തുക ട്രഷറി ബിൽബുക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1.തുക കൈമാറിയ വിവരങ്ങൾ<br>2.വിനിയോഗസാക്ഷ്യ പത്രം |
| നം-229/2021<br>പേര്-വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ | 495900/-<br>വികസനഫണ്ട്-എസ്.സി.പി. | 414048/-<br>ബിൽ നം-17<br>തീ.15/07/2020 | 1.ഗുണഭോക്തൃ ലിസ്റ്റ്<br>2.ഗുണഭോക്താക്കളുടെ അപേക്ഷ,യോഗ്യതാ സർട്ടിഫിക്കറ്റുകൾ.<br>3.വിതരണ രജിസ്റ്റർ. |
| നം-230/2021<br>പേര്-വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ | 108750/-<br>വികസനഫണ്ട്-ടി.എസ്.പി. | 90800/-<br>ബിൽ നം-18<br>തീ.15/07/2020 | 1.ഗുണഭോക്തൃ ലിസ്റ്റ്<br>2.ഗുണഭോക്താക്കളുടെ അപേക്ഷ,യോഗ്യതാ സർട്ടിഫിക്കറ്റുകൾ.<br>3.വിതരണ രജിസ്റ്റർ. |
| നം-241/2021<br>പേര്-ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ. | 375000/-<br>വികസനഫണ്ട്-എസ്.സി.പി | 278752/-<br>ബിൽ നം-29<br>തീ.15/01/2021 | പദ്ധതി ഫയൽ,ചെലവ് രേഖകൾ. |
| | ആകെ | 1338400/- | |

പദ്ധതിയുടെ ചെലവ് രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ആയതിനാൽ ചെലവ് തുക 1338400/-രൂപ തടസ്സപ്പെടുത്തുന്നു. റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം മുഴുവൻ ചെലവ് രേഖകളും കുറ്റമറ്റ രീതിയിൽ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രൊജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 22,കേദാരം നെൽക്കൃഷി വികസനം | 21080 | 21080 | 0 |
| | 117,ക്ഷീര സമൃദ്ധി | 558165 | 540352 | 17813 |
| | 141,ക്ഷീര സമൃദ്ധി | 700000 | 410493 | 289507 |
| | 149,വിശപ്പ് രഹിതകേരളം-ജനകീയഹോട്ടൽ | 50000 | 0 | 50000 |
| | 222,കിണർ റീചാർജിംങ് (ജനറൽ) | 72000 | 0 | 72000 |
| | 14, ന്യൂലൈഫ് (ജനറൽ)ലക്ഷം വീട് നവീകരണം | 1680000 | 1275000 | 405000 |
| | 29,ലൈഫ് -ഭവനപദ്ധതി(ജനറൽ) | 5000000 | 0 | 5000000 |
| | 70,സ്നേഹസ്പർശം-മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 270750 | 270750 | 0 |
| | 156,പഞ്ചായത്ത് സ്റ്റേഡിയം ഓട നവീകരണം | 960000 | 0 | 960000 |

| | | | | |
|---|---|---|---|---|
| | 194,ലൈഫ് - ഭവനപദ്ധതി(ജനറൽ) | 8811 | 0 | 8811 |
| | 15, ന്യൂലൈഫ് (എസ് സി പി)ലക്ഷം വീട് കോളനി വീട് വാസയോഗ്യമാക്കൽ അധിക ധനസഹായം | 280000 | 280000 | 0 |
| | 122,ലക്ഷം വീട് കോളനി വീട് വാസയോഗ്യമാക്കൽ (എസ് സി ) | 480000 | 480000 | 0 |
| | 193,ലൈഫ് - ഭവനപദ്ധതി(എസ് സി പി) | 397266 | 0 | 397266 |
| | 286,ലൈഫ് - ഭവനപദ്ധതി(എസ് സിപി) | 5000000 | 0 | 5000000 |
| | 239,ലൈഫ് - ഭവനപദ്ധതി(ടിഎസ് പി) | 555556 | 0 | 555556 |
| | 287,ലൈഫ് - ഭവനപദ്ധതി(ടിഎസ് പി) | 5000000 | 0 | 5000000 |
| | 183,കടുവാചിറ പ്രമല റോഡ് കോൺക്രീറ്റിംങ് | 500000 | 0 | 500000 |
| ജില്ലാ പഞ്ചായത്ത് ആകെ | 117,ക്ഷീര സമൃദ്ധി | 700000 | 0 | 700000 |
| | 118,ഹരിതഭവനം | 91000 | 91000 | 0 |
| | 141,ക്ഷീര സമൃദ്ധി | 700000 | 62913 | 637087 |
| | 149,വിശപ്പ് രഹിതകേരളം-ജനകീയഹോട്ടൽ | 50000 | 0 | 50000 |
| | 222,കിണർ റീചാർജിംങ് (ജനറൽ) | 108000 | 0 | 108000 |
| | 14, ന്യൂലൈഫ് (ജനറൽ)ലക്ഷം വീട് നവീകരണം | 3360000 | 3220000 | 140000 |
| | 29,ലൈഫ് - ഭവനപദ്ധതി(ജനറൽ) | 10000000 | 2160000 | 7840000 |
| | 70,സ്നേഹസ്പർശം-മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 27050 | 27050 | 0 |
| | 146,പാഥേയം പദ്ധതി (ജനറൽ) | 665760 | 0 | 665760 |
| | 194,ലൈഫ് - ഭവനപദ്ധതി(ജനറൽ) | 11579661 | 8480630 | 3099031 |
| | 224,സ്നേഹസ്പർശം-മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 375 | 0 | 375 |
| | 240,പാഥേയം പദ്ധതി (ജനറൽ) | 432000 | 0 | 432000 |

| | | | |
|---|---|---|---|
| 219,പഞ്ചായത്ത് സിവിൽ സ്റ്റേഷൻ നിർമ്മാണം | 5000000 | 3042053 | 1957947 |
| 15, ന്യൂലൈഫ് (എസ് സി പി)ലക്ഷം വീട് കോളനി വീട് വാസയോഗ്യമാക്കൽ അധിക ധനസഹായം | 560000 | 560000 | 0 |
| 122,ലക്ഷം വീട് കോളനി വീട് വാസയോഗ്യമാക്കൽ (എസ് സി ) | 960000 | 960000 | 0 |
| 193,ലൈഫ് - ഭവനപദ്ധതി(എസ് സി പി) | 1391267 | 0 | 1391267 |
| 286,ലൈഫ് - ഭവനപദ്ധതി(എസ് സിപി) | 5000000 | 0 | 5000000 |
| 239,ലൈഫ് - ഭവനപദ്ധതി(ടിഎസ് പി) | 39419 | 0 | 39419 |
| 287,ലൈഫ് - ഭവനപദ്ധതി(ടിഎസ് പി) | 5000000 | 160000 | 4840000 |

| | 18-19 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 19-20 RP – 7, പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 19-20 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 90250 | 19007346 | 19097596 | 19007346 | 90250 | 90250 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1035330 | 3277675 | 4313005 | 3277675 | 1035330 | 1035330 |
| | | | | 22285021 | 1125580 | 1125580 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയതുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാലൻസ് തുക |
|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | ഓട്ടപാലം മുതൽ പച്ച വരെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (139/21) | 268000 | 0 | 268000 |
| | ആകെ | 268000 | 0 | 268000 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | പേരയം ആയുർവേദഡിസ്പെൻസറിയിലെ കുഴൽകിണർനിർമ്മാണം(247/21) | 66374 | 0 | 66374 |
| | ഇളവെട്ടം എൽ പി സ്കൂളിൽ കുഴൽകിണർനിർമ്മാണം(140/21) | 106714 | 106714 | 0 |
| | പൗവ്വത്തൂർ 48നം അംഗൻവാടി കുഴൽകിണർനിർമ്മാണം(153/21) | 63794 | 63794 | 0 |
| | ആകെ | 236882 | 170508 | 66374 |

| | 2019-20 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2020-21വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | നീക്കിയിരിപ്പ് | 2020-21 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | 598000 | 268000 | 866000 | 0 | 866000 | 866000 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 0 | 236882 | 236882 | 170508 | 66374** | 0 |
| കെ.എസ്.ഇ.ബി | 255071 | 27932* | 283003 | 0 | 283003 | 283003 |

*പ്രസ്തുത ചെലവ് ഏത് പദ്ധതിയുമായി ബന്ധപ്പെട്ടതെന്ന് വ്യക്തമല്ല. പ്രസ്തുത ചെലവ് സെക്രട്ടറിയുടെ എക്സ്പെൻറ്റീച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

** പ്രസ്തുത ചെലവ് ആർ.പി യിലും നീക്കിയിരിപ്പ് ബാലൻസ് ഷീറ്റിലും ഉൾപ്പെട്ടിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പ വിവരം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം അടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കോ ഓപറേറ്റീവ് ബാങ്ക് | 1772554 | - | 1200000 | 572554 |
| KURDFC | 103673530 | 3520000 | 8185531 | 99007999 |

വായ്പയുമായി ബന്ധപ്പെട്ട് വാർഷിക ധനകാര്യ പത്രിയിൽ നിന്നും ലഭ്യമായ വിവരങ്ങളാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്. പ്രസ്തുത തുകകളുടെ ആധികാരികത പരിശോധിക്കുന്നതിനുള്ള രേഖൾ ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ ലോൺ രജിസ്റ്ററിൽ 2020-21 ലെ KURDFC വായ്പയുടെ രേഖപ്പടുത്തലുകൾ വരുത്തിയിട്ടില്ല. കോ ഓപറേറ്റീവ് ബാങ്ക് ലോണിന്റെ ലോൺ രജിസ്റ്ററിലെ തുകകളും വാർഷിക ധനകാര്യ പത്രിയിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2009-10 | 3-1 | 2011-12 | പച്ച നീന്തൽക്കുളത്തിന്റെ കറന്റ് ചാർജ് ഒടുക്കിയത് സംബന്ധിച്ച് | പരാമർശങ്ങളിൽ സ്വീകരിച്ച തുടർനടപടി ഇവയുടെ നിലവിലെ അവസ്ഥ എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 2009-10 | 3-7 | 2011-12 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ചെലവഴിച്ച 196000/-രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. | |

| | | | | |
|---|---|---|---|---|
| | | | | |
| 2009-10 | 3-10 | 2011-12 | നന്ദിയോട് മാർക്കറ്റ് ഡമ്പിംഗ് യാർഡും മണ്ണിര കമ്പോസ്റ്റും പദ്ധതി പാഴ്ച്ചെലവ് | |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം.

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം.

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 19143844/- |
| ഓഡിറ്റ് വർഷത്തെ വരവ് | 106249949/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 114052213/- |
| നീക്കിയിരിപ്പ് | 11341580/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3684574/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 66374/- | ശ്രീ.എസ്.മനോജ്-സെക്രട്ടറി. |
| 1-21 | 344684 | ശ്രീ.എസ്.മനോജ്-സെക്രട്ടറി. |
| 1-22 | 268000 | ശ്രീ.എസ്.മനോജ്-സെക്രട്ടറി. |
| 1-23 | 473265 | ശ്രീ.റഫീക്ക്.ആർ.സെക്രട്ടറി. |
| 1-42 | 8250 | ഡോ.ശ്രീജിത്.എൽ.കെ-മെഡിക്കൽ ഓഫീസർ.പി.എച്ച്.സി |
| 1-43 | 550551 | ശ്രീ.ശ്രീകമാർ.എ.എസ്സ്-ഡയറി ഫാം ഇൻസ്ട്രക്ടർ. |
| 1-53 | 635050 | ശ്രീമതി.ജയശ്രീ.എം.എൻ-ഐ.സി.ഡി.എസ്.സൂപ്പർവൈസർ. |

| | | | |
|---|---|---|---|
| 1-55 | 1338400 | 1059648 | ശ്രീ.കെ.ഹുസൈൻ.അസി.സെക്രട്ടറി. |
| | | 278752 | ശ്രീമതി.സുചിത്ര.എൽ.മുരളി.അസി.സെക്രട്ടറി. |
| ആകെ | | 3684574/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല. |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | മേൽവിലാസം |
|---|---|
| ശ്രീ.എസ്.മനോജ്-സെക്രട്ടറി. | പാറക്കൽ വീട്, ചാമവിള, ആറാംകല്ല്, കരകുളം |
| ശ്രീ.റഫീക്ക്.ആർ, സെക്രട്ടറി. | അൽഫജൽ, ഗുരുകുലം, പേരൂർക്കട. |
| ഡോ.ശ്രീജിത്.എൽ.കെ-മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ശ്രീനിലയം, കരിനടക്കട, വട്ടാരം, നെയ്യാറ്റിൻകര |
| ശ്രീ.ശ്രീകുമാർ.എ.എസ്സ്-ഡയറി ഫാം ഇൻസ്പെക്ടർ. | ടി.സി.58/538/ കാർത്തിക, തിരുവല്ലം.പി.ഒ, തിരുവനന്തപുരം. |
| ശ്രീമതി.ജയശ്രീ.എം.എൻ-ഐ.സി.ഡി.എസ്.സൂപ്പർവൈസർ. | മേലേ പുത്തൻവീട് ടി.സി.6.2242(15)വി.എൻ.ആർ.എ.131(1)ഇടവിളാകം ലെയ്ൻ വട്ടിയൂർക്കാവ്.പി.ഒ |
| ശ്രീ.കെ.ഹുസൈൻ, അസി.സെക്രട്ടറി. | |
| ശ്രീമതി.സുചിത്ര.എൽ.മുരളി, അസി.സെക്രട്ടറി. | ടി.സി.30/518(8)ശ്രീധമം കാവല്ലൂർ ലെയ്ൻ കാഞ്ഞിരംപാറ.പി.ഒ.തിരുവനന്തപുരം. |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-00 | കെ.എസ്.എ .ടി.വി.എം.ജി.പി.-10/873/18, തീയതി.20.06.2018 | 5 | |
| 2002-03 | കെ.എസ്.എ .ടി.വി.എം.ജി.പി.-10/873/18, തീയതി.20.06.2018 | 5 | |

| | | | |
|---|---|---|---|
| 2003-04 | കെ.എസ്.എ .ടി.വി.എം.ജി.പി.-10/873/18, തീയതി.20.06.2018 | 7 | |
| 2004-05 | കെ.എസ്.എ .ടി.വി.എം.ജി.പി.-10/873/18, തീയതി.20.06.2018 | 2 | |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/565/09, തീ.25.6.2014 | 16 | |
| 2006-07 | നം.എൽ.എറ്റി.ഡി.ജി.പി.10/1077/14, തീ.21.102014 | 9 | |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/425/10, തീ.25.6.2014 | 24 | |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/1230/14, തീ.20/10/.14 | 9 | |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/1229/14, തീ.11.8.2014 | 13 | |
| 2010-11 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/98/14, തീ.11.12.2014 | 17 | |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/1751/14, തീ.7.8.2014 | 10 | |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/202/2015, തീ.8.2.2016 | 9 | |
| 2013-14 | എൽ.എഫ്..റ്റി.വി.എം.ജി.പി.10/11/17, തീ.2.12.2017 | 2 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1366/16, തീ. 3.8.2016 | 14 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1003/17, തീ. 4.9.2018 | 2 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/175/16, തീ. 3.3.2016 | 6 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/474/2019, തീ. 01.01.2021 | 29 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/2180/2019, തീ. 16.12.2020 | 13 | |
| 2019-20 | | | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്